## അദ്ധ്യായം മുപ്പത്തിരണ്ട്

# ആത്മിക പോരാട്ടത്തെക്കുറിച്ചുള്ള ആധുനിക കാഴ്ചപ്പാടുകൾ- ഭാഗം 2

**(Modern Myths About Spiritual Warfare - Part 2)**

സാത്താനേയും ആത്മികപോരാട്ടത്തേയും കുറിച്ചുള്ള തെറ്റായ പഠിപ്പിക്കലിനെക്കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പരാമർശിച്ചിരിക്കുന്നത്. ആത്മിക പോരാട്ടത്തെക്കുറിച്ച് വചനം എന്തു പറയുന്നു. ആ വചനത്തെ എങ്ങനെ ഓരോ വിശ്വാസിയും പ്രായോഗികമാക്കണം എന്ന് നമുക്ക് നോക്കാം.

## കാഴ്ച്ചപ്പാട് 5: ആത്മിക പോരാട്ടത്തിലൂടെ അന്തരീക്ഷമണ്ഡലത്തിലെ സാത്താന്റെ കോട്ടകളെ നമുക്ക് തകർക്കാം

**(Myth 5: "We Can Pull Down Demonic Strongholds in the atmosphere through Spiritual Warfare")**

വചനപ്രകാരം, ഭൂമിയുടെ അന്തരീക്ഷമണ്ഡലത്തിലുള്ള അന്ധകാര ശക്തിയുടെ ഭരണാധികാരി സാത്താനാണ്.ഈ അന്ധകാരശക്തികൾ സാത്താനെ സഹായിക്കുന്നു. അന്ധകാരശക്തികൾക്ക് വാഴുവാൻ ഓരോ പ്രദേശങ്ങൾ ഉ്. ഭൂമണ്ഡലത്തിന്റെ നിശ്ചിതപ്രദേശങ്ങൾ അന്ധകാരശക്തികളുടെ വ്യാപാരകേന്ദ്രങ്ങളാണെന്ന് വേദപുസ്തകം തെളിവുകൾ തരുന്നു (ദാനി 10: 20-21; മർക്കോ: 5:9-10). അന്ധകാരശക്തികളോടു എതിർത്തുനില്ക്കേത് ദൈവമക്കളുടെ ഉത്തരവാദിത്തമാണ്; എന്നാൽ അവയെ ഓടിച്ചുകളയേത് അവരുടെ അധികാരമാണ് (മർക്കോ 16:17; യാക്കോ 4:7, 1 പത്രോ 5:8-9) പട്ടണങ്ങളിലെ അന്ധകാരശക്തികളെ തകർക്കുവാൻ വിശ്വാസികൾക്കു കഴിയുമോ? ഇതിനുള്ള ഉത്തരം ഇല്ല എന്നാണ്, അതിന് വേി ചിലവിടുന്ന സമയം വ്യഥാവായിപ്പോകും.

മനുഷ്യനിൽ വ്യാപരിക്കുന്ന അന്ധകാരശക്തിയെ നമുക്ക് ഓടിച്ചുകളയാം, എന്നാൽ ദേശത്തിന്റെമേൽ വ്യാപിച്ചിരിക്കുന്ന അന്ധകാരശക്തിയെ നമുക്ക് തകർത്തുകളയാമെന്ന് വിചാരിക്കരുത്. ഭൂതബാധിതരെ സൗഖ്യമാക്കി ഭൂതത്തെ മനുഷ്യരിൽനിന്നും ഓടിച്ചുകളഞ്ഞതിന് അനവധി ഉദാഹരണങ്ങൾ സുവിശേഷത്തിലും, അപ്പോസ്തലപ്രവർത്തികളിലും നമുക്ക് കാണാം, എന്നാൽ ദേശത്തിനുമേലോ, പ്രത്യേകപട്ടണത്തിനുമേലോ വ്യാപരിച്ചിരുന്ന അന്ധകാരശക്തിയെ നീക്കിക്കളഞ്ഞതായി വചനത്തിൽ ഒരു ഉദാഹരണംപോലും ഇല്ല. അന്തരീക്ഷത്തിൽ വ്യാപരിച്ചിരിക്കുന്ന ദുർശക്തികളെ തകർക്കണമെന്ന് ലേഖനഭാഗങ്ങളിൽ നിർദ്ദേശിക്കപ്പെട്ടിട്ടുോ? ഇല്ല.

ഇതിൽനിന്നും അന്തരീക്ഷത്തിലെ ദുർവ്യാപാരങ്ങളെ ആത്മികപോരാട്ടത്തിലൂടെ കീഴ്പ്പെടുത്തണമെന്ന് വചനം നമ്മെ ഉത്ബോധിപ്പിക്കുന്നില്ല എന്നു മനസ്സിലാക്കാം.

## ദൃഷ്ടാന്തങ്ങളെ അവഗണിക്കുന്നു
## (Pushing Parables Too Far)

ആലങ്കാരിക ഭാഷയിൽ എഴുതപ്പെട്ടിരിക്കുന്ന വചനഭാഗങ്ങൾക്ക് ദൈവം ആഗ്രഹിക്കാത്ത ആഴത്തിലുള്ള അർത്ഥം കല്പിക്കുക എന്നത് വിശ്വാസികളുടെ ഇടയിൽ കുവരുന്ന ഒരു വലിയ തെറ്റാണ്. ഉദാഹരണത്തിന് കോട്ടകളെ തകർക്കുക എന്ന പൗലോസിന്റെ ആലങ്കാരിക പദപ്രയോഗത്തെ പലവിധത്തിൽ വളച്ചൊടിച്ചു വ്യാഖ്യാനിച്ചിട്ട്.

ഞങ്ങൾ ജഡത്തിൽ സഞ്ചരിക്കുന്നവർ എങ്കിലും ജഡപ്രകാരം പോരാടുന്നില്ല. ഞങ്ങളുടെ പോരിന്റെ ആയുധങ്ങളോ ജഡികങ്ങൾ അല്ല, കോട്ടകളെ ഇടിപ്പാൻ ദൈവസന്നിധിയിൽ ശക്തിയുള്ളവതന്നെ. അവയാൽ ഞങ്ങൾ സങ്കല്പങ്ങളും ദൈവത്തിന്റെ പരിജ്ഞാനത്തിനും വിരോധമായി പൊങ്ങുന്ന എല്ലാ ഉയർച്ചയും ഇടിച്ചുകളഞ്ഞ്, ഏതു വിചാരത്തെയും ക്രിസ്തുവിനോടുള്ള അനുസരണത്തിന്നായിട്ടു പിടച്ചടക്കി, നിങ്ങളുടെ അനുസരണം തികഞ്ഞുവരുമ്പോൾ എല്ലാ അനുസരണക്കേടിന്നും പ്രതികാരം ചെയ്യുവാൻ ഒരുങ്ങിയുമിരിക്കുന്നു (2 കൊരി 10:3-6).

കിംഗ്സ് ജയിംസ് ബൈബിളിൽ കോട്ടകളെ കതർക്കുക എന്നത് നിക്ഷേപങ്ങളെ നശിപ്പിക്കുക എന്നാണ് ഉപയോഗിച്ചിരിക്കുന്നത്. ഈ വാക്യം തന്നെ ആത്മിക പോരാട്ടം എന്ന ആശയത്തിന് വ്യത്യസ്തമായ ഒരു വേദശാസ്ത്ര വീക്ഷണം നൽകിയിരിക്കുകയാണ്. അന്തരീക്ഷത്തിലെ അന്ധകാര ശക്തിക്കെതിരെയുള്ള വെല്ലുവിളിയായി ഈ വാക്യത്തെ വ്യാഖ്യാനിക്കുമ്പോൾ ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിൾ പൗലോസിന്റെ ഈ വാക്യത്തിന് കൊടുത്തിരിക്കുന്ന യഥാർത്ഥ അർത്ഥം ശ്രദ്ധിക്കുക. പൗലോസ് പറഞ്ഞത് അന്തരീക്ഷത്തിലുള്ള ദുരാത്മാക്കളുടെ കോട്ടകൾ തകർക്കുന്നതിനെക്കുറിച്ചല്ല, മനുഷ്യമനസ്സിൽ കുടികൊള്ളുന്ന അന്തവിശ്വാസത്തിന്റെ അതിരുകളെ തകർക്കുന്നതിനെക്കുറിച്ചാണ്. പൗലോസ് തകർത്തത് മനുഷ്യമനസ്സിന്റെ നിക്ഷേപങ്ങളെയാണ് ആകാശത്തിലെ അന്ധകാരശക്തികളെയല്ല.

സന്ദർഭത്തിന് പ്രാധാന്യം നൽകി വായിച്ചാൽ ആശയം വളരെ വ്യക്തമാകും. ദൈവത്തിന്റെ ജ്ഞാനത്തിന് എതിരായി പടുത്തുയർത്തിയിരിക്കുന്ന ഹൃദയത്തിന്റെ നിക്ഷേപങ്ങളെ തകർക്കുവാനാണ് പൗലോസ് ആഹ്വാനം ചെയ്തത്. ക്രിസ്തുവിനെ പൂർണ്ണമായും അനുസരിക്കുന്നതിന് എതിരായി നില്ക്കുന്ന കോട്ടകളെ തകർക്കണം. ദൈവത്തിന്റെ പരിജ്ഞാനത്തിന് എതിരായി പടയോട്ടം നടത്തുന്ന നമ്മുടെ ചിന്തകളോടും ആശയങ്ങളോടുമുള്ള ഒരു തുറന്ന പോരാട്ടത്തെയാണ് പൗലോസ് ആലങ്കാരിക ഭാഷയിൽ അവതരിപ്പിക്കുന്നത്.

പോർക്കളത്തെ ദൃഷ്ടാന്തമായി വച്ചുകൊ്, നാം ഒരു പോർക്കളത്തി ലാണെന്ന് പൗലോസ് പറയുന്നു. സാത്താൻ കള്ളം പറഞ്ഞ് അവിശ്വാസത്തെ നിറച്ചുവച്ചിരിക്കുന്ന വ്യക്തികളുടെ മനസ്സിനോടുള്ള പോരാട്ടത്തിലാണ് നാം. നമ്മുടെ പ്രഥമ ആയുധം സത്യമാണ്. സാത്താൻ പറഞ്ഞകള്ളത്തിനെ തിരെ നാം സത്യമെന്ന ആയുധമാണ് ഉപയോഗിക്കുന്നത്. ഭൂലോകത്തൊ ക്കേയും പോയി സുവിശേഷം പ്രസംഗിച്ച് ബന്ധിതരെ മോചിപ്പിക്കാൻ നാം കല്പിക്കപ്പെട്ടിരിക്കുന്നു. വഞ്ചനയുടെ ചാന്തിൽ ചാലിച്ച ഭോഷ്കിന്റെ കട്ട കൾകൊ് പണിയപ്പെട്ട സാത്താന്റെ കോട്ടകളെ തകർക്കുകയാണ് നമ്മുടെ ലക്ഷ്യം.

## ദൈവത്തിന്റെ സർവ്വായുധവർഗ്ഗം
## (The Whole Armour of God)

തെറ്റായി വ്യാഖ്യാനിക്കപ്പെട്ടിട്ടുള്ള മറ്റൊരു വചനമാണ് എഫേ 6:10 –17. ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കുക എന്ന് നമുക്ക് അവിടെകാ ണാം. ഒരു വിശ്വാസിയുടെ പോരാട്ടം വാഴ്ചകളോടും അധികാരങ്ങളോടുമാ ണെങ്കിലും, പട്ടണങ്ങളുടെമേലുള്ള അന്ധകാരശക്തികളെ തകർക്കുവാൻ പറ ഞ്ഞിട്ടില്ല. ഈ ഭാഗം സൂക്ഷ്മമായി പഠനത്തിന് വിധേയമാക്കിയാൽ, വ്യക്തിപരമായ ജീവിതത്തിലൂടെ ദൈവത്തിന്റെ സത്യമെന്ന വചനം ഉപയോ ഗിച്ച് ഓരോ വിശ്വാസിയും പോരാടണമെന്ന് പൗലോസ് വ്യക്തമാക്കുന്നതായി കാണാം.

ഈ ഭാഗം നാം വായിക്കുമ്പോൾ അവിടെ ഉപയോഗിച്ചിരിക്കുന്ന ആലങ്കാരിക ഭാഷയെ ശ്രദ്ധിക്കേതാണ്. ഓരോ വിശ്വാസിയും തന്റെ ആത്മിക പോരാട്ടത്തിൽ ഭൗതികമായ പരിച ധരിക്കണമെന്നല്ല പറഞ്ഞിരിക്കു ന്നത്. ഇവിടെ പറഞ്ഞിരിക്കുന്ന പരിച ആലങ്കാരികരൂപം ഉള്ള പരിചയാണ്. വചനത്തിന്റെ നിരവധി സത്യങ്ങളെ വെളിവാക്കുന്ന ഈ പരിച അന്ധകാരശ ക്തികൾക്കെതിരെ ഒരു വിശ്വാസി സ്വയം അണിയേതാണ്. ദൈവത്തിന്റെ വചനം അറിഞ്ഞും, വിശ്വസിച്ചും, പ്രവർത്തിച്ചും ക്രിസ്തുവിന്റെ പടയാളികൾ ദൈവത്തിന്റെ സംരക്ഷണ കവചം അണിഞ്ഞിരിക്കുന്നു. എഫേസ്യ ലേഖന ത്തിലുള്ള ഈ വചനം, വാക്യപ്രതിവാക്യമായി ചിന്തിച്ച്, പൗലോസ് ഇതി ലൂടെ നമ്മോടു പങ്കുവെയ്ക്കുന്നത് എന്താണെന്ന് നമുക്ക് നോക്കാം.

## നമ്മുടെ ആത്മികശക്തിയുടെ സ്രോതസ്
## (The Source of Our Spiritual Strength)

ആദ്യമായി, കർത്താവിലും അവന്റെ അമിതബലത്തിലും ശക്തിപ്പെടു വിൻ (എഫേ 6:10). നാം നമ്മുടെ ശക്തി ഉപയോഗിക്കുക എന്നല്ല ദൈവ ത്തിൽനിന്നും ശക്തിനേടുക എന്നാണ്. പൗലോസിന്റെ അടുത്ത പ്രസ്താവന യിൽ ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുവിൻ എന്നു പറയുന്നു (എഫേ 6:11 ബി). ഈ പരിച സംരക്ഷണത്തിനുള്ളതാണ്. പ്രതിരോധത്തിനു

ള്ളതല്ല. കോട്ടകളെ തകർക്കാനല്ല സാത്താന്റെ പദ്ധതികളെ തട ഞ്ഞുനിർത്താനുള്ളതാണ്.

സാത്താന് നമ്മെ ആക്രമിക്കാൻ ചില നീചപദ്ധതികൾ ഉണ്ടെന്നു നാം അറിയണം ദൈവം തന്നിരിക്കുന്ന കവചം സംരക്ഷണത്തിനായി നാം അണി യണം. നാം ആ കവചം ധരിക്കണം.

നമുക്ക് തുടർന്ന് ചിന്തിക്കാം

നമുക്ക് പോരാട്ടം ഉള്ളത് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധി കാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാതിപധികളോടും സ്വർല്ലോക ങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ (എഫേ 6:12).

ഒരു കായിക യുദ്ധത്തെക്കുറിച്ചല്ല പൗലോസ് ഇവിടെ പ്രസ്താവിച്ചി രിക്കുന്നത്, ഓരാത്മീക പോർക്കളത്തിലാണ് നാം ആയിരിക്കുന്നത്. വ്യത്യസ്ത നിലവാരത്തിലുള്ള അന്ധകാരശക്തികളുടെ പദ്ധതികൾക്ക് എതി രായി നാം നിലകൊള്ളുന്നു. ഈ വചനം വായിക്കുന്ന പലരും ഈ ശക്തി കളെ രായി തരം തിരിച്ചു മനസ്സിലാക്കുന്നു. പദവികുറഞ്ഞ അന്ധകാരത്തിന്റെ അധികാരികൾ എന്നും പദവികൂടിയ സ്വർലോകത്തിലെ ദുഷ്ടാത്മസേനകൾ എന്നും തരംതിരിച്ച് മനസ്സിലാക്കുന്നു.

അന്ധകാരത്തോടു നമുക്ക് എങ്ങനെ പോരാടുവാൻ കഴിയും? ഈ ചോദ്യത്തിന് : അന്ധകാരശക്തികൾക്ക് എങ്ങനെ നമ്മെ ആക്രമിക്കുവാൻ കഴിയും? എന്ന ഒരു മറുചോദ്യമാണ് ഉത്തരം. പ്രലോഭനങ്ങൾ, ചിന്തകൾ, നിർദ്ദേശങ്ങൾ, ദൈവവചനത്തേയും, ദൈവിക ഇച്ഛയേയും തകിടം മറിക്കുക ഇത്യാദിയിലുടെ സാത്താന്റെ പ്രാഥമിക ആക്രമണം മനുഷ്യനിൽ ആരംഭിക്കു ന്നു. ദൈവവചനം അറിയുക, വിശ്വസിക്കുക, അനുസരിക്കുക ഇവയാണ് ഈ ആക്രമണത്തെ തടയുവാനുള്ള ഉപാധികൾ.

അതുകൊ് നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ട് ഉറച്ചുനില്പാനും കഴിയേതിന് ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ (എഫേ 6:13).

പൗലോസിന്റെ നിർദ്ദേശം ശ്രദ്ധിക്കുക

സാത്താനോടു എതിർത്തുനില്പാൻ ആയുധവർഗ്ഗം ധരിച്ചുകൊള്ളുക എന്നാണ് പൗലോസിന്റെ ഉപദേശം. സർവ്വായുധവർഗ്ഗം ധരിച്ച് സാത്താനെ ആക്രമിച്ച് അന്തരീക്ഷത്തിൽനിന്ന് തുരത്തുവാനല്ല, ഉറച്ച നില്പിനാണ് വചന ം അരുളിചെയ്യുന്നത്. നമ്മുടെ ലക്ഷ്യം പോരാട്ടമാണ്, പ്രതിരോധമാണ്.

## നമ്മുടെ പ്രഥമ പ്രതിരോധമാണ് സത്യം
## (Truth - Our Primary Defense)

‘‘നിങ്ങളുടെ അരെക്ക് സത്യം കെട്ടിയും’’ (എഫേ 6:14എ)

നമ്മുടെ രക്ഷാകവചത്തെ നിലനിർത്തുന്നത് സത്യമാണ് – എന്താണ് സത്യം? യേശു പിതാവിനോടു പറഞ്ഞു: അങ്ങയുടെ വചനം സത്യമാകുന്നു (യോഹ 17.17) സാത്താന്റെ ഭോഷ്കിനോടു എതിർത്തുനിൽക്കുവാനുള്ള വിശ്വാസിയുടെ ആയുധമാണ് സത്യം. മരുഭൂമിയിൽ യേശുവിനുായ പരീക്ഷ യിൽ സാത്താനെ പരാജയപ്പെടുത്തിയത് വചനത്തിൽ ഇങ്ങനെ എഴുതിയി രിക്കുന്നു , എന്നു പറഞ്ഞ് ആവശ്യമുള്ള വചനങ്ങൾ ഉദ്ധരിച്ചുകൊാണ്. വചനം സത്യമാകുന്നു.

പൗലോസ് തുടരുന്നു: ''നീതി എന്ന കവചം ധരിച്ചും'' (എഫേ 6:14ബി).

വിശ്വാസികൾ എന്ന രീതിയിൽ, രുതരം നീതികളുന്ന് നാം അറി ഞ്ഞിരിക്കണം. ഒന്ന്, ക്രിസ്തുവിനെ ദൈവത്തിന്റെ നീതിയായി നമുക്കുതന്നു (2കൊരി 5:21). പാപത്തെ വഹിച്ചുകൊു കാൽവറിയിൽ മൂന്നാണികളിൽ തൂങ്ങിക്കിടക്കുന്നയേശുവിനെ ഹൃദയത്തിൽ ഏറ്റെടുക്കുമ്പോൾ ഒരുവന് നീതി ലഭിക്കുന്നു. നീതിയുടെ നിറവായി കാൽവറിയിൽ ക്രൂശിതനായ യേശു സാത്താന്റെ അധികാരത്തിൽനിന്നും നമ്മെ വിടുവിച്ചു.

രാമത്, നാം നീതിയോടെ, യേശുവിന്റെ കല്പനകളെ പ്രമാണിച്ച് ജീവിക്കുന്നതിനെയാണ് പൗലോസ് നീതിയുടെ കവചം എന്നു പറഞ്ഞിരിക്കു ന്നത്. യേശുവിനെ അനുസരിക്കുന്നതിലൂടെ നാം സാത്താന് ഇടം കൊടു ക്കാതെ അവനെ പൂർണ്ണമായി ഒഴിവാക്കുന്നു (എഫേ 4: 26–27).

## സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം
## (Firm Footing in Gospel Shoes)

> സമാധാനസുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും (എഫേ 6:15)

സത്യസുവിശേഷത്തെ അറിഞ്ഞ്, വിശ്വസിച്ച് ഉറച്ചുനിന്നാൽ നമുക്ക് ശത്രുവിന് എതിരെ പോരാടാം. റോമൻ പടയാളികൾ ധരിക്കുന്ന ഷൂസിന്റെ അടിയിലുള്ള ആണികൾ അവരെ യുദ്ധക്കളത്തിൽ ഉറച്ചുനിന്ന് പടവെട്ടാൻ സഹായിക്കുന്നു. യേശു നമ്മുടെ കർത്താവായിരിക്കുമ്പോൾ സാത്താനെ തിരെ ഉറച്ചുനില്ക്കുവാൻ നമുക്ക് കഴിയണം.

> എല്ലാറ്റിനും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കേയും കെടുക്കുവാന്ത ക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊും നടപ്പിൻ (എഫേ 6:16).

നമ്മുടെ പ്രതിരോധത്തിന്റെ അവസ്ഥയെ പൗലോസ് വർണ്ണിക്കുന്നത് ശ്രദ്ധിക്കുക. പട്ടണങ്ങളെ അടക്കി വാഴുന്ന സാത്താന്യ ശക്തികളെ തകർക്കുന്നതിനെക്കുറിച്ചല്ല പൗലോസ് പറയുന്നത്, കള്ളനായ സാത്താന്റെ പൊളിവാക്കുകളോട് എതിർത്തുനില്ക്കുവാൻ നമുക്ക് ലഭിച്ചിരിക്കുന്ന വിശ്വാ

സത്തിന്റെ വചനത്തെക്കുറിച്ചാണ് പൗലോസ് സംസാരിക്കുന്നത്. ദൈവം പറഞ്ഞത് വിശ്വസിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുമ്പോൾ ദൈവത്തിന്റെ വചനം ഒരു കവചംപോലെ സാത്താന്റെ പൊളിവാക്കുകളിൽനിന്ന് നമ്മെ രക്ഷിക്കും. സാത്താന്റെ പൊളിവാക്കുകളെ തീയമ്പുകൾ എന്നാണ് പറഞ്ഞിരിക്കുന്നത്.

## ദൈവവചനം - ആത്മികവാളാണ്
## (Our Spiritual Sword - God's Word)

രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ (എഫേ 6:17).

തിരുവചനപ്രകാരം, രക്ഷ എന്നത് സാത്താന്റെ പിടിയിൽനിന്നുള്ള മോചനമാണ്. ദൈവം നമ്മെ അന്ധകാരത്തിൽനിന്നുവിടുവിച്ച്, ദൈവപുത്രന്റെ രാജ്യത്തിലാക്കിയിരിക്കുന്നു (കൊലോ 1:13). സാത്താന്റെ തീയമ്പുകൾ എന്നു വിശേഷിപ്പിക്കപ്പെട്ടിരിക്കുന്ന പൊള്ളവാക്കുകൾ വിശ്വസിക്കാതിരിക്കാൻ നമ്മുടെ മനസ്സിനെ ദൈവത്തിന്റെ വചനം ഒരു ശിരസ്ത്രം പോലെ സംരക്ഷിക്കുന്നു. നമ്മുടെ യജമാനൻ യേശുവാണ്, സാത്താനല്ല.

ആത്മാവിന്റെ വാൾ ധരിക്കുക. ആലങ്കാരികഭാഷയിൽ പൗലോസ് ദൈവവചനത്തെയാണ് ആത്മാവിന്റെ വാൾ എന്നു പറഞ്ഞിരിക്കുന്നത്. ഒരു ആത്മിക പോരാളി എന്നതിന്റെ ശക്തമായ പ്രതീകമാണ് യേശുക്രിസ്തു. ആത്മാവിന്റെ വാളാകുന്ന ദൈവത്തിന്റെ വചനം സാത്താന്റെ പൊളിവാക്കുകൾക്കുനേരെ കരുത്തോടെ പ്രയോഗിക്കുന്ന ശക്തനായ ഒരു പോരാളിയെ നമുക്ക് യേശുവിൽകാണാം.  യേശുവിനെ പരീക്ഷിക്കാൻ വന്ന സാത്താന്റെ വാഗ്ദത്തങ്ങളെ ഉരുളയ്ക്ക് ഉപ്പേരി എന്നപോലെ യേശു ഉത്തരം നൽകി അവനെ നിശബ്ദനാക്കി. ആത്മികപോരാട്ടത്തിൽ സാത്താനെ പരാജയപ്പെടുത്താൻ നാമും ദൈവവചനം അറിയുകയും വിശ്വസിക്കുകയും വേണം. വചനം ഇല്ലായെങ്കിൽ അവന്റെ പൊളിവാക്കുകളിൽ നാം വീണുപോകും.

ആത്മാവിന്റെ വാൾ - അതാണ് യേശു പ്രതിരോധത്തിന് ഉപയോഗിച്ചത്. കവചം പ്രതിരോധത്തിനും വാൾ ആക്രമണത്തിനും ഉള്ളതാണ്. പൗലോസ് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഒരു വാദമുഖം ഉയർന്നിട്ടു് അതായത് എഫേ 6:10-12 വരെയുള്ള വാക്യപ്രകാരം, അന്തരീക്ഷത്തിലെ അന്ധകാരശക്തികളുടെ കോട്ടകളെ തകർക്കേത് നമ്മുടെ കർത്തവ്യമാണെന്ന് പരക്കെ ഒരു ധാരണയു്.

വിശ്വാസികൾ കവചം ധരിക്കുന്നതെന്തിനാണ് എന്ന ചേദ്യത്തിന് ഉത്തരമായി പൗലോസ് പറയുന്നത്, ഇത് സാത്താന് എതിരായുള്ള വിശ്വാസിയുടെ പ്രതിരോധകവചമാണ്. വാള് പ്രതിരോധത്തിനും, ആക്രമണത്തിനും ഉള്ള ആയുധമാണ്, ഇത് എതിരാളിയുടെ വാളിനെ തടയുന്നതോടൊപ്പം അവനെവെട്ടാനും ഉപയോഗിക്കാം.

## ശക്തനെ ബന്ധിക്കുവാൻ യേശുപറഞ്ഞിട്ടില്ലേ?
## (But Didn't Jesus Instruct Us to "Bind the Strong Man"?)

ശക്തനെ ബന്ധിക്കുന്നതിനെക്കുറിച്ച് യേശു മൂന്നുപ്രാവശ്യം പറഞ്ഞിട്ടു് എന്ന് വചനം പറയുന്നു. ആ മൂന്നിൽ ഒരു പ്രാവശ്യം, ശക്തനെ ബന്ധിക്കുവാൻ പരിശീലിക്കണമെന്ന് യേശു തന്റെ അനുയായികളോടുപറഞ്ഞിട്ടില്ലേ? യേശു പറഞ്ഞത് എന്താണെന്നും ആ സന്ദർഭത്തെക്കുറിച്ചും നമുക്ക് നോക്കാം.

സാത്താൻ തന്നോടുതന്നെ എതിർത്തു ഛിദ്രിച്ചു എങ്കിൽ അവന്നു നിലനില്പാൻ കഴികയില്ല. അവന്റെ അവസാനം വന്നു. ബലവാനെ പിടിച്ചു കെട്ടീട്ടല്ലാതെ അവന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പു കവർന്നുകളവാൻ ആർക്കും കഴികയില്ല; പിടിച്ചു കെട്ടിയാൽ പിന്നെ അവന്റെ വീടു കവർച്ച ചെയ്യാം. മനുഷ്യരോടു സകലദൂഷണങ്ങളും ക്ഷമിക്കും; പരിശുദ്ധാത്മാവിന്റെ നേരെ ദൂഷണം പറയുന്നവനോ ഒരുനാളും ക്ഷമകിട്ടാതെ നിത്യശിക്ഷക്കു യോഗ്യനാകും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. (മർക്കോ 3:23–30).

ശക്തിയുള്ള മനുഷ്യരെ പിടിച്ചുകെട്ടുവാനല്ല യേശു തന്റെ ശിഷ്യന്മാരെ ഉപദേശിച്ചത്, യറുശലേമിലുള്ള പരീശന്മാരുടെ വിമർശനത്തിനോടു പ്രതികരിക്കുകയായിരുന്നു യേശു.

ഭൂതങ്ങളുടെ തലവനെകൊാണ് യേശു ഭൂതങ്ങളെ പുറത്താക്കുന്നതെന്ന് അവർ ആരോപിച്ചു. സാത്താന്, സാത്താനെ എങ്ങനെ പുറത്താക്കാൻ കഴിയുമെന്ന് യേശു ചോദിച്ചു. സുബോധമുള്ളവരാരും അങ്ങനെ വാദിക്കുകയില്ലായെന്ന് യേശു പറഞ്ഞു.

ഭൂതത്തെ പുറത്താക്കാൻ യേശു ഉപയോഗിച്ചത് സാത്താന്റെ ശക്തിയല്ലായെങ്കിൽ, പിന്നെ ആരുടെ ശക്തിയാണ് യേശു ഉപയോഗിച്ചത്. തീർച്ചയായും സാത്താന്റെ ശക്തിയിലും മഹത്തായ ഒരു ശക്തി, അതായത് പരിശുദ്ധാത്മാവിന്റെ ശക്തി. ആലങ്കാരികഭാഷയിൽ യേശുസാത്താനെ ഒരു ശക്തനായ വ്യക്തിയോടു ഉപയോഗിക്കുകയായിരുന്നു. ശക്തനായ ഒരുവന്റെ കോപ്പു കവർന്നെടുക്കാൻ അവനെക്കാൾ ശക്തനായ ഒരുവനാൽ മാത്രമേ കഴിയുകയുള്ളു. സാത്താനെ പുറത്താക്കിയത് എങ്ങനെയെന്ന് യേശു വിവരിക്കുകയായിരുന്നു.

## സ്വർഗ്ഗത്തിലും ഭൂമിയിലും കെട്ടുക എന്നാൽ എന്ത്?
## (What about "Binding on Earth and in Heaven"?)

നിങ്ങൾ ഭൂമിയിൽ കെട്ടിയിരിക്കുന്നത് സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നത് സ്വർഗ്ഗത്തിലും അഴിക്കപ്പെട്ടിരിക്കും. മത്തായിയുടെ സുവിശേഷത്തിൽ ഇത് രേഖപ്പെടുത്തിയിരിക്കുന്നു.

അന്തരീക്ഷത്തിലെ സാത്താന്യശക്തികളെ നമുക്ക് ബന്ധിക്കുവാൻ കഴിയുമെന്ന് യേശു പഠിപ്പിക്കുകയായിരുന്നുവോ?

ആദ്യമായി, യേശുവിന്റെ വാക്കുകളെ നമുക്ക് നോക്കാം ''കെട്ടുക, അഴിക്കുക'' ആലങ്കാരികമായിട്ടാണ് യേശു ഇവിടെ പറഞ്ഞിരിക്കുന്നത്. ജഢീകമായി ചങ്ങലയും കയറും കൊുബന്ധിച്ചതിനെ ആത്മികമായി അഴിക്കുകയോ, ആത്മികമായി ബന്ധിച്ചതിനെ ജഢീകമായി അഴിക്കുകയോ അല്ല യേശു ഉദ്ദേശിച്ചത്.  യേശു എന്താണ് ഇതുകൊ് അർത്ഥമാക്കിയത്?

ഇതിന്റെ ശരിയായ ഉത്തരം ലഭിക്കുന്നതിന് കെട്ടുക, അഴിക്കുക ഈ വാക്കുകളെ യേശു ഏതുസമയത്ത് ഏതു സന്ദർഭത്തിൽ പറഞ്ഞു എന്ന് നാം മനസ്സിലാക്കണം. അന്തകാരശക്തികളെക്കുറിച്ചാണോ യേശു പറഞ്ഞത്? ആയിരുന്നെങ്കിൽ ബന്ധിക്കുക എന്നവാക്ക് ദുരാത്മാക്കളെ ബന്ധിക്കുക എന്ന ആശയത്തോടു യോജിക്കുമായിരുന്നു.

അഴിക്കുന്നതിനേയും കെട്ടുന്നതിനേയുംക്കുറിച്ച് യേശു പറഞ്ഞ ആദ്യപ്രസ്താവന നമുക്ക് നോക്കാം.

നിങ്ങളോ എന്നെ ആർ എന്നു പറയുന്നു എന്നു അവൻ ചോദിച്ചതിന ് ശിമോൻ പത്രൊസ്; നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു ബർയോനാശിമോനേ, നീ ഭാഗ്യവാൻ; ജഢരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയതു. നീ പത്രൊസ് ആകുന്നു ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു (മത്തായി 16:15-19).

ഈ പ്രസ്താവനയുടെ ആശയം പലരീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടു്, ചുരുങ്ങിയപക്ഷം ആലങ്കാരികമായി അഞ്ചുവിധത്തിൽ ഇതിനെ കാണാൻ കഴിയും. (1) മാംസവും രക്തവും (2) പാറ (3) പാതാളത്തിന്റെ വാതിൽ (4) സ്വർഗ്ഗത്തിന്റെ താക്കോൽ (5) കെട്ടുന്നതും/അഴിക്കുന്നതും.  ഈ പ്രയോഗങ്ങളെല്ലാം ആലങ്കാരികമാണ്, മറ്റൊന്നിലേക്ക് വിരൽചൂന്നതാണ്.

## പാതാള വാതിൽ
## (Hades of Gate)

ഈ വാക്യത്തിൽ യേശു അന്ധകാരശക്തികളെക്കുറിച്ച് പരാമർശിക്കുന്നില്ല. പാതാളത്തിന്റെ വാതിൽ എന്നു മാത്രമാണ് സാത്താനുമായിബന്ധപ്പെട്ട് പരാമർശിക്കപ്പെട്ടിരിക്കുന്നത്. ഇത് പ്രതീകാത്മാകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്.

പാതാളത്തിന്റെ വാതിൽ എന്നാൽ എന്താണർത്ഥം? ഇത് സാത്താന്റെ ശക്തിയുടെ പ്രതീകമാണ്, സാത്താന്റെ ശക്തിക്ക് യേശുവിന്റെ

സഭയുടെ പണിയെ തടയുവാൻ കഴിയുകയില്ല, യേശു പണിയുന്ന സഭ മനുഷ്യനെ പാതാളത്തിന്റെ കവാടത്തിലേക്ക് നയിക്കുന്നതിൽനിന്നും രക്ഷിക്കും.

രുതരം കവാടങ്ങളെക്കുറിച്ച് യേശു പറയുന്നു. പാതാളത്തിന്റെ വാതിൽ, സ്വർഗ്ഗത്തിന്റെ വാതിൽ. പത്രോസിന് യേശു വാഗ്ദത്തം ചെയ്തത് സ്വർഗ്ഗത്തിന്റെ താക്കോലാണ്. യേശുവിന്റെ പാതാളവാതിലിനെക്കുറിച്ചുള്ള പരാമർശം, സാത്താനാൽ വഞ്ചിക്കപ്പെട്ട പാതാളത്തിലേക്ക് നടന്നടുക്കുന്ന ജനങ്ങളെ രക്ഷിക്കാനുള്ള യേശുവിന്റെ സഭയുടെ ഉത്തരവാദിത്വത്തെ വെളിപ്പെടുത്തുന്നതാണ്.

സാത്താന്യശക്തികൾക്ക് യേശുവിന്റെ സഭയെ തകർക്കുവാൻ കഴിയുകയില്ല എന്ന യേശുവിന്റെ കല്പനയുടെ അടിസ്ഥാനത്തിൽ ബന്ധനങ്ങളെ അഴിക്കാനും കെട്ടാനും ചാടിപ്പുറപ്പെടാൻ വചനത്തിൽ വ്യവസ്ഥയില്ല. ദേശങ്ങളിൽ ആധിപത്യം സ്ഥാപിച്ചിരിക്കുന്ന സാത്താന്യശക്തികളെ ബന്ധിച്ചതിന്റെ തെളിവുകൾ സുവിശേഷത്തിലോ,അപ്പോസ്തലപ്രവൃത്തിയിലോ, ലേഖനങ്ങളിലോ കാണുന്നില്ല. ബന്ധിക്കുക, അഴിക്കുക എന്നൊക്കെ യേശുവിന്റെ വാക്കുകളെ വ്യാഖ്യാനിച്ചിരിക്കുന്നു. നമ്മുടെ വ്യാഖ്യാനം എപ്പോഴും പുതിയ നിയമത്തിലെ സംഭവങ്ങളുടെ സന്ദർഭവുമായി ബന്ധപ്പെട്ടതായിരിക്കണം.

വചനത്തിൽ ഒരു തെളിവോ, ഉദാഹരണമോ ഇല്ലാതിരിക്കെ യേശുവിന്റെ നാമത്തിൽ ഞാൻ സാത്താനെ ബന്ധിക്കുന്നു . ഈ വ്യക്തിയുടെമേൽ ദൈവദൂതന്മാരെ അയയ്ക്കുന്നു. എന്നൊക്കെ വിശ്വാസികൾ പ്രഖ്യാപിക്കുന്നു. ഇത് അതിശം തന്നെ. പുതിയ നിയമത്തിൽ ഒരിടത്തും ഒരുവ്യക്തിയും ഇങ്ങനെ പറഞ്ഞതായിതെളിവില്ല. എഫേസ്യലേഖനത്തിലും, അപ്പോസ്തല പ്രവർത്തിയിലും മറ്റു ലേഖനങ്ങളിലുമെല്ലാം, സാത്താനെ കെട്ടുന്നതോ, അഴിക്കുന്നതോ ഒന്നും കാണുന്നില്ല, സുവിശേഷം പ്രസംഗിക്കുകയും, ദൈവത്തോടു പ്രാർത്ഥിക്കുകയും മാത്രമാണ് ചെയ്യുന്നത്. ഉദാഹരണത്തിന്, പൗലോസിനെ കുത്തുവാൻ സാത്താന്റെ ദൂതനെ അനുവദിച്ചപ്പോൾ, പൗലോസ് അതിനെബന്ധിക്കുവാൻ ശ്രമിച്ചില്ല, ദൈവത്തോടു പ്രാർത്ഥിച്ചതേയുള്ളു (2 കൊരി 12:7-10).

## സ്വർഗ്ഗത്തിന്റെ താക്കോൽ
## (The Keys to Heaven)

കെട്ടുകയും, അഴിക്കുകയും ചെയ്യുക എന്ന് യേശു പറഞ്ഞതിന്റെ പശ്ചാത്തലത്തെക്കുറിച്ച് നമുക്ക് ചിന്തിക്കാം. ഇത് പറയുന്നതിനുമുമ്പ്, സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു എന്നു യേശു പത്രോസിനോടു പറഞ്ഞു. യേശു ഭൗതികമായ താക്കോൽ എന്ന ഒരു വസ്തു പത്രോസിന് നൽകിയില്ല. യേശുവിന്റെ വാക്കുകൾ ആലങ്കാരികമായിരുന്നു. താക്കോൽ എന്തിനെ പ്രതിനിധീകരിക്കുന്നു. ബന്ധിക്കുന്ന ഒന്നിലേക്കു പ്രവേശനം ലഭിക്കുന്നതിനുള്ള മാർഗ്ഗവുമായി ബന്ധപ്പെട്ടതാണ് താക്കോൽ. ഒരു

വന്റെ കയ്യിൽ ചാവി ഉന്നെു പറഞ്ഞാൻ അവന് ആ മുറിയെ അടച്ചു ബന്ധി ക്കാനും തന്മൂലം മറ്റുള്ളവരെ അതിൽപ്രവേശിക്കാതെ തടയുവാനുമുള്ള മാർഗ്ഗമു് എന്നാണർത്ഥം.

പത്രോസ് ചെയ്ത ശുശ്രൂഷകൾ അപ്പോസ്തലപ്രവൃത്തികളിൽ രേഖ പ്പെടുത്തിയിട്ടു്. അനേകർക്കു തുറക്കാൻ കഴിയാത്ത വാതിലുകളെ തുറക്കാൻ അവനുകഴിഞ്ഞുവെന്നാണോ?

പത്രോസ് ഈ താക്കോൽ ഉപയോഗിച്ചതെങ്ങനെയാണെന്ന് നമുക്ക് നോക്കാം. ആദ്യമായി അവൻ സുവിശേഷം പ്രസംഗിച്ചു. വിശ്വസിച്ച വർക്കെല്ലാം ഈ സുവിശേഷം സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നുകൊടുത്തു. (അതുപോലെ ഈ സുവിശേഷം നരകത്തിന്റെ വാതിൽ അടയ്ക്കുകയും ചെയ്തു). ഒരുവിധത്തിൽ പറഞ്ഞാൽ നമുക്കെല്ലാം സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നല്കപ്പെട്ടിട്ടു് കാരണം നാമെല്ലാം ക്രിസ്തുവിന്റെ സ്ഥാനാപതിക ളാണ്. യേശുക്രിസ്തുവിന്റെ സുവിശേഷമാണ് സ്വർഗ്ഗത്തിന്റെ താക്കോൽ അത് സ്വർഗ്ഗകവാടങ്ങളെ തുറക്കുന്ന സന്ദേശമാണ്.

### കെട്ടുന്നതും അഴിക്കുന്നതും
### (And Now Binding and Loosing)

പത്രോസിന് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ വാഗ്ദത്തം ചെയ്തിട്ട്, ബന്ധിക്കുന്നതിനേയും അഴിക്കുന്നതിനെയുംകുറിച്ച് യേശു സംസാരിച്ചു. യേശുവിന്റെ ഈ അഞ്ചാമത്തെ ആലങ്കാരിക സന്ദേശത്തെക്കുറിച്ച് നമുക്ക് ചി ന്തിക്കാം.

യേശുവിന്റെ പ്രസ്താവനയുടെ സന്ദർഭത്തിന്റെ പാശ്ചാത്തലത്തിൽ, യേശു എന്താണ് അർത്ഥമാക്കിയത് എന്നു നമുക്ക് നോക്കാം. യേശുവിന്റെ സഭയെ പണിയുന്നതുമായി ബന്ധപ്പെട്ട് പത്രോസിന് നൽകിയ അഴിക്കുക, കെട്ടുക എന്ന പ്രവർത്തിക്ക് ഇതുമായി എന്തു ബന്ധമാണുള്ളത്?

ഒരു ഉത്തരവാദിത്വമേ യേശു നമ്മെ ഏല്പിക്കുന്നുള്ളു. ഞാൻ നിന്നെ സ്വർഗ്ഗത്തിന്റെ പ്രതിനിധിയായിനിയമിച്ചിരിക്കുന്നു. ഭൂമിയിൽ നിന്റെ ഉത്തവാദിത്വം പൂർത്തീകരിക്കുക, സ്വർഗ്ഗം നിന്നെ പിൻതാങ്ങും.

ബാംഗ്കോക്കിൽ നീ ചെയ്യുന്നതെല്ലാം നിന്റെ സ്വന്ത ഓഫീസിലും ചെയ്യപ്പെട്ടിരിക്കും എന്ന് ഒരു സെയിൽസ്മാനോട് തൊഴിൽ ദാതാവ് പറ ഞ്ഞാൽ സെയിൽമാൻ തന്റെ യജമാന്റെ വാക്കുകളെ എങ്ങനെ വ്യാഖ്യാനിക്കും? ബാംഗ്കോക്കിലെ കമ്പിനിയിലെ ചുമതലകൾ സ്വാതന്ത്ര്യ ത്തോടെ ചെയ്യാൻ യജമാനൻ സെയിൽസ്മാന് അധികാരംനൽകിയിരിക്കുന്നു എന്നു മനസ്സിലാക്കും. അതായത് അവൻ ബാംഗ്കോക്കിലെ കമ്പനിയുടെ പ്രതിനിധിയാണ്. ഇതുപോലെ സ്വർഗ്ഗത്തിന്റെ പ്രതിനിധിയായി യേശു പ ത്രോസിനെ ഭൂമിയിൽ അധികാരപ്പെടുത്തിയിരിക്കുന്നു. പത്രോസിന് നൽകിയ ഈ വാഗ്ദത്തം അവന്റെ വിശ്വാസത്തിന് ഒരു താങ്ങാണ്. അവൻ യറുശലേ

മിൽ ന്യായശാസ്ത്രിമാരുടെയും പരീശന്മാരുടേയും മുമ്പിൽ ദൈവവചനം പ്രഘോഷിക്കുമ്പോൾ, പത്രോസ് ദൈവത്തിന്റെ പ്രതിനിധിയായി പരിഗണിക്കപ്പെടും.

യേശുവിന്റെ ഈ വ്യാഖ്യാനങ്ങൾ, മത്തായിയുടെ സുവിശേഷത്തിൽ ര് അദ്ധ്യായങ്ങൾക്കുശേഷം യേശുവിന്റെ പ്രസ്താവനയോടു വളരെ യോജിക്കുന്നു.

നിന്റെ സഹോദരൻ നിന്നോടു പിഴെച്ചാൽ നീ ചെന്നു നീയും അവനും മാത്രം ഉള്ളപ്പോൾ കുറ്റം അവന്നു ബോധം വരുത്തുക; അവൻ നിന്റെ വാക്കു കേട്ടാൽ നീ സഹോദരനെനേടി. കേൾക്കാഞ്ഞാലോ രുമൂന്നു സാക്ഷികളുടെ വായാൽ സകലകാര്യവും ഉറപ്പാകേതിനു ഒന്നുരുപേരെ കൂട്ടിക്കൊു ചെല്ലുക. അവരെ കൂട്ടാക്കാഞ്ഞാൽ സഭയോടു അറിയിക്ക; സഭയേയും കൂട്ടാക്കാഞ്ഞാൽ അവൻ നിനക്കു പൂറജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ഇരിക്കട്ടെ. നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ഭൂമിയിൽവെച്ചു നിങ്ങളിൽ രുപേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐക്യമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽനിന്നു അവർക്കു ലഭിക്കും (മത്താ 18:15-20). രോമൂന്നോ പേർ എന്റെ നാമത്തിൽകൂടി വരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉു എന്നും ഞാൻ നിങ്ങളോടുപറയുന്നു (മത്താ 18:15-20).

കെട്ടുന്നതിനേയും അഴിക്കുന്നതിനേയുംകുറിച്ച് പറഞ്ഞിരിക്കുന്ന രാമത്തെ പ്രസ്താവന അന്ധകാരശക്തികളെ ബന്ധിക്കുന്നതിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതാണ്. സഭയുടെ പെരുമാറ്റച്ചട്ടങ്ങളെക്കുറിച്ച് പറഞ്ഞതിനുശേഷമാണ് യേശു ബന്ധിക്കുന്നതിനേയും അഴിക്കുന്നതിനേയുംകുറിച്ച് പറഞ്ഞിരിക്കുന്നത്. യേശുവിന്റെ സഭയിൽ ആര് അംഗമായിരിക്കണം, ആര് അംഗമായിരിക്കരുത് എന്നതിന്റെ ഉത്തരവാദിത്തം യേശു ആർക്ക് നൽകിയോ അവർക്കാണ് അഴിക്കാനും കെട്ടുവാനും ഉള്ള അധികാരം നൽകപ്പെട്ടിരിക്കുന്നത്. അത് നിങ്ങളുടെ ചുമതലയാണ്. നിങ്ങൾ ഉത്തരവാദിത്വങ്ങൽ പൂർത്തീകരിക്കുമ്പോൾ, സ്വർഗ്ഗം നിങ്ങളെ പിൻതാങ്ങും.

നിങ്ങൾ സ്വർഗ്ഗത്തിന്റെ പ്രതിനിധിയായി ഭൂമിയിൽ നിലകൊള്ളുന്നു. നിങ്ങൾക്ക് ഉത്തരവാദിത്വങ്ങളു്, നിങ്ങൾ ഭൂമിയിൽ നിങ്ങളുടെ ഉത്തരവാദിത്വങ്ങളെ പൂർത്തീകരിക്കുമ്പോൾ സ്വർഗ്ഗം നിങ്ങൾക്ക് താങ്ങായിരിക്കും.

## കെട്ടുന്നതും അഴിക്കുന്നതും സന്ദർഭത്തിന്റെ അടിസ്ഥാനത്തിൽ (Binding and Loosing in Context)

ഈ വ്യാഖ്യാനം തൊട്ടടുത്ത സന്ദർഭവുമായി വളരെ യോജിക്കുന്നതുപോലെ പുതിയ നിയമത്തിലെ മറ്റു സന്ദർഭങ്ങളുമായി യോജിക്കുന്നു്.

കെട്ടുന്നതിനേയും അഴിക്കുന്നതിനേയും കുറിച്ച് പറഞ്ഞതിനുശേഷം യേശു പറയുന്നു: ഭൂമിയിൽവെച്ചുനിങ്ങളിൽ രുപേർ യാചിക്കുന്ന ഏതുകാര്യ ത്തിലും ഐക്യമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും (മത്താ 18:19).

നിങ്ങൾ ഭൂമിയിൽ ചെയ്യുന്നത് സ്വർഗ്ഗം പിൻതാങ്ങിയിരിക്കും. ഭൂമി യിൽ നമ്മുടെ ഉത്തരവാദിത്വം പ്രാർത്ഥിക്കുക എന്നതാണ്. അത് നാം ചെയ്യു മ്പോൾ സ്വർഗ്ഗം പ്രതികരിക്കും. വീും ഞാൻ നിങ്ങളോടുപറയുന്നു. ..... എന്ന യേശുവിന്റെ വാക്കുകൾ യേശു മുമ്പേ പറഞ്ഞ, കെട്ടുന്നതിന്റേയും അഴിക്കു ന്നതിന്റേയും സ്മരണ പുതുക്കുകയാണ്.

യേശുവിന്റെ അവസാന അരുളപ്പാട് രോ, മൂന്നോ പേർ എന്റെ നാമ ത്തിൽ എവിടെകൂടിയാലും ഞാൻ അവരുടെ മദ്ധ്യേു് എന്നതാണ്. ഈ വാഗ്ദത്തം സ്വർഗ്ഗം അവരെ താങ്ങിനടത്തുമെന്ന് ഉറപ്പ് കൊടുക്കുന്നു. വിശ്വാ സികൾ അവന്റെ നാമത്തിൽ കൂടുമ്പോൾ സ്വർഗ്ഗത്തിൽ വസിക്കുന്നവൻ അവ രെതാങ്ങും.

## ദൈവത്തിന്റെ പദ്ധതിയിൽ സാത്താനും ഉൾപ്പെടുന്നു
## (God's Divine Plan Includes Satan)

സാത്താനും സൈന്യവും ശത്രുസൈന്യമാണ്, എന്നാൽ ദൈവ ത്തിന്റെ നിയന്ത്രണത്തിന് അപ്പുറമല്ല. ഈ എതിർസൈന്യത്തെ ദൈവമാണ് സൃഷ്ടിച്ചത് (അവർ സൃഷ്ടിക്കപ്പെട്ടപ്പോൾ മത്സരികൾ ആയിരുന്നില്ല). പ ൗലോസ് എഴുതി:

> സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങൾ ആകട്ടെ കർത്തൃത്വങ്ങൾ അകട്ടെ വാഴ്ചകൾ ആകട്ടെ അധികാരങ്ങൾ ആകട്ടെ സകലവും അവൻ മുഖാന്തിരവും അവന്നായിട്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു (കൊലോ 1:16).

സാത്താൻ ഉൾപ്പെടെയുള്ള അന്ധകാരശക്തികളെയെല്ലാം ദൈവം സൃഷ്ടിച്ചു. ഇവർ എതിരാകുമെന്ന് ദൈവത്തിന് അറിയില്ലായിരുന്നോ? തീർച്ച യായും ദൈവത്തിന് അറിയാമായിരുന്നു. അറിഞ്ഞുകൊ് അവയെ സൃഷ്ടിച്ച തെന്തിനാണ്? ദൈവത്തിന്റെ പദ്ധതിയെ പൂർത്തീകരിക്കാൻ അവരുടെ സഹായം ആവശ്യമായിരുന്നു. അവരെക്കുറിച്ച് ഉദ്ദേശമൊന്നും ദൈവത്തിന് ഇല്ലായിരുന്നെങ്കിൽ ദൈവം അവരെ തടവിലാക്കുമായിരുന്നു. ചില ദൂതന്മാ രോടു ദൈവം അങ്ങനെ ചെയ്തല്ലോ (2 പത്രോ 2:4). ഒരിക്കൽ സാത്താ നോടും ദൈവം അങ്ങനെ ചെയ്യും (വെളി 20:2).

സാത്താനെയും അവന്റെ സൈന്യത്തേയും ഭൂമിയിൽ പ്രവർത്തി ക്കാൻ ദൈവം അനുവദിച്ചതിന് ചില ഉദ്ദേശങ്ങളു്. അവർ അവരുടെ പ്രവൃത്തി ചെയ്തില്ലായെങ്കിൽ അവരെ പൂർണ്ണമായി നീക്കിക്കളയുമായിരുന്നു. ഭൂമിയിൽ പ്രവർത്തിക്കാൻ സാത്താനെ അനുവദിക്കുന്നതിന്റെ പിന്നിലെ ദൈവത്തിന്റെ

ഉദ്ദേശമെന്താണ്? ഇതിന്റെ കാരണം എല്ലാവർക്കും മനസ്സിലാകുമെന്ന് ഞാൻ കരുതുന്നില്ല, എന്നാൽ ചില തെളിവുകൾ വചനത്തിൽ നമുക്ക് കാണാം.

ആദ്യമായി, മനുഷ്യനെ ശോധനചെയ്യുവാൻ വേിയാണ് സാത്താനേയും അവന്റെ സൈന്യത്തേയും ഭൂമിയിൽ അയച്ചിരിക്കുന്നത്. എന്നാൽ സാത്താൻ മനുഷ്യന്റെ കൂറ് തേടുന്നു്. അവർ ഇത് മനസ്സിലാക്കിയാലും ഇല്ലെങ്കിലും ഒരു കാര്യം സത്യമാണ്. മനുഷ്യൻ ഒന്നുകിൽ ദൈവത്തിന്റെ അല്ലെങ്കിൽ സാത്താന്റെ അധീനത്തിലാണ്. ആദംഹവ്വാമാർക്ക് ഇഷ്ടപ്പെട്ടത് തിരഞ്ഞെടുക്കുവാനുള്ള അധികാരം നൽകപ്പെട്ടിരുന്നു, അവരെ ശോധനചെയ്യാൻ ദൈവം സാത്താനെ അനുവദിച്ചു. മനുഷ്യൻ തന്നെത്താൻ ശോധനചെയ്യണം, അവന്റെ ഹൃദയം അനുസരണയുടെതാണോ, അതോ അനുസരണക്കേടിന്റെതാണോ എന്ന് അവർ അറിഞ്ഞിരിക്കണം.[92]

രാമതായി, ദുഷ്പ്രവൃത്തിക്കാരുടെ മേൽ ദൈവകോപം പകരാൻ ദൈവം സാത്താനെ ഭാഗികമായി അനുവദിച്ചിരിക്കുന്നു. ദൈവത്തിന്റെ ന്യായവിധി തിന്മചെയ്യുന്നവരുടെ മേൽ വർഷിക്കാൻ സാത്താനെ ദൈവം അനുവദിച്ചിരിക്കുന്നു എന്നതിന് വചനത്തിൽ നാം അനേകതെളിവുകൾ കുകഴിഞ്ഞു. രക്ഷിക്കപ്പെടാത്തവരുടെ ഇടയിൽ പ്രവർത്തിക്കുവാൻ സാത്താനെ പൂർണ്ണമായി ദൈവം അനുവദിച്ചിരിക്കുന്നു. ഇത് ദൈവത്തിന് അവരുടെ മേലുള്ള ക്രോധത്തിന്റെ തെളിവാണ്. അവിശ്വാസികളെ ഭരിക്കുന്നതിന് ദൈവം ദുഷ്ടന്മാരെ ഏല്പിക്കുന്നത്, അവരുടെ മേലുള്ള ദൈവത്തിന്റെ ന്യായവിധിയാണ്; കൂടാതെ അന്ധകാരശക്തികൾക്ക് അവരെ പീഡിപ്പാക്കാനുള്ള സ്വാതന്ത്ര്യം ദൈവം നൽകിയിരിക്കുന്നു.

മൂന്നാമതായി, ഭാഗികമായി പ്രവർത്തിക്കുവാൻ ദൈവം സാത്താനെ അനുവദിച്ചിരിക്കുന്നു; തന്മൂലം ദൈവനാമം മഹത്വപ്പെടാൻ അവസരം ലഭിക്കുന്നു. പിശാചിന്റെ പ്രവർത്തികളെ അഴിപ്പാൻ തന്നേ ദൈവപുത്രൻ പ്രത്യക്ഷനായി (1 യോഹ 3:8) ഓരോ സമയവും ദൈവം സാത്താന്റെ പ്രവർത്തികളെ അഴിക്കുന്നു. തന്മൂലം ദൈവത്തിന്റെ ശക്തിയും മഹത്വവും വെളിപ്പെടുന്നു.

## അധികാരങ്ങളുടേയും വാഴ്ചകളുടേയും അധിപതിയാണ് യേശു (Jesus is the Head over Principalities and Powers)

വിശ്വാസികൾ എന്ന രീതിയിൽ, സാത്താനേയും ദുഷ്ടശക്തികളേയും കൈകാര്യം ചെയ്യാൻ വചനപ്രകാരം നമുക്കുള്ള ഉത്തരവാദിത്വം രുവിധത്തിലാണ്. എതിർത്തുനില്കുക (യാക്കോ 4:7), പുറത്താക്കുക (മർക്കോ 16:17) പിശാച് ബാധിക്കപ്പെട്ട വ്യക്തിക്ക് പിശാചിന്റെ പിടിയിൽനിന്ന് വിടുവിക്കപ്പെടണമെന്ന് ആഗ്രഹമുങ്കെിൽ മാത്രമെ പിശാച് അവനിൽനിന്ന് വിട്ടുപോ

92 . ദൈവത്തിന്റെ ശോധനകൾ എന്ന ബുക്കിൽ ഈ വിഷയം www.shepherd.serve.org എന്ന വെബ് സൈറ്റിൽ നിങ്ങൾക്ക് വായിക്കാവുന്നതാണ്.

കുകയുള്ളൂ.[93] ഓരോരുത്തരുടേയും ആഗ്രഹത്തേ ദൈവം മാനിക്കുന്നു. അന്ധകാരശക്തിക്ക് അടിമപ്പെട്ട് ജീവിക്കുവാനാണ് ഒരുവന് താത്പര്യമെങ്കിൽ ദൈവം അത് അനുവദിക്കും.

ദേശങ്ങളിൽ വ്യാപരിച്ചുകൊിരിക്കുന്ന അന്ധകാരശക്തികളെ തകർക്കാൻ കഴിയാത്തതിന്റെ മറ്റൊരു കാരണം ഇതാണ്. ആ സ്ഥലത്തെ ചിലവ്യക്തികളെ സാത്താൻ അടക്കിവച്ചിരിക്കുകയാണ്, സാത്താന്റെ ആധിപത്യം അവർ ആഗ്രഹിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്നു. അവരോടു സുവിശേഷം പറയുന്നതിലൂടെ അവർക്ക് തിരഞ്ഞെടുപ്പിന് ഒരു അവസരം ലഭിക്കുകയാണ്. അവർ ശരിയായത് തിരഞ്ഞെടുത്താൽ, അവർ സാത്താന്റേയും അന്ധകാരശക്തികളുടേയും അധികാരത്തിൽനിന്നു രക്ഷനേടും. അനുതപിക്കാതെ, നല്ലപാതതിരഞ്ഞെടുക്കാതെ ഇരുന്നാൽ അവർ സാത്താന്റെ പിടിയിൽ തുടരാൻ ദൈവം അവരെ അനുവദിക്കും.

എല്ലാ വാഴ്ചക്കും അധികാരത്തിനും തലയായവൻ എന്നാണ് വചനത്തിൽ യേശുവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് (കൊലോ 2:10) ഭരണം (മൃരവല) അധികാരം ( ലഃീൗശെമ) എന്ന ഗ്രീക്കുപദങ്ങൾ രാഷ്ട്രീയനേതൃത്വത്തെകാണിക്കാൻ ഉപയോഗിക്കുന്നു എങ്കിലും വചനപ്രകാരം പുതിയ നിയമത്തിൽ പൈശാചിക ശക്തിയുള്ള ഭരണാധികാരികളെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നത്. ഭരണാധികാരികൾക്കെതിരെയുള്ള ക്രൈസ്തവപോരാട്ടം (മൃരവല) അധികാരം (ലഃീൗശെമ) ഇവ എഫേ 6:12 ൽ പറഞ്ഞിരിക്കുന്നത് ഒരു ഉദാഹരണമായി എടുക്കാം.

കൊലോസ്യർ 2:10ൽ, സർവ്വ അധികാരത്തിന്റെയും അധിപതി യേശു ആണെന്ന് പൗലോസ് എഴുതുമ്പോൾ, യേശുവിന്റെ ആത്മിക അധികാരത്തെയാണ് പൗലോസ് അർത്ഥമാക്കുന്നത്. ഉദാഹരണത്തിന്, നാലുവാക്യങ്ങൾക്ക്മുമ്പ്, യേശുവിനെക്കുറിച്ച് പൗലോസ് എഴുതി വാഴ്ചകളെയും അധികാരങ്ങളേയും ആയുധവർഗ്ഗം വെപ്പിച്ചു ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊാടി അവരെ പരസ്യമായ കാഴ്ചയാക്കി (കൊലോ 2:15).

യേശു വാഴ്ചകളുടേയും അധികാരങ്ങളുടേയും സർവ്വാധികാരിയാണ്. അജ്ഞതയിൽ ആയിരുന്ന ജനം ഇതറിയാതെ അന്ധകാരശക്തികളെ ആരാധിക്കുമ്പോൾ യേശുവിനെ അറിഞ്ഞ യേശുവിന്റെ ജനത്തിന് യേശുവിന്റെ ഈ അധികാരത്തെക്കുറിച്ചുള്ള അറിവ് ശ്രേഷ്ടമായ ഒരു പദവിയാണ് നൽകിയിരിക്കുന്നത്.

### രക്ഷപ്പെടുവാൻ ഒരു വഴിമാത്രം
### (The Only Way of Escape)

---

93 . പിശാചിനാൽ പൂർണ്ണമായി നിയന്ത്രിക്കപ്പെടുന്നവർക്ക് സ്വാതന്ത്ര്യത്തിന്വേി അവരുടെ ആഗ്രഹത്തെ അറിയിക്കുവാനുള്ള മാദ്ധ്യമമില്ല. പ്രത്യേക കൃപാവരങ്ങൾ ഇവരുടെ വിടുതലിന് ആവശ്യമാണ്. ആത്മാവ് ആഗ്രഹിക്കുന്നതുപോലെ കൃപാവരങ്ങൾ പ്രവർത്തിക്കണം.

അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുകമാത്രമാണ് അന്ധകാര ശക്തിയിൽനിന്നും രക്ഷപ്പെടുവാനുള്ള ഏകമാർഗ്ഗം. ദൈവം കല്പിച്ച രക്ഷാ മാർഗ്ഗം അതാണ്. ഒരുദേശത്തിലെ അന്ധകാരശക്തിയെ ബന്ധിച്ച് ഭാഗികമായ ഒരു വിടുതൽ ആർക്കും ലഭിക്കുകയില്ല ഒരുവൻ പൂർണ്ണമായി അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുന്നതുവരെ ദൈവകോപം അവനിൽ നിലനിൽക്കും (യോഹ 3:36) അവൻ സാത്താന്റെ ശക്തിയിൻ കീഴിൽ തന്നെ ആയിരിക്കും.

പല വൻനഗരങ്ങളിലും വൻക്രൂസേഡുകൾ നടത്തപ്പെടാറു് എന്നാൽ ആ നഗരത്തിന്റെ മേലുള്ള അന്ധകാരശക്തിയുടെ ആധിപത്യത്തെ തകർക്കാൻ ഈ ആത്മിക കൂട്ടായ്മകൾക്ക് കഴിഞ്ഞിട്ടില്ല. ''ഈ പട്ടണ ത്തിന്റെ മേലുള്ള അന്ധകാരശക്തിയെ! നിന്നേ ഞാൻ ബന്ധിക്കുന്നു.'' എന്ന് രാപ്പകൾ അന്ധകാരശക്തിയേടു അക്രോശിച്ച് അന്ധകാരശക്തിയെ തുട ച്ചുനീക്കുന്നതായി അവകാശപ്പെടാം. എന്നാൽ എന്താണ് യഥാർതത്ഥത്തിൽ സംഭവിക്കുന്നത്; ഈ അന്ധകാരശക്തികൾ ഒന്നുചേർന്നു ഈ പാവം വിശ്വാ സിയെ നോക്കി പരിഹസിക്കുകയായിരിക്കും.

ആത്മീക പോരാട്ടത്തെക്കുറിച്ചുള്ള അറാമത്തെ അനുമാനത്തെക്കു റിച്ച് നമുക്ക് ചിന്തിക്കാം.

## ദേശാധിപതിശക്തികൾക്കെതിരെയുള്ള ആത്മീക പോരാട്ടം സുവി ശേഷത്തിന് വാതിൽ തുറക്കുന്നു
## (Myth 6: Spiritual Warfare Against Territorial Spirits Opens the Door for Effective Evangelism)

ദേശാധിപതിശക്തികളെ തകർക്കുവാൻ ആഗ്രഹിക്കുകയും യജ്ഞി ക്കുകയും ചെയ്യുന്ന വിശ്വാസികളുടെ ഉള്ളിലെ ആശ എന്താണ്? ദൈവരാജ്യ ത്തിന്റെ വ്യാപ്തിവർദ്ധിക്കണം. സാത്താന്റെ പിടിയിൽനിന്നു വിടുവിക്കപ്പെ ടുന്നവരുടെ എണ്ണം അനുദിനം വർദ്ധിപ്പിക്കണം അതാണവരുടെ ലക്ഷ്യം.

ദൈവത്തിന്റെ രാജ്യം വിശാലമാകാൻ ദൈവത്തിന്റെ മാതൃകഉപയോ ഗിക്കണം എന്നതിന് പ്രാധാന്യമു്. ഇതിന് എന്താണാവശ്യമെന്ന് ദൈവത്തിനു അറിയാം. ദൈവരാജ്യത്തിന്റെ വിസ്തൃതിക്ക് നമുക്കുള്ള ഉത്തരവാദിത്വമെ ന്തന്ന് ദൈവം നമ്മോടു പറഞ്ഞിട്ടു്. യേശു, പത്രോസ്, പൗലോസ് ഇവരാരും ശുശ്രൂഷയിൽ ഉപയോഗിച്ചിട്ടില്ലാത്തതും വചനത്തിൽ ഇല്ലാത്തതുമായ ചില തുകൊ് സുവിശേഷികരണത്തിന്റെ ശക്തിയും ഫലവും വർദ്ധപ്പിക്കാമെന്ന് വിചാരിക്കുന്നെങ്കിൽ അത് വിഡ്ഢിത്വമാണ്.

ആത്മികപോരാട്ടം, സുവിശേഷികരണത്തിന് പുതിയ വാതിലുകൾ തുറക്കുമെന്ന് വിശ്വാസികൾ കരുതുന്നതെന്താണ്? അവരുടെ മനസ് ഇങ്ങനെ മന്ത്രിക്കാറു്. അവിശ്വാസികളുടെ മനസ്സിനെ സാത്താൻ കുരുടാക്കി യിരിക്കുന്നു. അതുകൊ് നാം സാത്താനെതിരായി ഒരു ആത്മികപോരാട്ടം

തന്നെ നടത്തണം, ആത്മിക അന്ധതമാറിക്കഴിഞ്ഞാൽ ആളുകൾ സുവിശേഷ ത്തിൽ വിശ്വസിക്കും. ഇത് ശരിയാണോ?

സാത്താൻ അവിശ്വാസികളുടെ മനസ്സ് കുരുടാക്കിയിരിക്കുന്നു എന്നത് വസ്തുതയാണ് സംശയമേയില്ല. പൗലോസ് എഴുതി:

എന്നാൽ ഞങ്ങളുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ നശിച്ചുപോകു ന്നവർക്കത്രേ മറഞ്ഞിരിക്കുന്നു. ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജ സ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കാൻ ഈ ലോക ത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സുകുരുടാക്കി (2 കൊരി 4:3-4).

ഇവിടെ ഒരു ചോദ്യം: കൊരിന്തിലെ വിശ്വാസികളെ ആത്മികപോ രാട്ടത്തിന് പ്രാപ്തരാക്കി ദേശാധിപതി ശക്തികളെ തകർത്ത് അവിശ്വാസി കളെ ക്രിസ്തുവിങ്കലേക്ക് ആദായപ്പെടുത്തുവാനാണോ അപ്പോസ്ത ലനായ പൗലോസ് ഈ ഉപദേശം കൊരിന്തിലെ ജനത്തിന് കൊടുത്തത്?

മറ്റുപല തെളിവുകളുടേയും അടിസ്ഥാനത്തിൽ ഇതിന്റെ ഉത്തരം അല്ല എന്നുമാത്രമാണ്.

ഒന്നാമതായി, ''കൊരിന്തിലെ വിശ്വാസികളെ! സാത്താൻ പലരു ടേയും ഹൃദയത്തെ അന്ധതപിടിപ്പിച്ചിരിക്കുകയാണ്, അതുകൊ് ദേശാധിപതി ശക്തികളുടെ കോട്ടകളെ തകർത്തു ജനത്തിന്റെ കണ്ണുകളെ കുരുടാക്കുന്ന അന്ധകാരത്തെ അമർച്ചചെയ്യണം'' എന്നല്ല, അതിനോടുചേർന്ന് പൗലോസ്, ക്രിസ്തുവിനെ പ്രസംഗിച്ചിട്ട് അതാണ് ആത്മിക അന്ധത മാറ്റാനുള്ള ഉപാധി യെന്ന് അവരെ പഠിപ്പിച്ചു.

രാമതായി, ദേശത്തിലെ അന്ധകാരത്തിന്റെ കോട്ടകളെ തകർക്കാൻ സുവിശേഷം ഫലം കായ്ക്കുമെന്നും പൗലോസ് തന്റെ ലേഖനത്തിലൂടെ അവരെ ഉപദേശിച്ചില്ല.

മൂന്നാമതായി, അവിശ്വാസികൾ അവിശ്വാസികളായിതുടരാൻ കാരണം സാത്താൻ അവിശ്വാസികളുടെ കണ്ണുകൾ കുരുടാക്കിയതാണെന്നും പൗലോസ് വിശ്വസിക്കുന്നില്ല. സാത്താന് ഇതിൽ പ്രധാന റോൾ ഒന്നുമില്ല. എന്നാൽ ഭാഗികമായി പങ്കുതാനും. ഹൃദയകാഠിന്യമാണ് അവിശ്വാസികളെ വിശ്വാസത്തി-ലേക്കു വരുവാൻ വിലക്കുന്ന ആദ്യഘടകം. ഓരോരുത്തരേയും അന്ധത പിടിപ്പിക്കുവാൻ സാത്താന് കഴിയുകയില്ല. ചിലർ പ്രഥമ കേഴ്വിയിൽതന്നെ സത്യത്തെ വിശ്വസിക്കുകയും മിഥ്യയെ ഒഴിവാക്കുകയും ചെയ്യുന്നു. അവരുടെ അവിശ്വാസത്തിന് കാരണം സാത്താൻ അവരെ അന്ധ രാക്കി എന്നതല്ല, അവരുടെ അവിശ്വാസമാണ് അവരെ അന്ധരാക്കാൻ സാത്താനെ അനുവദിച്ചത്.

## തണുത്ത ഹൃദയങ്ങൾ
## (Callous Hearts)

എഫേസ്യർക്കെഴുതിയ ലേഖനത്തിൽ ക്രിസ്ത്യാനികൾ അല്ലാത്തവർ വിശ്വാസമില്ലാത്തവരായി തുടരാനുള്ള കാരണം വിവരിക്കുന്നു.

> ആകയാൽ ഞാൻ കർത്താവിൽ സാക്ഷീകരിച്ചു പറയുന്നതു എന്തെന്നാൽ: ജാതികൾ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ചു നടക്കുന്നതുപോലെ നിങ്ങൾ ഇനി നടക്കരുത്. അവർ അന്ധബുദ്ധികളായി അജ്ഞാനം നിമിത്തം, ഹൃദയകാഠിന്യം നിമിത്തം തന്നേ, ദൈവത്തിന്റെ ജീവനിൽനിന്നു അകന്നു മനം തഴമ്പിച്ചുപോയവർ. ആകയാൽ അത്യാഗ്രഹത്തോടെ സകല അശുദ്ധിയും പ്രവർത്തിപ്പാൻ ദുഷ്കർമ്മത്തിന് തങ്ങളെത്തന്നേ ഏല്പിച്ചിരിക്കുന്നു. (എഫേ 4: 17 –19)

അവിശ്വാസികൾ ദൈവത്തിൽ നിന്നകന്നുനില്കുന്നതിനുകാരണം അവരടെ അജ്ഞതയാണെന്ന് പൗലോസ് പറയുന്നു. എന്തുകൊണ്ട് അവർ അജ്ഞരായത്? അവരുടെ അന്ധബുദ്ധിക്കുകാരണമെന്താണ്? ഉത്തരം വളരെ സ്പഷ്ടം അവരുടെ ഹൃദയകാഠിന്യം നിമിത്തം അത്രേ. അവർ മരവിച്ചിരിക്കുന്നു. അതാണ് അവർ രക്ഷിക്കപ്പെടാത്തവരായിരിക്കാൻ കാരണം.[94] അവർതന്നെയാണ് കുറ്റക്കാർ. അവർക്കു യേശുവിനെ വിശ്വസിക്കാതിരിക്കാനാവശ്യമായ പൊള്ളത്തരങ്ങൾ പകർന്നുകൊടുക്കുന്ന ജോലിയാണ് സാത്താന്റേത്.

യേശു പറഞ്ഞ വിതയ്ക്കുന്നവന്റെ ഉപമയിലെ വിതയ്ക്കുന്നവനും, നിലവും, ഇതിനെ വ്യക്തമായി ചിത്രീകരിക്കുന്നു.

വിതയ്ക്കുമ്പോൾ ചിലതു വഴിയരികെ വീണിട്ടു ചവിട്ടിപ്പോകയും ആകാശത്തിലെ പറവജാതി അതിനെ തിന്നുകളകയും ചെയ്തു. (ലൂക്കോ 8:5)

ഉപമയുടെ പൊരുളോ; വിത്തു ദൈവവചനം; വഴിയരികെയുള്ളവർ കേൾക്കുന്നവർ, എങ്കിലും അവർ വിശ്വസിച്ചു രക്ഷിക്കപ്പെടാതിരിപ്പാൻ പിശാചു വന്നു അവരുടെ ഹൃദയത്തിൽനിന്നു വചനം എടുത്തുകളയുന്നു (ലൂക്കോ 8:11–12)

സുവിശേഷമെന്നവിത്ത് വഴിയരികിൽ വീണു അത് ചവുട്ടി മെതിക്കപ്പെട്ടു. വഴിയാത്രക്കാരുടെ കാൽപാദങ്ങൾ ചവുട്ടി ഉറപ്പിച്ച മണ്ണിനെ തുളച്ചു കയറുവാൻ വിത്തിന് കഴിഞ്ഞില്ല. അതുകൊ് പിശാചുക്കളായ പറവകൾക്ക് അതിനെ അപഹരിച്ചുകളയുവാൻ കഴിഞ്ഞു.

മനുഷ്യഹൃദയങ്ങളുടെ അവസ്ഥകളെ താരതമ്യപ്പെടുത്തുന്നതോടൊപ്പം (വചനത്തെ സ്വീകരിക്കാനുള്ള താത്പര്യം) ഹൃദയങ്ങളെ വ്യത്യസ്തമായ നിലത്തോടു താരതമ്യപ്പെടുത്തുകയും ചെയ്യുകയാണ് ഈ ഉപമയുടെ

---

[94]. അവിശ്വാസികളെക്കുറിച്ച് റോമ 1

മർമ്മം. എന്തുകൊ് ചിലർ വിശ്വസിക്കുന്നു, ചിലർ അവിശ്വസിക്കുന്നു എന്നു യേശു വിവരിക്കുന്നു. വിശ്വാസം അവരെ ആശ്രയിച്ചിരിക്കുന്നു.

എങ്ങനെയാണ് സാത്താൻ ഈ ചിത്രത്തിൽ വരുന്നത്? കഠിനഹൃദയങ്ങളിൽനിന്ന് വചനം മോഷ്ടിക്കുകയാണ് സാത്താന്റെ ജോലി. വിത്തുകൾ മുളക്കാത്തിന്റെ പ്രാഥമിക ഉത്തരവാദിത്വം നിലത്തിനാണ്, രാമത്തെ ഉത്തരവാദിത്വമേ പറവകൾക്കുള്ളു.

സുവിശേഷത്തെ സംബന്ധിച്ചിടത്തോളം ഇത് സത്യമാണ്. യഥാർത്ഥ പ്രശനം ഹൃദയകാഠിന്യമാണ്. ജനം സുവിശേഷത്തെ നിരസിക്കുമ്പോൾ അവർ അന്ധരായിമാറുന്നു. അവർ സത്യത്തെക്കാൾ മിഥ്യയെ വിശ്വസിക്കാൻ ഇഷ്ടപ്പെടുന്നു. വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യരുടെ പ്രവൃത്തിദോഷമുള്ളതു ആകയാൽ അവർ വെളിച്ചത്തേക്കാൾ ഇരുട്ടിനെ സ്നേഹിച്ചതു തന്നേ (യോഹ 3:19).

മനുഷ്യർ എല്ലാം, നല്ലവരും, ഹൃദയശുദ്ധിയുള്ളവരും, സാത്താൻ അവരെ അന്ധരാക്കിയില്ലായെങ്കിൽ എല്ലാവരും സുവിശേഷത്തിൽ വിശ്വസിക്കുന്നവരുമായിരിക്കുമെന്ന് നാം വിശ്വസിക്കണമെന്ന് വചനം നമ്മെ പ്രബോധിപ്പിക്കുന്നില്ല. വളരെ മങ്ങിയ ഒരു ചിത്രമാണ് മനുഷ്യസ്വഭാവത്തെക്കുറിച്ച് തിരുവചനം വെളിപ്പെടുത്തുന്നത്, ഓരോരുത്തരുടേയും പാപപ്രവർത്തികൾക്ക് അവരവൻ ഉത്തരവാദികളാണ് ദൈവം വ്യക്തമായി ഇത് അറിയുന്നു. ന്യായവിധിയുടെ സിംഹാസനത്തിൽ ഇരിക്കുന്ന ദൈവത്തോടു പിശാചാണ് എന്നെ അങ്ങനെ ചെയ്യാൻ പ്രേരിപ്പിച്ചത് എന്ന് ദൈവമുമ്പിൽ ഒഴികഴിവുകൾ പറയാൻ ആർക്കും സാധ്യമല്ല.

### മനുഷ്യമനസ്സിനെ സാത്താൻ കുരുടാക്കുന്നതെങ്ങിനെ?
### (How Satan Blinds People's Minds?)

ഒരുവന്റെ മനസ്സിനെ സാത്താൻ കുരുടാക്കുന്നതെങ്ങനെ? നിഗൂഢമായ ആത്മിക ശക്തികൊ് ഒരുവന്റെ മനസാക്ഷിയെ പിശാചിന് കീഴടക്കാൻ സാധിക്കുമോ? യുക്തമായ വ്യക്തിചിന്തയെ തകിടം മറിക്കുവാൻ പിശാചിന്കഴിയുമോ? ഇല്ല. മനുഷ്യന് വിശ്വസിക്കാൻ പോരുന്ന മിഥ്യഅയച്ചുകൊടുത്ത് മനുഷ്യന്റെ മനസ്സിനെ അന്ധമാക്കുകയാണ് അവൻ ചെയ്യുന്നത്.

യേശു ദൈവപുത്രനാണെങ്കിലും അവൻ മനുഷ്യന്റെ പാപത്തിന്നായി മരിച്ചെന്നും, യഥാർത്ഥമായി അവർ ഒരിക്കൽ യേശുവിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കാൻ നില്ക്കേിവരുമെന്നും അവർ വിശ്വസിച്ചാൽ തീർച്ചയായും അവർ അനുതപിച്ച് യേശുവിന്റെ അനുയായികൾ ആയിത്തീരും. എന്നാൽ അവർ അത് വിശ്വസിക്കുകയില്ല.അവർ മറ്റെന്തെങ്കിലും വിശ്വസിക്കും. ദൈവം ഇല്ലായെന്ന് അവൻ വേണമെങ്കിൽ വിശ്വസിക്കും, അല്ലെങ്കിൽ മരണാനന്തരജീവിതം ഇല്ലായെന്ന് അവർ വിശ്വസിച്ചുകൊള്ളും. അവർ പുനർജന്മത്തിൽ വിശ്വസിക്കും, ദൈവം ആരേയും നരകത്തിൽ അയയ്ക്കുകയില്ല എന്ന് അവർ വിശ്വസിച്ചുകൊള്ളും. മതതീഷ്ണത ഒരുവനെ സ്വർഗ്ഗത്തിലെത്തിക്കുമെന്ന്

അവർ വിശ്വസിക്കും. അവർ വിശ്വസിക്കുന്നത് സുവിശേഷമല്ല, പൊളിവചന ങ്ങളാണ്. അവർ സത്യം വിശ്വസിച്ചില്ലായെങ്കിൽ മിഥ്യയിലൂടെ സാത്താൻ അവരുടെ കണ്ണിനെ കുരുടാക്കിക്കൊയേിരിക്കും. തന്നത്താൻ താഴ്ത്തി സത്യ ത്തിനു ചെവി ചായിച്ചാൽ, സാത്താന് അവരുടെ കണ്ണുകളെ ഇനിമേലിൽ കുരുടാക്കാൻ കഴിയുകയില്ല.

## അന്ധകാരത്തിന്റെ പൊളിവാക്കുകൾ
## (The Lies of Darkness)

അന്ധകാരത്തിന്റെ വാഴ്ചകൾ എന്നാണ് സാത്താന്റെ സാമ്രാജ്യത്തെ പ്രതിപാദിച്ചിരിക്കുന്നത് (കൊലോ 1:13) അന്ധകാരം എന്നാൽ സത്യം ഇല്ലാ യ്മ, വെളിച്ചം ഇല്ലായ്മ, അഥവാ ബോധം ഇല്ലായ്മ. നിങ്ങൾ അന്ധകാര ത്തിൽ ആയിരിക്കുമ്പോൾ, നിങ്ങൾ സങ്കൽപങ്ങളിലൂടെ തുഴഞ്ഞ് തുഴഞ്ഞ് വേദനയുടെ കയത്തിൽ എത്തിച്ചേരും. അങ്ങനെയാണ് ഒരുവൻ സാത്താന്റെ സാമ്രാജ്യമാകുന്ന അന്ധകാരത്തിന്റെ സാമ്രാജ്യത്തിൽ എത്തുന്നത്. ഈ സാമ്രാജ്യത്തിൽ സങ്കൽപങ്ങൾക്കാണ് പ്രാധാന്യം. ഈ സങ്കൽപങ്ങൾ സാത്താന്റെ പൊളിവചനത്താൽ നിറയപ്പെട്ടിരിക്കുന്നു. ഈ സാമ്രാജ്യത്തിലു ള്ളവർ എല്ലാം ആത്മിക അന്ധതയിൽ തപ്പിത്തടയുകയാണ്.

സാത്താന്റെ സാമ്രാജ്യം ഭൗമികസാമ്രാജ്യം പോലെ അതിരുകളാൽ വേർതിരിക്കപ്പെട്ടതല്ല. ഈ സാമ്രാജ്യം വിശ്വാസത്തിന്റെ സാമ്രാജ്യമാണ്. അവരുടെ വിശ്വാസമോ, ഭോഷ്കിലാണ്. വെളിച്ചത്തിന്റെ സാമ്രാജ്യം സ്ഥിതി ചെയ്യുന്നിടത്തുതന്നെയാണ് ഭോഷ്കിന്റെ സാമ്രാജ്യത്തിന്റെ സ്ഥാനം. ഭോഷ്ക്ക്[95] വിശ്വസിക്കുന്നവരോടുകൂടെത്തന്നെയാണ് സത്യത്തെ വിശ്വസി ക്കുന്നവരും ജീവിക്കുന്നത്, ഒരുവൻ സത്യത്തിൽ വിശ്വസിക്കുമ്പോൾ, സാത്താന് തന്റെ പ്രജകളിൽ ഒരുവൻ നഷ്ടപ്പെടുകയാണ്, സാത്താന് അവരെ വഞ്ചിക്കുവാൻ കഴിയുകയില്ല.

അന്ധകാരശക്തിയെ ബന്ധിപ്പിച്ചിട്ടല്ല, സത്യത്തെ പ്രഖ്യാപിച്ചിട്ടാണ് സാത്താന്റെ പിടിയിൽനിന്ന് ഒരുവനെ മോചിപ്പിക്കുന്നത്. സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹ 8:32) ആത്മിക അന്ധത സത്യം അറിയുന്നതിലൂടെ മാറിപ്പോകും.

യോഹന്നാന്റെ സുവിശേഷത്തിലെ വചനത്തിൽനിന്നുകൊുതന്നെ രക്ഷിക്കപ്പെടാത്തവരോടു യേശു പറഞ്ഞു:

നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹ ങ്ങളെ ചെയ്യാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകൻ ആയി രുന്നു; അവനിൽ സത്യം ഇല്ലായ്കകൊു സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്കു പറയുമ്പോൾ സ്വന്തത്തിൽനിന്നുഎടുത്തു പറയുന്നു;

---

95 . ഭൂമിയുടെ വിവിധദിശകളിൽ രു സാമ്രാജ്യങ്ങളുടേയും അംഗസംഖ്യകൂടുകയോ, കുറയു കയോ ചെയ്യാം.

അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു. ഞാനോ സത്യം പറയുന്നതുകൊ് നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ല. (യോഹ 8:44-45)

യേശു തന്നെത്തന്നേയും സാത്താനേയും താരതമ്യപ്പെടുത്തിയത് ശ്രദ്ധിക്കുക. യേശു സത്യം പറയുന്നു, സാത്താനോ, ഭോഷ്കുമാത്രമേ പറയുന്നുള്ളു.

യേശു അവരോടു അവരുടെ പിതാവ് സാത്താനാണെന്നും, സാത്താൻ കള്ളനാണെന്നും പറഞ്ഞു; എന്നാലും യേശു പറഞ്ഞസത്യത്തെ വിശ്വസിക്കുവാൻ അവരോടു ആഹ്വാനം ചെയ്തു. അവർക്ക് സത്യത്തെ കാണാൻ കഴിയാതെ പോയത് സാത്താൻ അവരെ അന്ധരാക്കിയതുകൊല്ല, അവർ അവരെത്തന്നെ അന്ധരാക്കിയതാനാലാണ്. അവരുടെ അന്ധതയ്ക്ക് അവർതന്നെ ഉത്തരവാദികളെന്ന് യേശു പറഞ്ഞു. അന്ധകാരത്തെ സ്നേഹിക്കുന്നവർക്ക് അന്ധകാരത്തിൽ ജീവിക്കുവാൻ ആവശ്യമുള്ള ഭോഷ്ക് സമ്മാനിച്ചുകൊ് സാത്താൻ അവരെ സഹായിക്കും. എന്നാൽ സത്യം അറിഞ്ഞ് അതിൽവിശ്വസിക്കുന്ന ഒരുവനെ സാത്താന് വീഴ്ത്തുവാൻ കഴിയുകയില്ല.

സത്യവെളിച്ചമാകുന്ന ദൈവവചനത്തെ അയച്ച് അന്ധകാരത്തിന്റെ സാമ്രാജ്യത്തെ തകർക്കാം. അതുകൊാണ് നിങ്ങൾപോയി അന്ധകാരശക്തികളെ ബന്ധിക്കുക എന്നല്ല നിങ്ങൾപോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുക എന്നാണ് യേശു കല്പിച്ചത്. മനുഷ്യന്റെ കണ്ണുകൾ തുറന്ന് സാത്താന്റെ അന്ധകാരമായ സാമ്രാജ്യത്തിൽനിന്ന് ദൈവത്തിന്റെ വെളിച്ചമാകുന്ന സാമ്യാജ്യത്തിലേക്ക് വരുവാൻ പ്രാപ്തമാക്കുകയാണ് സുവിശേഷത്തിന്റെ ലക്ഷ്യം (അപ്ര 26:18). സത്യസുവിശേഷം ഗ്രഹിക്കുമ്പോൾ, ജനം അന്ധകാരത്തിൽനിന്ന് വെളിച്ചത്തിലേക്കുവരികയും ഭോഷ്കിനെ ത്യജിച്ച് സത്യത്തെ സ്വീകരിക്കുകയും ദൈവികസാമ്രാജ്യത്തിലെ അംഗമായിത്തീരുകയും ചെയ്യും. മനുഷ്യന്റെ മനസ്സുകളെ ബന്ധിച്ചിരിക്കുന്ന കോട്ടകളെ തകർത്തെറിയുകമാത്രമാണ് നാം ചെയ്യേത്, അതോടെ ജനം സത്യം ഗ്രഹിച്ചുകൊള്ളും.

## ഇത് ദൈവത്തിന്റെ പദ്ധതി
## (This is God's Plan)

സാത്താനെ സ്വർഗ്ഗത്തിൽനിന്നുതള്ളി ഭൂമിയിലാക്കിയതുദൈവമാണെന്നു മറക്കരുത്. സാത്താനെ പ്രപഞ്ചത്തിലെവിടെയെങ്കിലും നിലനിർത്താനോ എന്നന്നേക്കുമായി തുടച്ചുനീക്കുവാനോ ദൈവത്തിനു കഴിയുമായിരുന്നു. എന്നാൽ ദൈവം അതുചെയ്തില്ല, കാരണമെന്താണ്? ദൈവത്തെ സേവിക്കുവാൻ ഒരു വലിയകൂട്ടം ഉാകണമെന്നത് ദൈവത്തിന്റെ ലക്ഷ്യമായിരുന്നു.

ദൈവത്തെ സ്നേഹിക്കുന്ന ഒരു കൂടുംബം ഉാകണമെങ്കിൽ, ര്കാര്യങ്ങൾ അവശ്യമാണ്. ഒന്ന്, ഇച്ഛാസ്വാതന്ത്ര്യമുള്ള ഒരുകൂട്ടം മനുഷ്യനെ

സൃഷ്ടിക്കുക. സ്നേഹത്തിന്റെ അടിസ്ഥാനം ഇച്ഛാസ്വാതന്ത്ര്യമാണ്. റോബോട്ടുകൾക്കോ, യന്ത്രങ്ങൾക്കോ സ്നേഹിക്കുവാൻ കഴിയുകയില്ല.

രാമതായി, അവരായിരിക്കുന്ന ചുറ്റുപാടിൽ അവർ ദൈവത്തെ അനുസരിക്കുമോ, അതോ ധിക്കരിക്കുമോ, സ്നേഹിക്കുമോ അതോ വെറുക്കുമോ എന്ന് ദൈവത്തിന് മനുഷ്യനെ പരീക്ഷിക്കേതു്. മനുഷ്യന്റെ ദൈവത്തോടുള്ള ആത്മാർത്ഥതയെ ഒന്നുപരിശോധിച്ചുനോക്കിയാൽ, ആത്മാർത്ഥതയെ അവഗണിക്കാനുള്ള ഒരു പ്രേരണളായേക്കാം. സാത്താനെ ദൈവം ഭൂമിയിലാക്കിയതിന്റെ പ്രസക്തി ഇവിടെ കാണാം. മനുഷ്യവർഗ്ഗത്തിന്റെ മനസ്സാക്ഷിയെ മനസ്സിലാക്കാൻ സാത്താന്റെ സാന്നിദ്ധ്യം ഭൂമിയിൽ അത്യാവശ്യമാണ്. അതായത് ഒരു പരിധിവരെ ദൈവം, മനുഷ്യനെ സ്വാധീനിക്കാൻ സാത്താനെ അനുവദിച്ചിരിക്കുന്നു. ഭോഷ്കിലുടെ ജനത്തെ സ്വാധീനിക്കാൻ അവന് അധികാരം ലഭിച്ചിരിക്കുന്നു. മനുഷ്യൻ ഒരു തെരഞ്ഞെടുപ്പിന്റെ നടുവിലാണ്. ഞാൻ ദൈവത്തെ വിശ്വസിക്കുമോ, സാത്താനെ വിശ്വസിക്കുമോ? ഞാൻ ദൈവത്തെ സേവിക്കുമോ, സാത്താനെ സേവിക്കുമോ? അറിഞ്ഞോ അറിയാതെയോ മനുഷ്യരെല്ലാം തീരുമാനങ്ങൾ എടുത്തു കഴിഞ്ഞിരിക്കുന്നു. തെറ്റായ തീരമാനം എടുത്തവരെ അനുതാപത്തിലേക്കുനയിച്ച് സുവിശേഷത്തിൽ വിശ്വസിക്കാനും തന്മൂലം ശരിയായ തീരുമാനമെടുക്കാനും അവരെ പ്രോത്സാഹിപ്പിക്കുകയാണ് നമ്മുടെ കർത്തവ്യം.

ഏദൻ പറുദീസയിൽ നടന്നത് ഇതല്ലേ? നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷം ദൈവം ഏദൻതോട്ടത്തിൽഉാക്കി. ആ വൃക്ഷത്തിന്റെ ഫലം മാത്രം ഭക്ഷിക്കരുതെന്ന് ദൈവം അവരോടുകല്പിച്ചു. അറിവിന്റെ വൃക്ഷത്തിൽനിന്നുള്ള ഫലം തിന്നരുത് എന്ന് ദൈവത്തിന് ആഗ്രഹമായിരുന്നെങ്കിൽ ആ വൃക്ഷത്തെ അവിടെ ഉാക്കാതിരുന്നാൽ മതിയായിരുന്നുവല്ലോ? എന്തിനാണ് ദൈവം ആ വൃക്ഷത്തെ അവിടെ നട്ടത്? മനുഷ്യനെ പരീക്ഷിക്കാൻ ദൈവം ക ഒരു ഉപാധിയായിരുന്നു അത്.

ഹൗവ്വയെ പ്രലോഭിപ്പിക്കുവാൻ ദൈവം സാത്താന് അനുവാദം നൽകിയിരിക്കുന്നു. മനസ്സിനെ പ്രലോഭനത്തിന് വിധേയമാക്കിയാൽ പ്രേരണയ്ക്ക് വശംവദമായി അത് മനസാക്ഷിക്ക് എതിരെ തിരിയാനുള്ള സാദ്ധ്യത ഉായേക്കാം. സാത്താൻ ഹവ്വയോടുകള്ളം പറഞ്ഞു വഞ്ചിച്ചു അവൾ അതു വിശ്വസിച്ചു. അതേസമയം ദൈവം പറഞ്ഞതിനെ വിശ്വസിക്കാതിരിക്കാൻ തുടങ്ങി. ഫലം? ദൈവത്തിന്റെ സൃഷ്ടിയായ ആദിമനുഷ്യൻ കൂറുമാറി ദൈവത്തെ അവിശ്വാസിക്കുകയും, സാത്താനെ വിശ്വസിക്കുകയും ചെയ്തു.

ഇതുപോലെ ഓരോരുത്തരും അവരവരുടെ ജീവിതകാലത്ത് ശോധനചെയ്യപ്പെടും (റോമ 1:19). ദൈവം നമുക്കെല്ലാവർക്കും മനസാക്ഷിയും ഹൃദയവും തന്നിട്ടു്. നമുക്ക് ശരിയെ തെറ്റിൽനിന്നു വേർതിരിച്ചെടുക്കാം (റോമ 2:14-16). സാത്താനും അന്ധകാരശക്തികളും മനുഷ്യനെ ഒരു പരിധിവരെ പ്രലോഭിപ്പിക്കും അങ്ങനെ എല്ലാവ്യക്തികളും ശോധനചെയ്യപ്പെടും.

ദൈവത്തിന്റെ സത്യത്തെ അവർ വ്യാജമാക്കി മാറ്റിക്കളഞ്ഞു; സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജിച്ചു ആരാധിച്ചു (റോമ 1:25) ദൈവം, ന മ്മുടെ പാപകങ്ങളെ പോക്കി നമ്മെ അവന്റെ കുടുംബത്തിൽ അംഗങ്ങളായി ത്തീരുവാൻ ഭാഗ്യം നൽകിയിരിക്കുന്നു. നമ്മുടെ പ്രശ്നങ്ങൾക്കും ഏക പരി ഹാരം യേശുവിന്റെ ക്രൂശ്മരണമാണ്. നമ്മുടെ സകല പ്രശനങ്ങൾക്കും ഉത്തരം അതുമാത്രമാണ്.

## സാത്താന്റെ വഞ്ചന ഇപ്പോഴും എപ്പോഴും
## (Satan's Deception, Now and Later)

സാത്താനേയും തന്റെ സൈന്യത്തേയും ഈ ഭൂമണ്ഡലത്തിൽ പ്രവർത്തിക്കാൻ ദൈവം അനുവദിച്ചിരിക്കുന്നതിന്റെ കാരണം മുൻ അദ്ധ്യായ ത്തിൽ നിന്ന് നമുക്ക് ബോദ്ധ്യമായി. അന്ധകാരത്തെ സ്നേഹിക്കുന്നവരെ വഞ്ചിക്കുക അതാണ് അവനെ ഏല്പിച്ചിരിക്കുന്ന ചുമതല.

സാത്താനെ ആയിരമാ് കാലത്തേക്ക് ബന്ധിക്കുമെന്ന സത്യം നാം വെളിപ്പാട് പുസ്തകത്തിൽ വായിക്കുന്നു. എന്തിനാണ് അവനെ ബന്ധിക്കു ന്നത്? അവൻ ലോകത്തെ വഞ്ചിക്കാതിരിക്കാൻ (വെളി 20:3) ആ ആയിരമാ ുകാലം യേശു ക്രിസ്തു യറുശലേമിൽ ഇരുന്ന് ലോകത്തെ ഭരിക്കും.

ആ ആയിരമാ് വാഴ്ചക്ക് ശേഷം സാത്താനെ കുറേകാലത്തേക്ക് അഴിച്ചുവിടും. എന്തായിരിക്കും ഫലം? ലോകത്തിന്റെ നാലുദിക്കിലുമുള്ള വരെ അവൻ വഞ്ചിക്കുവാൻ തുടങ്ങും (വെളി 20:8).

അക്കാലത്ത് സാത്താൻ മനുഷ്യനെ വഞ്ചിക്കാതിരിക്കണമെന്നാണ് ദൈവത്തിന്റെ ഹിതമെങ്കിൽ ദൈവം എന്തിനാണ് അവനെ അഴിച്ചുവിടുന്നത്. കാരണം ലോകത്തെ വഞ്ചിക്കാതിരിക്കാനാണല്ലോ ദൈവം സാത്താനെ ബന്ധിച്ചത്.

സാത്താൻ ആരേയും വഞ്ചിക്കരുതെന്നുതന്നെയാണ് ദൈവത്തിന്റെ ആഗ്രഹം. ദൈവം പറഞ്ഞത് വിശ്വസിക്കാതിരിക്കുകയും എന്നാൽ സാത്താൻ പറഞ്ഞത് വിശ്വസിക്കുകയും ചെയ്യുന്നവരെയാണ് സാത്താൻ വഞ്ചിക്കുന്നത്. സത്യത്തെ ത്യജിക്കുന്നവരെ മാത്രമേ സാത്താൻ വഞ്ചിക്കുകയുള്ളു. ദൈവം അതിന് സാത്താനെ അനുവദിച്ചിരിക്കുന്നു. അവൻ ജനത്തെ വഞ്ചിച്ച് അവ രുടെ ഹൃദയത്തിന്റെ അവസ്ഥയെ വ്യക്തമായി വെളിപ്പെടുത്തും. അപ്പോൾ ദൈവത്തിന് കളയും കതിരും തമ്മിൽ വേർതിരിക്കുവാൻ കഴിയും (മത്താ 13:24–30).

ആയിരാമാ് വാഴ്ചയ്ക്കുശേഷം സാത്താനെ അഴിച്ചുവിടുമ്പോൾ യഥാർത്ഥത്തിൽ ഇതാണ് സംഭവിക്കുന്നത്. സാത്താൻ വഞ്ചനയിൽകുടുങ്ങി യ, അന്ധരകാരത്തെ സ്നേഹിക്കുന്നവർ സാത്താനോടും സൈന്യത്തോടും അണിചേർന്നു യറുശലേമിൽ ഒന്നിച്ചുകൂടി ക്രിസ്തുവിന്റെ ഭരണത്തെമറിച്ചു കളയുവാൻ ശ്രിമിക്കും. ദൈവത്തെ സ്നേഹിക്കുന്നവനേയും ദൈവത്തെ

വെറുക്കുന്നവനേയും ദൈവം തിരിച്ചറിയും, പെട്ടെന്ന് സ്വർഗ്ഗത്തിൽനിന്ന് തീ ഇറങ്ങി ശത്രുക്കളെ വിഴുങ്ങിക്കളയും (വെളി 20:10).

ഇപ്പോഴത്തെപ്പോലെതന്നെ ദൈവത്തിന്റെ ഉദ്ദേശം പൂർത്തീകരിക്കപ്പടാൻ ദൈവം സാത്താനെ അന്നും ഉപയോഗിക്കും. ദേശത്തുനിന്ന് അന്ധകാര ശക്തികളെ പൊളിച്ചുനീക്കുവാൻ മനുഷ്യൻ ശ്രമിക്കുന്നതിന്റെ വിഡ്ഢിത്തം ബോധ്യമായി എന്നുകരുതുന്നു. ദൈവത്തിന്റെ ഉദ്ദേശത്തിനുവേി ദൈവം സാത്താനെ നിലനിർത്തിയിരിക്കുന്നു.

## വചനാടിസ്ഥാനത്തിലുള്ള സുവിശേഷികരണം
## (Biblical Evangelism)

ആധുനീക സുവിശേഷകന്മർ സംവിധാനം ചെയ്തിരിക്കുന്ന രീതിയിലുള്ള ഒരു സുവിശേഷികരണമല്ല യേശുവും പുതിയ നിയമ അപ്പോസ്തലന്മാരും ചെയ്തത്. യേശു, പത്രോസ്, യോഹന്നാൽ, സ്തേഫാനോസ്, ഫിലിപ്പോസ്, പൗലോസ് ഇവരാരും കോട്ടകൾ തകർക്കാനോ, ദേശത്തിലെ ബലവാനെ പിടിച്ചു കെട്ടുവാനോ ശ്രമിച്ചതായി കാണുന്നില്ല. സുവിശേഷം അറിയിക്കേ പട്ടണങ്ങളിലേക്ക് പരിശുദ്ധാത്മാവ് അവരെ അയയ്ക്കുകയായിരുന്നു. അവർ വളരെ ലളിതമായി സുവിശേഷം പ്രസംഗിച്ചു. ജനത്തെ അനുതാപത്തിലേക്ക് നയിച്ച് ക്രിസ്തുവിൻ വിശ്വസിക്കുവാൻ ആഹ്വാനം ചെയ്തു. അവർക്ക് വലിയ കൊയ്ത്ത് നടത്തുവാൻ കഴിഞ്ഞുവെന്ന് നാം വായിക്കുന്നു. ജനത്തിന്റെ മനസ്സിന്റെ ബന്ധനത്തെ മാറ്റാൻ അവർ ആത്മീക പോരാട്ടം നടത്തിയല്ല, യേശു പറഞ്ഞതുപോലെ അവരുടെ കാലിലെ പൊടിതട്ടിയിട്ട് അവർ അടുത്ത സ്ഥലത്തേക്കുപോയി (മത്താ 10:14, അപ്ര 13:5).

കോട്ടകളെ തകർക്കുക ബലവാനെ പിടിച്ചുകെട്ടുക എന്ന മുദ്രാവാക്യം സുവിശേഷത്തിന്റെ ആമുഖമായി പ്രഖ്യാപിക്കുന്നത് അതിശയത്തെ ഉളവാക്കുന്നു. സുവിശേഷികരണത്തിന്റെ വിജയത്തിന് ഇത് അനുപേക്ഷണീകമാണെന്ന് അവർ വിശ്വസിക്കുന്നു. എന്നാൽ ആത്മീകപോരാട്ടം നടത്താതെ വലിയ ഉണർവ്വിൻയോഗങ്ങൾ നടന്നതിന് ആയിരക്കണക്കിന് ഉദാഹരണങ്ങൾ സഭാചരിത്രത്തിൽ നമുക്ക് കാണുവാൻ കഴിയും.

എന്നാൽ നമ്മുടെ പൊടിക്കൈ ഫലം കാണുന്നു എന്ന് അനുഭവത്തിൽനിന്നു നമുക്ക് പറയാൻ കഴിയും. ചിലർ പറഞ്ഞേക്കാം – അന്ന് നടത്തിയ ആത്മിക പോരാട്ടത്തിനുശേഷം അനേകർ രക്ഷയിലേക്ക് അധികമായി കടന്നുവന്നു.

ഇത് സത്യമെങ്കിൽ അതിന്റെ കാരണം ഞാൻ നിങ്ങളോടു പറയാം. ആ സമയം അവിടെ വചനാടിസ്ഥാനത്തിലുള്ള പ്രാർത്ഥനയും, സുവിശേഷികരണവും നടന്നു അല്ലെങ്കിൽ ഒരു പറ്റം ജനം സുവിശേഷത്തിൽ ആകൃഷ്ടരായി. ഇതാണ് അനേകർ രക്ഷയിലേക്ക് അധികമായി കടന്നുവരാൻ കാരണം.

ഒരു സുവിശേഷകൻ നിങ്ങളോടു പറഞ്ഞുവെന്ന് കരുതുക, ഇന്നത്തെ ഉണർവ്വ് യോഗത്തിനുമുമ്പ് ഞാൻ രഹസ്യമായി മൂന്നു വാഴപ്പഴം കഴിച്ചു. അതിനുശേഷം പ്രസംഗിച്ചപ്പോൾ പതിനാറുപേർ രക്ഷിക്കപ്പെട്ടു! വിജയകരമായ സുവിശേഷികരണത്തിന്റെ രഹസ്യം ഞാൻ മനസ്സിലാക്കി. അന്നുമുതൽ ഉണർവ്വുയോഗത്തിനുപോകുന്നതിനുമുമ്പ് മൂന്നു വാഴപ്പഴം കഴിക്കുന്നത് ഞാൻ ശീലമാക്കി ഈ സുവിശേഷകനോടു എന്താണ് നിങ്ങൾക്കു പറയാനുള്ളത്.

നിങ്ങൾ കഴിച്ച മൂന്നു വാഴപ്പഴത്തിന് രക്ഷിക്കപ്പെട്ട പതിനാറുവിശ്വാസികളുമായി യാതൊരു ബന്ധവുമില്ല. നിങ്ങൾ സുവിശേഷം പ്രസംഗിച്ചപ്പോൾ അവർ ജാഗ്രതയോടു വചനം കൈക്കൊ്വു അതാണ് നിങ്ങളുടെ വിജയ രഹസ്യം എന്നു തീർച്ചയായും നിങ്ങൾ പറയും.

ദൈവം വാക്കുമാറുന്നവനല്ല. ദൈവം ഒരു വാഗ്ദത്തം തന്നാൽ, ആ വാഗ്ദത്തത്തിന്റെ പിന്നിലുള്ള വ്യവസ്ഥകൾ നിങ്ങൾ പാലിച്ചാൽ, ദൈവം തന്റെ വാക്കുപാലിക്കും. വചനവിരുദ്ധമായി നിങ്ങൾ പ്രവർത്തിച്ചാൽപോലും ദൈവം വിശ്വസ്തനാണ് അവൻ വാക്കു പറഞ്ഞാൽ ഒരിക്കലും മാറുകയില്ല അതുകൊ് ദൈവത്തിൽ നിന്ന് ഒരു വാക്കുകേൾക്കാൻ കാത്തിരിക്കണം.

ഇന്നത്തെ ആത്മികപോരാട്ടരീതിയുമായി ബന്ധപ്പെടുത്തിചിന്തിച്ചാൽ ഇത് ശരിയാണ്. നിങ്ങൾ കടന്നുപോയി ട്രാക്ടുകൾ കൊടുത്ത് ആ പട്ടണത്തിലെ ബലവാനെ പിടിച്ചുകെട്ടിയാൽ ചില ശതമാനം ആളുകൾ രക്ഷിക്കപ്പെട്ടേക്കം. എന്നാൽ അതേ പട്ടണത്തിൽ നിങ്ങൾ സഞ്ചരിച്ച് ട്രാക്ടുകൾ വിതരണം ചെയ്ത് ബലവാനെ പിട്ച്ചുകെട്ടാതിരുന്നാലും അത്രയും ശതമാനം ആളുകൾ രക്ഷിക്കപ്പെടും.

## ഒരു ആത്മിക കൊയ്ത്തിന് ആത്മാവിൽ പ്രാർത്ഥിക്കുന്നതെങ്ങനെ?
## (How to Pray Scripturally for a Spiritual Harvest)

രക്ഷിക്കപ്പെടാത്തവർക്കുവേി നാം എങ്ങനെയാണ് പ്രാർത്ഥിക്കേത്? ഒന്നാമതായി, നാം ഒരു കാര്യം മനസ്സിലാക്കണം, അതായത്, ദൈവം ജനത്തെ രക്ഷിക്കാൻ നാം എങ്ങനെ പ്രാർത്ഥിക്കണമെന്ന് പഠിപ്പിക്കുന്ന ഒരു നിർദ്ദേശവും പുതിയനിയമത്തിലില്ല,പഴയനിയമകാലത്ത് ജനം പ്രാർത്ഥിച്ച ഒരു മാതൃകയും നമുക്ക് ലഭ്യമല്ല. ലോകത്തുള്ളവർ രക്ഷിക്കപ്പെടുന്നതിന് ആവശ്യമായതെല്ലാം ദൈവം ചെയ്തിട്ടു്. ജനം രക്ഷിക്കപ്പെടണമെന്ന് ദൈവത്തിന് അമിതമായ ആഗ്രഹമുായിരുന്നതുകൊാണ് തന്റെ ഏകജാതനെ ക്രൂശിൽ മരിക്കാൻ ദൈവം അനുവദിച്ചത്.

എന്നാൽ, എല്ലാവരും എന്തുകൊ് ഇതുവരെ രക്ഷിക്കപ്പെട്ടില്ല. കാരണം എല്ലാവരും സുവിശേഷത്തിൽ വിശ്വസിച്ചില്ല. അവർ എന്തുകൊ്

വിശ്വസിച്ചില്ല? രുകാരണങ്ങൾ ഇതിനു്: 1) അവർ ഇതുവരേയും സുവിശേഷം കേട്ടിട്ടില്ല. 2) അവർ സുവിശേഷം കേട്ടെങ്കിലും അതിനെ കൈക്കൊള്ളാതെ ത്യജിച്ചുകളഞ്ഞു.

അതുകൊ് വചനപ്രകാരം ശിക്ഷിക്കപ്പെടാത്തവർക്കുവേിയുള്ള പ്രാർത്ഥന എന്നാൽ എന്താണ്? സുവിശേഷം കേട്ടിട്ടില്ലാത്തവർക്ക് സുവിശേഷം കേൾക്കാനുള്ള അവസരം ലഭിക്കുവാൻ വേി പ്രാർത്ഥിക്കുക. യേശു നമ്മോടു പറഞ്ഞു. കൊയ്ത്തു ഏറെയു് സത്യം, വേലക്കാരോ ചുരുക്കം. അകയാൽ കൊയ്ത്തിന്റെ യജമാനനോടു തന്റെ കൊയ്ത്തിനു വേലക്കാരെ അയയ്ക്കേതിനു അപേക്ഷിപ്പിൻ (ലൂക്കോ 10:2) ഒരുവൻ സുവിശേഷം കേട്ട് രക്ഷിക്കപ്പെടാൻ ആരെങ്കിലും തീർച്ചയായും അവനോടു സുവിശേഷം പറഞ്ഞിരിക്കണം. അതുകൊ് സുവിശേഷകരെ അയയ്ക്കാൻവേിയാണ് നാം ദൈവത്തോടു പ്രാർത്ഥിക്കേത്.

ആത്മിക കൊയ്ത്തിനുവേി ആഗ്രഹിച്ച ആധുനിക സഭ എങ്ങനെയാണ് പ്രാർത്ഥിച്ചത്: ഇപ്പോഴോ കർത്താവേ, അവരുടെ ഭീഷണികളെ നോക്കേണമേ. സൗഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുന്നതിനാലും നിന്റെ പരിശുദ്ധദാസനായ യേശുവിന്റെ നാമത്താൽ അടയാളങ്ങളും അത്ഭുതങ്ങളും ഉാകുന്നതിനാലും നിന്റെ വചനം പൂർണ്ണ ധൈര്യത്തോടും കൂടെ പ്രസ്താവിപ്പാൻ നിന്റെ ദാസന്മാർക്ക് കൃപ നൽകേണമേ (അപ്ര 4: 29-30).

അവർ പ്രാർത്ഥിച്ചത് 1) പൂർണ്ണധൈര്യത്തോടെ വചനം ഘോഷിക്കുവാനുള്ള അവസരത്തിനുവേി 2) സുവിശേഷം പ്രസ്താവിക്കുന്ന അവസരത്തിൽ പൂർണ്ണധൈര്യംലഭിക്കുന്നതിനുവേി. സുവിശേഷത്തിലൂടെ അത്ഭുതങ്ങൾ അടയാളങ്ങൾ, രോഗശാന്തി എന്നിവ ഉാകും. വചനാടിസ്ഥാനത്തിലുള്ള ആ പ്രാർത്ഥനകളുടെ മുഖ്യലക്ഷ്യം തന്നെ സുവിശേഷം കേൾക്കാൻ ആളുകളെ ഒരുക്കുക എന്നതാണ്. അങ്ങനെയുള്ള പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നൽകിയിട്ടു്. അവർ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി, ആത്മാവിനാൽ നിറഞ്ഞു ധൈര്യത്തോടെ ദൈവവചനം പ്രസ്താവിച്ചു (അപ്ര 4:31).

ആത്മീക കൊയ്ത്തിനുവേി ജനം പ്രാർത്ഥിക്കണമെന്ന് പൗലോസ് ഉപദേശിക്കുകയായിരുന്നോ? കൂടുതൽ ജനത്തെ ദൈവം രക്ഷിക്കാൻ വേി ദൈവത്തോടു ചോദിക്കണമെന്ന് ജനത്തെ നിർദ്ദേശിക്കുകയായിരുന്നോ? അല്ല, പൗലോസ് പറഞ്ഞതെന്താണെന്ന് നമുക്ക് നോക്കാം.

ഒടുവിൽ സഹോദരന്മാരെ, കർത്താവിന്റെ വചനം നിങ്ങളുടെ അടുക്കൽ എത്തിയതുപോലെ വേഗം വ്യാപിച്ചു മഹത്വപ്പെടുവാനും (2 തെസ് 3:1).

ഞാൻ ചങ്ങല ധരിച്ചു സ്ഥാനാപതിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മം പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായ തുറക്കുമ്പോൾ എനിക്കു വചനം നൽകപ്പെടേതിന്നും ഞാൻ സംസാരിക്കേുംവണ്ണം അതിൽ പ്രാഗത്ഭ്യത്തോടെ സംസാരിക്കേതിന്നും പ്രാർത്ഥിപ്പിൻ (എഫേ 6:19-20).

ജനം രക്ഷിക്കപ്പെടണമെന്നതാണ് ഒരു സുവിശേഷകന്റെ ലക്ഷ്യം അതുകൊ് ജനം സുവിശേഷം കേൾക്കുവാനും സുവിശേഷം പ്രഖ്യാപിക്കുവാൻ സുവിശേഷകന് ശക്തി ലഭിക്കാനും വേി നാം ദൈവത്തോടു പ്രാർത്ഥിക്കണം. ദൈവം നമ്മുടെ പ്രാർത്ഥന കേൾക്കും, എന്നാൽ ആരെങ്കിലും രക്ഷിക്കപ്പെടും എന്നതിന് ഉറപ്പില്ല. കാരണം ദൈവം ഓരോരുത്തർക്കും അവരവർക്ക് ശരിയായത് തിരഞ്ഞെടുക്കുവാനുള്ള അവകാശം നൽകിയിട്ടു്. സുവിശേഷത്തോടുള്ള അവരുടെ പ്രതികരണത്തെ ആശ്രയിച്ചാണ് അവരുടെ രക്ഷ നിലകൊള്ളുന്നത്.

## ഒരു വിശ്വാസി പാപം ചെയ്യുമ്പോൾ സാത്താന് തന്നിൽ വസിക്കുവാൻ അവൻ വാതിൽ തുറന്നു കൊടുക്കുകയാണ്

## (Myth 7: When a Christian Sins, he opens the door for a demon to come and live in him)

ഒരു വിശ്വാസി പാപം ചെയ്യുന്നെങ്കിൽ അവൻ അന്ധകാരശക്തിക്ക് കീഴ്പ്പെട്ടു എന്നർത്ഥം. അന്ധകാരശക്തിക്ക് വിധേയപ്പെടുമ്പോൾ, ആ ശക്തിക്ക് സ്വയമേധയാ അവനിൽ പ്രവേശിക്കുവാൻ കഴിയുകയില്ല. വിശ്വാസികൾ പാപം ചെയ്യുമ്പോൾ, ദൈവവുമായുള്ള കൂട്ടായ്മ വിച്ഛേദിക്കപ്പെടുകയും ദൈവത്തെ ധിക്കരിക്കുകയും ചെയ്യുന്നു (1 യോഹ 1:5-6). അവൻ കുറ്റക്കാരനാകുന്നു. എന്നാൽ അപ്പോഴും ദൈവവുമായുള്ള ബന്ധം മുറിക്കപ്പെടുന്നില്ല, നാം ദൈവമക്കൾ തന്നെ.

നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞാൽ, അവൻ നമ്മുടെ പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1 യോഹ 1:9) അപ്പോൾ ദൈവവുമായുള്ള കൂട്ടായ്മ പുനസ്ഥാപിക്കപ്പെടുന്നു. അന്ധകാര ശക്തികളെ അകറ്റിക്കളയുന്നത് ദൈവവുമായുള്ള നമ്മുടെ കൂട്ടായ്മയുടെ ശക്തിയാണ് വ്യക്തിപരമായ നമ്മുടെ ശക്തിയല്ല.

ഓരോ വിശ്വാസിയും അനുദിനം ജഡത്തിന്റെയും പിശാചിന്റെയും പ്രലോഭനത്തെ അഭിമുഖീകരിക്കുന്നു. വ്യത്യസ്ഥമായ അന്ധകാരശക്തികൾക്കെതിരെ നാം അനുദിനം പോരാടണമെന്ന് പൗലോസ് പറയുന്നു (എഫേ 6:12)അതുകൊ്, ഒരു പരിധിവരെ, ഓരോ വിശ്വാസിയും അന്ധകാരശക്തികളാൽ പീഡിപ്പിക്കപ്പെടുന്നു്. ദൈവവചനം ഉപയോഗിച്ചു വിശ്വാസ

ത്താൽ നാം അന്ധകാരശക്തികളോടു എതിർത്തുനില്ക്കണം (1 പത്രോ: 5: 8 –9) ദൈവം പറഞ്ഞത് വിശ്വസിച്ച് പ്രവർത്തിക്കുമ്പോൾ നാം സാത്താനോടു എതിർത്തു നിൽക്കുകയാണ്.

ഉദാഹരണത്തിന്, സാത്താൻ നമ്മുടെ ഉള്ളിൽ വിഷാദരോഗം കൊു വരുമ്പോൾ അതിനെതിരെ പ്രതികരിക്കണം. ഉദാഹരണത്തിന് എപ്പോഴും സന്തോഷിപ്പിൻ (1 തെസ് 5:16) എല്ലാറ്റിനും സ്തോത്രം ചെയ്‌വിൻ (1 തെസ് 5:18) ഈ വചനങ്ങൾ നമുക്ക് പ്രതികരിക്കാൻ പറ്റിയ ആയുധമാണ്. ദൈവ ത്തിന്റെ വചനം അനുസരിച്ച് പ്രവർത്തിക്കണം. സാത്താൻ കൊുവന്നചി ന്തയെ ഹൃദയത്തിൽ നിന്നും നീക്കി ദൈവത്തിന്റെ വചനം കൊുനിറയ്ക്ക ണം.

നാം എന്തുചിന്തിക്കുവാൻ ആഗ്രഹിക്കുന്നുവോ, അത് ചിന്തിക്കുവാന ുള്ള അധികാരം നമുക്കു്. ഒരു വിശ്വാസി നിരന്തരമായി ദുഷ്ടാത്മശക്തിക ളുടെ നിർദ്ദേശത്തിന് ചെവിചായിച്ചാൽ അതിനുവിധേയപ്പെടുകയും തുടർന്നു തെറ്റായ ചിന്തകൾക്കു അടിമയാകുകയം ചെയ്യും, വീും ഈ വിധേയ ത്വത്തിന്റെ ആഴം തുടർന്നാൽ ദുഷ്ടചിന്തകളിലേക്കു വഴുതിവീണുപോകും. എന്നാൽ അപ്പോഴും ആ ചുറ്റുപാടിൽനിന്നു രക്ഷപ്രാപിക്കുവാൻ ആഗ്രഹിക്കു ന്നുങ്കെിൽ ദൈവവചനത്തിന് കീഴടങ്ങി സാത്താനോടു എതിർത്തു നിന്നാൽ മതിയാകും.

ഒരുവൻ എക്കാലവും സാത്താന്റെ അധീനതയിൽ ആയിരിക്കുമോ? മനപൂർവ്വം അവൻ ഹൃദയം കൊ് സാത്താനെ സ്വീകരിക്കുകയും, ക്രിസ്തു വിനെ ത്യജിച്ച് ക്രിസ്തുവിൽനിന്നു പിന്തിരിഞ്ഞു പോകുകയും ചെയ്താൽ അവൻ എന്നും സാത്താന്റെ അധീനത്തിൽ ആയിരിക്കും.

പിന്നെ അവൻ ഒരു വിശ്വാസിയല്ല.[96] അവൻ സാത്താനാൽ ബാധിക്ക പ്പെട്ടവനായി അന്ധകാരശക്തിയുടെ പീഡനത്തിന് ഇരയായിത്തീരും. ഒരു പ ാപം ചെയ്യുന്നതിലൂടെ ഹൃദയകവാടങ്ങൾ സാത്താനുവേി തുറക്കപ്പെട്ടു എന്ന ചിന്ത തെറ്റാണ്. അനുതപിച്ച് ഏറ്റു പറഞ്ഞാൽ ക്ഷമിക്കുവാൻ തയ്യാറാകുന്ന ഒരു രക്ഷകനാണ് നമുക്കുള്ളത്.

ഒരു വിശ്വാസിയെ സാത്താൻ ബാധിച്ചതായി ഒരു തെളിവും പ ുതിയ നിയമത്തിലില്ല. അന്ധകാരശക്തികൾ ഒരു വിശ്വാസിയിൽ അധിവസി ക്കുവാനുള്ള സാദ്ധ്യതകളെക്കുറിച്ചുള്ള പരാമർശവും പുതിയ നിയമത്തിലില്ല. ഒരുവനിൽനിന്നും സാത്താനെ പുറത്താക്കുവാനുള്ള പ്രത്യേക നിർദ്ദേശ ങ്ങളോ മാതൃകയോ തിരുവചനനത്തിലില്ല.

---

96 . ഒരിക്കൽ രക്ഷപ്പെട്ടാൽ രക്ഷനിലനിൽക്കും എന്ന തത്വത്തെ പിൻതുടരുന്നവൻ ഇതിനോ ടുയോചിക്കുകയില്ല. ഇങ്ങനെയുള്ളവരോടു വായിക്കുവാൻ ഞാൻ നിർദ്ദേശിക്കുന്ന വേദഭാ ഗങ്ങൾ റോമ 11:22, 1 കൊരി 15:1–2, ഫിലി 3:18–19 കൊലോ 1:21–23, എബ്രാ 3:12–14 ‘‘എങ്കിൽ’’ എന്ന വാക്കു കാണുമ്പോൾ പ്രത്യേകം ശ്രദ്ധിച്ചുവായിക്കുക.

ഒരു യഥാർത്ഥ വിശ്വാസി എന്ന രീതിയിൽ നാം നമ്മിൽനിന്ന് സാത്താനെ പുറത്താക്കേ ആവശ്യമില്ല. നാം ദൈവവചനത്തെ പുതുക്കത്തോടെ ഹൃദയത്തിൽ സ്വീകരിച്ചാൽ മതിയാകും. അത് വചനപ്രകാരമുള്ളതാണ്. പൗലോസ് എഴുതി.

ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേതിന്നു മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ (റോമ 12:2).

നമ്മുടെ ഹൃദയത്തെ ശുദ്ധീകരിച്ച് ദൈവവചനംകൊ് അതിനെ നിറച്ചാൽ പാപസ്വഭാവത്തിന്റെ മേൽ വിജയം വരിച്ച് ക്രിസ്തുവിനു അനുരൂപമായി നമുക്ക് ജീവിക്കുവാൻ കഴിയും.

സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും (യോഹ 8:32) നാം മനസ്സുപുതുക്കി രൂപാന്തരപ്പെടുമ്പോൾ നാം പുതിയ സൃഷ്ടികളായിത്തീരും. നമ്മുടെ മനസ്സിലിലാകുന്ന രൂപാന്തരമാണ് നമ്മെ പുതിയ വ്യക്തികളാക്കിമാറ്റുന്നതു ഒരിക്കലും അന്ധകാരശക്തി ഒഴിപ്പിക്കപ്പെട്ടതുകൊല്ല.

പല വിശ്വാസികളും തങ്ങളെ ബാധിച്ചിരുന്ന സാത്താൻ അവരിൽനിന്നു വിട്ടുപോയി എന്നു സാക്ഷ്യം പറയുന്നതുകേട്ടിട്ട്. എന്താണിതിനു കാരണം? അവരിൽ നിന്നു സാത്താൻ പുറത്താക്കപ്പെട്ടു എന്നു കരുതുന്ന നാൾ മുതൽ അവരിൽ സാത്താൻ ഉായിരുന്നു എന്ന വിശ്വാസം ഉറപ്പിക്കപ്പെടുകയാണ്. പലവിശ്വാസികൾക്കും വചനത്തെക്കുറിച്ചുള്ള അറിവ് കുറവാണ്. അതുകൊ് അവർ വിടുതലിൻ ശുശ്രൂഷ ചെയ്യുന്ന ശുശ്രൂഷകന്മാരുടെ ഇരയായിത്തീരും, ഈ ശുശ്രൂഷകന്മാർ അവരിൽ ഭൂതമു് എന്ന ഉറപ്പിക്കും. പിശാചിന്റെ ബാധ തനിക്കുന്നെ് വിശ്വസിക്കുന്ന ഒരുവൻ ഭൂതങ്ങളെ പുറത്താക്കുന്ന ശുശ്രൂഷയുമായി യോജിച്ച് അവരുടെ ആശയങ്ങളെ പിൻതുടരും.

ബാധഒഴിപ്പിക്കപ്പെട്ടു എന്നു വിശ്വസിക്കുന്ന ഇക്കൂട്ടർ അപ്പോൾ ക്രിസ്തുവിന്റെ യഥാർത്ഥ വിശ്വാസികൾ ആണെന്നു അവർ വിശ്വസിച്ചിരുന്നെങ്കിലും, അവർ യഥാർത്ഥവിശ്വാസികൾ ആയിരുന്നില്ല. യഥാർത്ഥവിശ്വാസികളല്ലാത്തവരും, വിശ്വാസികൾ ആണെന്ന വ്യാജേന വിരാജിക്കുന്നു. അവിശ്വാസികളെപ്പോലെ, അവർക്ക് യേശു കർത്താവല്ല. ജനം സുവിശേഷത്തിൽ വിശ്വസിച്ച് വീം ജനനം പ്രാപിച്ചപ്പോൾ, അവരിലുായിരുന്ന ദുരാത്മാക്കൾ പുറത്തുവന്നു (അപ്ര 8: 5-7) വീം ജനനം പ്രാപിച്ചവരിൽ പരിശുദ്ധാത്മാവ് വസിക്കുന്നു, പിരിശുദ്ധാത്മാവ് വസിക്കുന്ന ഒരുവനിൽ പിശാചിന് ഇടമില്ല.

**കാഴ്ചപ്പാട് 8: ഒരു പട്ടണത്തിന്റെ ചരിത്രപശ്ചാത്തലം അറിയുന്നതിലൂടെ അവിടെ ആധിപത്യം സ്ഥാപിച്ചിരിക്കുന്നത് ഏത് ദുരാത്മാവാണെന്ന് അറിഞ്ഞ് ആത്മിക പോരാട്ടത്തിന് തീവ്രത കൂട്ടിയാൽ അവ**

## സാനം ആ പട്ടണത്തിൽ സുവിശേഷീകരണം സാദ്ധ്യമാകുകയും ചെയ്യും

## (Myth 8: Through Studying the History of a City, we can determine which evil spirits are dominating it, and thus be more effective in spiritual warfare and ultimatly in evangelizsation)

വിവിധ ആശയങ്ങളുടെ അടിസ്ഥാനത്തിൽ നിലനിൽക്കുന്ന ഈ കാഴ്ചപ്പാടിന് വചനപ്രകാരം യാതൊരു പിൻതുണയുമില്ല. ദേശാധിപധി ശക്തികൾ അതതു സ്ഥലത്ത് അനേകനാൾ ചുറ്റിക്കറങ്ങുന്നു എന്നത് പൊതുവായ ഒരു ധാരണയാണ്. നൂറുകണക്കുവർഷങ്ങൾകൊ് ഒരു സ്ഥലത്ത് കഴിയുന്ന ദുരാത്മാക്കൾ ഇപ്പോഴും ആ സ്ഥലത്തുതന്നെ കഴിയുന്നുവെന്ന് കരുതപ്പെടുന്നു. ഒരു പട്ടണത്തിൽ പാർക്കുന്നവരെല്ലാം ദുരാഗ്രഹികളാണെങ്കിൽ, ആ പട്ടണത്തെ ദുരാഗ്രഹത്തിന്റെ ദുരാത്മാവ് അടക്കിവാഴുന്നു എന്നുകരുതാം. ഒരു ഭാരതീയഗ്രാമമാണ് പട്ടണമായിത്തീർന്നതെങ്കിൽ അവിടെ പ്രേതാർച്ചകമതവും മന്ത്രവാദവും ഇന്നും അവിടെ നിലനിൽക്കുന്നു എന്ന് അനുമാനിക്കാം. അതിന്റെ ശക്തി തുടർന്നു പൊയ്ക്കൊയേിരിക്കും.

അനേകവർഷങ്ങൾക്കുമുമ്പ് ഒരു ദേശത്തെ സ്വാധീനിച്ചിരുന്ന അന്ധകാരശക്തികളും വാഴ്ചകളും ഇപ്പോഴും അവിടെത്തന്നെയുോ? ഒരു പക്ഷെ ഉായിരിക്കാം, നിർബ്ബന്ധമില്ല.

ദാനിയേലിന്റെ പുസ്തകത്തിലെ പത്താം അദ്ധ്യായത്തിലേക്കു നമുക്ക് കടന്നുവരാം. പാഴ്സി പ്രഭുവിനോടു പടവെട്ടിയ ദൂതൻ ദാനിയേലിനോടു പറഞ്ഞു: ഞാൻ നിന്റെ അടുക്കൽ വന്നിരിക്കുന്നതു എന്തിനെന്ന് നീ അറിയുന്നുവോ? ഞാൻ ഇപ്പോൾ പാഴ്സി പ്രഭുവിനോടു യുദ്ധം ചെയ്‌വാൻ മടങ്ങി-പ്പോകും, ഞാൻ പുറപ്പെട്ടശേഷമോ, യവനപ്രഭുവരും (ദാനി 10:20) യവനസാമ്രാജ്യത്തിന്റെ അധിപനായ അലക്സാറുടെ ആക്രമണത്തോടെ പേർഷ്യൻ സാമ്രാജ്യം അസ്തമിച്ചുഎന്ന് ചരിത്രം പറയുന്നു. ഈ ദൂതന് ഭാവിയിൽ യവനപ്രഭുവരുമെന്ന് മുൻകൂട്ടി അറിയാമായിരുന്നു, കാരണം ആത്മമണ്ഡലത്തിലെ മാറ്റത്തെക്കുറിച്ച് ഗ്രഹിക്കുവാൻ ഈ ദൂതന് ശക്തിയുായിരുന്നു.

പേർഷ്യൻ സാമ്രാജ്യത്തെ ഭരിക്കുവാൻ യവനപ്രഭുമായ ആലകസാർ ചക്രവർത്തി വന്നപ്പോൾ, പേർഷ്യൻ ചക്രവർത്തി ഭരിച്ചുകൊിരുന്ന അവിടുത്തെ ആത്മമണ്ഡലത്തിന്റെ ഉത്തവാദിത്വവും അലക്സാർ ചക്രവർത്തി ഏറ്റെടുത്തുവോ? പേർഷ്യൻ സാമ്രാജ്യത്തിന്റെ ഉത്തരവാദിത്വം അലക്സാർ ചക്രവർത്തി ഏറ്റെടുത്തപ്പോൾ അവിടെ ഉായിരുന്ന ഉന്നതപദവിയുള്ള അന്ധകാരശക്തികൾക്ക് സ്ഥാനഭ്രംശം സംഭവിച്ചിരിക്കാം, അവർ അനുകൂലസ്ഥലത്തേക്ക് നീങ്ങിയിരിക്കാം. ഭൂമിയിൽ രാഷ്ട്രീയാന്തരീക്ഷം മാറുന്നതോടൊപ്പം അന്ധകാരശക്തികളുടെ സ്വാധീനത്തിനും മാറ്റം സംഭവിക്കാം. ദൈവം വെളിപ്പെടുത്തിയാലേ നമുക്ക് ആ മാറ്റത്തെ ഗ്രഹിക്കുവാൻ സാദ്ധ്യമാകുകയുള്ളു. ഏത് അന്ധകാരശക്തി ഒരു ദേശത്തുവാണാലും വിശ്വാസികളായ നാം ആ

അന്ധകാരശക്തികൾക്കെതിരെ ആത്മികപോരാട്ടത്തിന് അരയും തലയും മുറുക്കി ഇറങ്ങേതില്ല.

## അന്ധകാരശക്തികളെ തരംതിരിക്കുന്നത്
## (Over Categorizing Evil Spirits)

ചില അന്ധകാരശക്തികൾ മനുഷ്യനെ പ്രത്യേകതരം പാപപ്രവർത്തിയക്ക് പ്രേരിപ്പിക്കുന്നു എന്ന് ചിലർ കരുതുന്നു. ദുരാഗ്രഹത്തിന്റെ ആത്മാവ്, അത്യാഗ്രഹത്തിന്റെ ആത്മാവ്, മതവൈരുദ്ധ്യത്തിന്റെ ആത്മാവ്, ശണ്ഠയുടെ ആത്മാവ് ഇങ്ങനെ പലതും. എന്നാൽ വചനം ഇതിന് ഒരു തെളിവും തരുന്നില്ല. ഈ ദുരാത്മാക്കളെല്ലാം അന്ധകാരത്തിന്റെ സാമ്രാജ്യത്തിലെ ശക്തികൂടിയ കേമന്മാരാണെന്നും പരക്കെ ധാരണയു്.

മൂന്നുതരം ദുരാത്മാക്കളെയാണ് യേശു ഓടിച്ചുകളഞ്ഞതെന്ന് സുവിശേഷം വായിക്കുന്ന ഏതൊരാൾക്കും ബോദ്ധ്യമാകും. ഊമ ആത്മാവ് (ലൂക്കോ 11:14) ഊമനും ചെകിടനുമായ ആത്മാവ് (മർക്കോ 9:25) അശുദ്ധാത്മാവ് (മർക്കോ 9:25). ഈ അശുദ്ധാത്മാക്കളുടെ കൂട്ടത്തിൽ യേശു ഓടിച്ചുകളഞ്ഞ ചെകിടനും ഊമനുമായ ആത്മാവ് ഉൾപ്പെടെ അനേക ദൂരത്മാക്കൾ ഉന്നൊ മനസ്സിലാക്കാം.

ചെകിടനും ഊമനുമായ ദുരാത്മാവിന് ഒരുവനെ ചെകിടനും ഊമനും ആക്കിമാറ്റുവാനല്ലാതെ മറ്റൊന്നും ചെയ്യുവാൻ സാധ്യമല്ലയോ? മറ്റൊന്നും ചെയ്യാൻ കഴിയുകയില്ലായെന്നത് വസ്തുതയല്ല കാരണം മർക്കോ 9-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന ഊമനായ ആത്മാവു ബാധിച്ചവൻ നുരച്ചു പല്ലുകടിച്ചുവരുപോകുന്ന അവസ്ഥഉാക്കിയാണ് ദുരാത്മാവ് അവനിൽ പ്രവർത്തിച്ചത്. ഇതിൽനിന്നും ഒരു ദുരാത്മാവ് പ്രത്യേകമായ രീതിയിൽ പ്രവർത്തിക്കുമെന്ന് തരംതിരിച്ച് ചിന്തിക്കേകാര്യമില്ല. എന്നാൽ നമ്മളിൽ ചിലർക്ക് ദുരത്മാക്കളെ തരംതിരിച്ച് അറിയാൻ വ്യഗ്രതയാണ്, ഇത് വചനാടിസ്ഥാനമല്ലായെന്ന് പറഞ്ഞുകൊള്ളട്ടെ.

പഴയ നിയമത്തിൽ പൊതുവായി നാം നോക്കിയാൽ അവിടെ ഒരു പ്രത്യേകതരം ദൂരാത്മാവ് എന്ന് പറഞ്ഞിരിക്കുന്നത് വഞ്ചനയുടെ ആത്മാവിനെയാണ് (1 രാജ 22: 22-23), വൈകൃതത്തിന്റെ ആത്മാവ് (യശ 19:14) വ്യഭിചാരത്തിന്റെ ആത്മാവ് (ഹോശ 4:12, 5:4). ഒന്നാമത്തേയും രാമത്തേയും ദുരാത്മാവിനെ വഞ്ചനയുടെ ആത്മാവെന്നും വൈകൃതത്തിന്റെ ആത്മാവെന്നും വിളിക്കാം എന്നാൽ മൂന്നാമത്തെതിനെ വ്യഭിചാരത്തിന്റെ ആത്മാവ് എന്ന ഒരു പ്രത്യേകപേരിൽ അറിയപ്പെടുന്നതുശരിയല്ല കാരണം അത് ഒരു അവസ്ഥമാത്രമാണ്.[97]

---

[97] . അസൂയയുടെ ആത്മാവ് എന്ന് സംഖ്യ 5:14-30ലും, ഗർവ്വിന്റെ ആത്മാവ് എന്ന് സദൃ 16:18ൽ പറഞ്ഞിരിക്കുന്നത്, ഒരു അവസ്ഥയെ പ്രകടിപ്പിക്കുന്ന ഒരു ആത്മാവിനെ എടുത്തുകാട്ടാനല്ല, മറിച്ച് ഒരവസ്ഥയെ വെളിപ്പെടുത്താനാണ് ആത്മാവ് എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത് എന്നതിന്റെ ഉത്തമ ഉദാഹരണമാണ്.

അപ്പോസ്തലപ്രവർത്തികൾ 16:16ൽ ഒരു പെൺകുട്ടിയിലുള്ള ദുരാത്മാവിനെ വെളിച്ചപ്പാടത്തി എന്ന് പേരുപറഞ്ഞിരിക്കുന്നു. എല്ലാ ലേഖനങ്ങളിലും ദുരാത്മാക്കളെ വഞ്ചനയുടെ ആത്മാവ് എന്നാണ് പേര് പറഞ്ഞിരിക്കുന്നത് (1 തിമോ 4:1).

വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ പ്രത്യേക ദുരാത്മാക്കൾ ഉായിരിക്കെ ആധുനിക ശുശ്രൂഷകന്മാർ ബഹുവിധപേരുകളിൽ ദുരാത്മക്കൾ വ്യക്തികളുടേയും ദേശത്തിന്റേയും മേൽ അധിവസിക്കുന്നു എന്ന് വെളിപ്പെടുത്തുന്നത് അതിശയമായിരിക്കുന്നു!

ദുരാത്മാക്കളുടെ പേരിൽ ഒരു തരംതിരിവ് ഉണ്ടെന്നു കരുതരുത്. ചൂതാട്ടം ഒരു പട്ടണത്തിൽ ഉങ്കെിൽ അവിടെ ചൂതാട്ടത്തിന്റെ ദുരാത്മാവ് നിലനിൽക്കുന്നു എന്നു കരുതരുത്.

### പുകവലിയുടെ ആത്മാവോ?
### (Smoking Spirit?)

ഒരു പട്ടണത്തെ പുകവലിയുടെ ആത്മാവ് ബാധിച്ചിരിക്കുന്നതുകൊ് ആ പട്ടണത്തിലെ ഭൂരിഭാഗംപേരും പുകവലിക്കുന്നവരാണെന്ന് നിങ്ങളോടു ഒരാൾ പറഞ്ഞാൽ അതെന്തു വിഡ്ഢിത്തമായിരിക്കും. ആ പട്ടണം നിലവിൽ വരുന്നതിനുമുമ്പ് ഈ ദുരാത്മാക്കൾ എന്തുചെയ്യുകയായിരുന്നു? അവർ അതുവരെ എവിടെ ആയിരുന്നു? പുകയിലകുപിടിക്കുന്നതിനുമുമ്പ്, ഈ ദുരാത്മാക്കൾ എന്ത് ജോലിയാണ് ചെയ്തിരുന്നത്? പുകവലിക്കുന്നവരുടെ എണ്ണം കുറയാൻ കാരണമെന്ത്? പുകവലിയെ പ്രോത്സാഹിപ്പിച്ചിരുന്ന ദുരാത്മാക്കൾ ചത്തുപോയതുകൊാണോ? അതോ അവർ പുതിയ ദേശത്തേക്ക് താമസംമാറ്റിയതുകൊാണോ?

ഒരു പട്ടണത്തിൽ പലവീടുകളിലും വ്യഭിചാരം നടക്കുന്നത് ഈ പട്ടണത്തിൽ ലൈംഗികാസക്തിയുടെ ദുരാത്മാവ് വ്യാപരിക്കുന്നതുകൊാണൊ? ക്രിസ്തുവിന്റെ വെളിച്ചത്തിന്റെ സാമ്രാജ്യത്തെ തള്ളിക്കളയുന്ന ഏതൊരു സ്ഥലത്തും സാത്താന്റെ അന്ധകാരത്തിന്റെ രാജ്യം സ്ഥാപിക്കപ്പെടും. ആ അന്ധകാരത്തിൽ ദുരാത്മാക്കൾ തന്റെ പ്രജകളെ പാപം ചെയ്യാൻ പ്രേരിപ്പിക്കുകയും, ദൈവത്തിന് എതിരായി മത്സരിക്കുകയും ചെയ്യും. ആ സ്ഥലത്ത് പ്രത്യേകതരത്തിലുള്ള ഓരോ രീതിയിലുള്ള പാപം ചെയ്യാൻ ദുരാത്മാവ് മനുഷ്യരെ പ്രേരിപ്പിച്ചുകൊിരിക്കും. സുവിശേഷമാണ് അവർക്കുള്ള ഏക രക്ഷാമാർഗ്ഗം.

ഏതുതരം ദുരാത്മാവ് ഏതുരീതിയിൽ അവിടെ പ്രവർത്തിക്കുന്നു എന്നറിയുന്നതുകൊ് നമുക്ക് ഒരു പ്രയോജനവുമില്ല. കാരണം അവയെ നീക്കം ചെയ്യാൻ വേി നമുക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. വഞ്ചിക്കപ്പെട്ട അവിടുത്തെ ജനത്തിനുവേി പ്രാർത്ഥിക്കുക, സുവിശേഷം പ്രഘോഷിക്കുക ഇതാണ് നമ്മുടെ ഉത്തരവാദിത്വം.

ചില പട്ടണങ്ങളിലെ പ്രകടമായ പാപത്തിൽ ബന്ധിക്കപ്പെട്ട രക്ഷിക്കപ്പെടാത്തവർക്കുവേി നാം അദ്ധ്വാനിച്ചേ മതിയാകു. ഏതുപാപം മൂലമാണോ അവർ ദൈവമുമ്പിൽ കുറ്റക്കാരായിരിക്കുന്നത്, ആ പാപത്തിന്റെ പേരു പറഞ്ഞ് വചനസന്ദേശം അവർക്കു പകരുവാൻ നാം ശ്രമിക്കണം. ഇതിനുവേി ആ പട്ടണത്തിന്റെ ചരിത്രം ഗവേഷണവിഷയമാക്കണമെന്നില്ല. കണ്ണും ചെവിയും തുറന്ന് ആ പട്ടണത്തിൽ ഒന്നു സന്ദർശിച്ചാൽ മതിയാകും. അവിടുത്തെ പ്രകടമായ പാപത്തെക്കുറിച്ച് നമുക്ക് ബോദ്ധ്യമാകും.

ആത്മിക പോരാട്ടത്തിനോ, സുവിശേഷികരണത്തിനോ വേി ഒരു ആത്മിക ഭൂപടം തയ്യാറാക്കേ കാര്യമില്ല. ലേഖനങ്ങളിലൊന്നും സംവിധാനത്തെ സാധുകരിക്കാൻ തെളിവുകളോ നിർദ്ദേശങ്ങളോ ഇല്ല. പുതിയ നിയമത്തിന്റെ മാതൃകയനുസരിച്ച്, പരിശുദ്ധാത്മാവ് നയിക്കുന്നിടത്തേക്കു പോകുക, സുവിശേഷം അറിയിക്കുക, ജനത്തെ അനുതാപത്തിലേക്കു നയിക്കുക, അടയാളങ്ങൾക്കായി ദൈവത്തോടു യാചിക്കുക, അപ്പോസ്തലന്മാർ ചെയ്തത് ഇങ്ങനെയാണ്. ഈ മാതൃക വളരെ ഫലം ഉളവാക്കിയിരുന്നു.

## കാഴ്ചപ്പാട് 9: ചിലവിശ്വാസികൾ തലമുറയുടെ അല്ലെങ്കിൽ സാത്താന്റെ ശാപത്തിൽനിന്ന് വിടുതൽ പ്രാപിക്കേിയിരിക്കുന്നു (Myth 9: Some Christians Need to be Set Free from Generational or Satanic Curses)

തലമുറകളിലൂടെ ശാപം എന്ന ആശയം പഴയ നിയമത്തിലെ വചനങ്ങളിൽനിന്ന് രൂപപ്പെട്ടതാണ ്; പുറപ്പാട് 20:5, 34:7, സംഖ്യ 14:8, ആവ 5:9 സംഖ്യ 14:18 നമുക്ക് നോക്കാം.

''യഹോവ ദീർഘക്ഷമയും മഹാദയയും ഉള്ളവൻ; അകൃത്യവും ലംഘനവും ക്ഷമിക്കുന്നവൻ; കുറ്റക്കാരനെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തേയും നാലാമത്തേയും തലമുറയോളം മക്കളുടെ മേൽ സന്ദർശിക്കുന്നവൻ'' (സംഖ്യ 14:18).

പൂർവ്വപിതാക്കന്മാരുടെ പാപത്തിന്റെ പേരിൽ ദൈവം ഒരുവനെ ശപിക്കുമോ? യേശുക്രിസ്തുവിൽ ഒരുവൻ വിശ്വസിക്കുമ്പോൾ അവന്റെ പാപത്തെ യേശു ക്ഷമിച്ചുകൊടുക്കുകയും എന്നാൽ അവന്റെ പൂർവ്വപിതാക്കളുടെ പാപത്തിന്റെ പേരിൽ അവനെ ശപിക്കുകയും ചെയ്യുമോ?

തീർച്ചയായും ഇല്ല, ഒരുവന്റെ പാപം ക്ഷമിച്ചുകൊടുക്കുകയും എന്നാൽ പൂർവ്വപിതാക്കന്മാരുടെ പാപത്തിന് തന്നിൽ കണക്കു തീർക്കുകയും ചെയ്യുന്ന ദൈവം അനീതിയുള്ള, കപടഭക്തിയുള്ള ദൈവമല്ലേ? പിതാക്കന്മാരുടെ പേരിൽ ഒരുവനെ ശിക്ഷിക്കുന്നത് തെറ്റാണെന്ന് ദൈവം തന്നെ പ്രസ്താവിച്ചിട്ടു്.

അവന്റെ അപ്പനോ ക്രൂരപീഡനംചെയ്തു സഹോദരനോടു പ ിടിച്ചു പറിച്ചു, തന്റെ ജനത്തിന്റെ ഇടയിൽ കൊള്ളരുതാത്തതു പ്രവർത്തിച്ചതു കൊുതന്റെ അകൃത്യത്താൽ മരിക്കും. എന്നാൽ മകൻ അപ്പന്റെ അകൃത്യം വഹിക്കേതല്ലയോ എന്നു നിങ്ങൾ ചോദിക്കുന്നു, മകൻ നീതിയും ന്യായവും പ്രവർത്തിച്ചു എന്റെ ചട്ടങ്ങളെ പ്രമാണിച്ചുനടക്കുന്നു എങ്കിൽ അവൻ ജീവി ച്ചിരിക്കും. പാപം ചെയ്യുന്ന ദേഹി മരിക്കും; മകൻ അപ്പന്റെ അകൃത്യം വഹി ക്കേ; അപ്പൻ മകന്റെ അകൃത്യവും വഹിക്കേ; നീതിമാന്റെ നീതി അവന്റെ മേലും ദുഷ്ടന്റെ ദുഷ്ടത അവന്റെമേലും ഇരിക്കും (യെഹ 18:19-20).

കൂടാതെ മോശയുടെ ന്യായപ്രമാണത്തിൽ ദൈവം കല്പിച്ചു: പിതാ വോ, മകനോ മറ്റുള്ളവരുടെ പാപം വഹിക്കേതില്ല:

മക്കൾക്കുപകരം അപ്പന്മാരും അപ്പന്മാർക്കുപകരം മക്കളും മരണ ശിക്ഷ അനുഭവിക്കരുത്; താന്താന്റെ പാപത്തിന്നു താന്താൻ മരണശിക്ഷ അന ുഭവിക്കേണം (ആവ 24: 16).

സ്നേഹത്തിന്റേയും നീതിയുടേയും ദൈവം നമ്മുടെ പൂർവ്വിക രുടെ പാപത്തിന്റെ[98] പേരിൽ നമ്മെ ശിക്ഷിക്കാൻ സാദ്ധ്യതയുാേ? കുറ്റക്കാ രനെ വെറുതെവിടാതെ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തേയും നാലാമ ത്തേയും തലമുറയോളം മക്കളുടെമേൽ സന്ദർശിക്കുന്നവൻ എന്നു പറഞ്ഞിരി ക്കുന്ന വചനത്തിൽനിന്നും നാം എന്താണ് മനസ്സിലാക്കേത്?

ഇതിന് ഒരർത്ഥമേയുള്ളു പാപത്തിന്റെ വഴികളെ പിൻതുടരുന്നവർ തങ്ങളുടെ സന്തതികൾക്ക് മുമ്പിൽ അവരുടെ പാപത്തിന്റെ ഉത്തരവാദിത്വം കൈമാറുകയാണ് തന്മൂലം സന്തതികൾ പാപം ചെയ്യുന്നതിന്റെ കാരണം പ ിതാക്കന്മാരുടെ പാപം അവരെ സ്വാധീക്കുന്നതുകൊാണ്. പേരക്കുട്ടിക ളിൽ പാപത്തിന്റെ സ്വാധീനം കടന്നുവരുന്നുവെങ്കിൽ പിതാക്കന്മാരുടെ തിന്മ യുടെ സ്വാധീനം കൊാണ്. വിശുദ്ധനായ ദൈവം ഇതിനെയൊക്കെ കണക്കി ടുകതന്നെ ചെയ്യും.

കുറ്റക്കാരെ വെറുതെ വിടാതെ പിതാക്കന്മാരുടെ അകൃത്യം തലമുറ മേൽ സന്ദർശിക്കുമെന്ന് പ്രസ്താവിച്ച ദൈവത്തിന്റെ ഇച്ഛയെ നമുക്ക് അവിടെ കാണാം.

---

98 . .പിതാക്കന്മാരുടെ പാപത്തിന്റെ ഫലം സന്താനങ്ങൾ അനുഭവിക്കുകയില്ല എന്നല്ല പറയു ന്നത്. ചിലപ്പോൾ അനുഭവിക്കിവരും. എന്നാൽ തന്റെ പിതാക്കന്മാരുടെ പേരിലുായ പാപ ത്തിന്റെ ശിക്ഷയാണതെന്ന് കരുതിക്കൂടാ, പിതാക്കന്മാർ പാപംചെയ്താൽ തലമുറകൾ അത് അനുഭവിക്കിവരുമെന്നതിന്റെ സൂചനയാണ്. കരുണയോടുദൈവം ഒരുവന്റെ മേലുള്ള വിധിയെ തടയുകയും എന്നാൽ പിന്നീട് തുല്യമായോ, കൂടുതലോ അവന്റെ തല മുറകളുടെമേൽ വരുത്തും എന്ന് വചനം വെളിപ്പെടുത്തുന്നു. അതുപോലെ ദുഷ്ടനായവന്റെ മേൽ കരുണകാട്ടും എന്നാൽ ന്യായവിധി അവന്റെ തലമുറയുടെ മേൽ തുല്യമായോ ഇരട്ടിയായോ വരുത്തും (യിര 16: 11-12) ഇത് പിതാക്കന്മാരുടെ പാപത്തിന്റെ പേരിൽ ഒരു വ്യക്തിയെ ശിക്ഷിക്കുന്നതിൽനിന്നും വ്യത്യസ്തമാണ്.

തലമുറയുടെ ശാപം എന്ന ആശയം നീചമാണ് അത് തികച്ചും ഒര ന്ധവിശ്വാസവുമാണ് ഈ ആശയം ദൈവത്തെ അനീതിയുടെ പുറംചട്ട അണിയിക്കുകയാണ്.

## സാത്താന്റെ ശാപങ്ങൾ
## (Satanic Curses)

സാത്താന്യ ശാപങ്ങളെക്കുറിച്ച് എന്തു പറയുന്നു?

ആദ്യമായി സാത്താന് ഒരുവനെ ശപിക്കാൻ കഴിയുമെന്നതിനോ, അവൻ ആരെയെങ്കിലും ശപിച്ചുഎന്നതിനോ, ഒരു തെളിവും ഇല്ല. സാത്താൻ മനുഷ്യനെ പീഡിപ്പിക്കുന്നു എന്നതിന് വചനത്തിൽ തെളിവ്, എന്നാൽ സാത്താൻ ഒരാളേയോ കുടുംബത്തേയോ ശപിച്ചതായും ആ ശാപം തലമുറകളിലൂടെ തുടർന്ന് നിലനിൽക്കുന്നതായോ വചനത്തിൽ തെളിവുകളില്ല.

ഓരോ വിശ്വാസിയും സാത്താനാൽ പീഡിപ്പിക്കപ്പെടുന്നു് (ഒരു പരിധിവരെയെങ്കിലും) എന്നാൽ നാമാരും നമ്മുടെ പിതാക്കന്മാരിലൂടെ കടന്നുകയറിയ ഈ സാത്താന്യ ശാപത്തെ മുറിക്കകാര്യമില്ല. എന്താണ് നാം ചെയ്യേത്? വചനത്തിൽ ഉറച്ചുനിന്ന് വിശ്വാസത്താൽ സാത്താനോടു എതിർത്തുനിൽക്കുക, വചനപ്രകാരം നമുക്കുള്ള കല്പന അതാണ് (1 പത്രോ 5: 8 –9).

വചനപ്രകാരം അനുഗ്രഹിക്കാനും ശപിക്കാനും ദൈവത്തിനു മാത്രമേ അധികാരമുള്ളു (ഉല്പ 3:17, 4:11, 5:29, 8:21, 12:3, സംഖ്യ 23:8, ആവ 11:26, 28:20, 29:27, 30:7, 2 ദിന 34:24, സങ്കീ 37:22, സദൃ 3:33, 22:14, വിലാ 3:65, മലാ 2:2, 4:6) മനുഷ്യൻ വായ്കൊുശപിക്കും എന്നാൽ ആ ശാപത്തിന് നമ്മെ ബാധിക്കുവാനുള്ള ശക്തിയില്ല.

കുരികിൽ പാറിപ്പോകുന്നതും മീവൽപക്ഷി പറന്നു പോകുന്നതും പോലെ കാരണം കൂടാതെ ശാപം പറ്റുകയില്ല (സദൃ 26:2).

യിസ്രായേൽ ജനത്തെ ശപിക്കുവാൻ ബാലാക്ക് ബിലയാമിനെ കൊുവന്നു. ബിലയാം പറയുന്നു: ദൈവം ശപിക്കാത്ത ഈ ജനത്തെ ഞാൻ എങ്ങിനെ ശപിക്കും? ദൈവം തള്ളിക്കളയാത്ത ഈ ജനത്തെ ഞാൻ എങ്ങനെ തള്ളിക്കളയും (സംഖ്യ 23 :8).

ചില വിശ്വാസികൾ തങ്ങളുടെ വാക്കുകളുടെ ശക്തിയെ അവർ വേദവാക്യത്തെ അടിസ്ഥാനപ്പെടുത്തി ഉറപ്പിക്കുന്നു.

ആരെങ്കിലും തന്റെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്നു വിശ്വസിച്ചുംകൊ് ഈ മലയോട് നീ നീങ്ങികടലിൽചാടിപ്പോക എന്നു പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്നു ഞാൻ സത്യമായി നിങ്ങളോടു പറയുന്നു (മർക്കോ 11:23). ഈ

വാക്യം അവരുടെ അവകാശത്തെ ഉറപ്പിക്കുന്നതാണെന്ന് അവർ വിശ്വസിക്കുന്നു.

പറയുന്ന വാക്കുകളുടെ ശക്തിയിലല്ല ഹൃദയത്തിൽ ശക്തമായി വിശ്വസിച്ചുകൊുപറയുന്ന വാക്കുകൾക്കാണ് ശക്തി. വിശ്വാസത്തോടെ ഒരുവന്റെ മേൽ ശാപവാക്കുകൾ അയയ്ക്കാൻ കഴിയുമെന്നും തന്മൂലം ആവ്യക്തിയിൽ ഉപദ്രവം ഉാകുമെന്നും വിശ്വസിക്കാൻ സാദ്ധ്യമല്ല കാരണം വിശ്വാസമെന്നത് ഉറപ്പാണ് (എബ്രാ 11:1) വിശ്വാസം വരുന്നതോ വചനകേൾവിയിൽനിന്നാണ് (റോമ 10:17). ഒരുവന്റെ ശാപവാക്കിലൂടെ മറ്റൊരുവനു ദുരന്തം ഉാക്കാം എന്നു ചിന്തിച്ചേക്കാം, എന്നാൽ അത് അസാദ്ധ്യമാണു കാരണം ശപിക്കുന്നവരുടെ വിശ്വാസത്തെ വർദ്ധിപ്പിക്കുന്ന വാഗ്ദത്ത വചനങ്ങൾ ദൈവം നൽകിയിട്ടില്ല.

എന്നാൽ ചിലർക്ക് വിശ്വാസത്തിന്റെ വരവും പ്രവചനത്തിന്റെ വരവും (ആത്മാവിന്റെ കൃപാവരങ്ങൾ) ദൈവം നൽകിയിട്ട്, അവർക്ക് ആ വരത്തിന്റെ ശക്തികൊ് അനുഗ്രഹത്തിന്റേയോ, ശാപത്തിന്റേയോ വാക്കുകൾ പറയുവാൻ കഴിയും, പഴയനിയമകാലഘട്ടത്തിലെ സംഭവങ്ങൾ നമുക്ക് തെളിവുകളായി ചൂിക്കാണിക്കുവാൻ കഴിയും (ഉല്പ 27: 27–29, 38–41; 49:1–27; യോശു 6:26 1 രാജ 16: 34 ന്യായ 9:7–20, 57, 2 രാജ 2: 23–24) ഈ ഉദ്ധരിക്കപ്പെട്ട വചനഭാഗങ്ങളിൽ, ശാപമായാലും അനുഗ്രഹമായാലും അതു മനുഷ്യനിൽ നിന്നല്ല ദൈവത്തിൽനിന്നാണ് പുറപ്പെട്ടത് എന്നു കാണാം. ഒരുവന് മറ്റൊരുവനെ ശപിക്കാം, ശപിച്ചാൽ അത് ഫലിക്കും എന്നുള്ളവിശ്വാസം തികച്ചും യുക്തിവിരുദ്ധമാണ്. നിങ്ങൾക്ക് എതിരായി പറഞ്ഞിട്ടുള്ള ശാപത്തെ പൊട്ടിക്കുക എന്ന് യേശു നമ്മെ ഉപദേശിച്ചില്ല, നിങ്ങളെ ശപിക്കുന്നവരെ അനുഗ്രഹിക്കുക എന്നാണ് യേശു പറഞ്ഞത്. ഒരു വ്യക്തിയുടേയും ശാപത്തെ നാം ഭയപ്പെടേതില്ല. ശാപത്തെ ഭയപ്പെടുക എന്നാൽ ദൈവത്തെ നാം അവിശ്വസിക്കുന്നു എന്നാണതിനർത്ഥം. ദൈവത്തിന്റെ ശക്തിയേക്കാൾ പിശാചിന്റെ ശക്തിയെ വിശ്വസിക്കുന്ന പല ശുശ്രൂഷകരേയും എനിക്കറിയാം. ഓരോ മാസവും അനവധി രാജ്യങ്ങളിൽ ഞാൻ സഞ്ചരിക്കാറു്, സാത്താന്റെ സാമ്രാജ്യത്തെ തകർക്കുന്ന ശുശ്രൂഷകൾ ചെയ്തിട്ടുമു്, എന്നാൽ സാത്താനെക്കുറിച്ചോ അവന്റെ ശാപത്തെ ക്കുറിച്ചോ എനിക്ക് ഭയമേയില്ല. ഭയപ്പെടേകാര്യമില്ല അത്രതന്നെ.

## മന്ത്രവാദ ശാപങ്ങൾ
## (Occult Curses)

മാന്ത്രിക ശക്തിയുമായി പ് ഇടപെട്ടുപോയി എന്നതിന്റെ പേരിൽ നമ്മുടെ മേൽ സാത്താന്റെ ശാപം നിലനിൽക്കുമോ?

വീുംജനനം പ്രാപിക്കുമ്പോൾ സാത്താന്റെ ശക്തിയിൽനിന്നും അവന്റെ അന്ധകാരത്തിന്റെ പിടിയിൽനിന്നും പൂർണ്ണമായി മോചിതരായി എന്ന വസ്തുത നാം മറന്നുപോകരുത് (അപ്ര 26:18, കൊലോ 1:13) നാം

സാത്താനҡ അധികാരം കൊടുക്കാത്തിടത്തോളം അവനു നമ്മുടെ മേൽ യാതൊരു അവകാശവുമില്ല. എഫസോസിലുള്ള വിശ്വാസികൾ, പുതുക്കം പ്രാപിക്കുന്നതിനുമുമ്പ് മാന്ത്രിക ശക്തിയെ പിൻതുടർന്നവരായിരുന്നെന്ന് വേദപുസ്തകം നമ്മെപഠിപ്പിക്കുന്നു (അപ്ര 19:18–19) അവർ വീും ജനിച്ച ശേഷം പൗലോസ് അവരുടെ മേൽ സാത്താനുള്ള ബന്ധനങ്ങളെ അഴിക്കുകയോ സാത്താന്യ ശാപത്തെ മുറിക്കുകയോ ചെയ്തില്ല. കാരണം യേശുവിനെ രക്ഷകനായി അവർ സ്വീകരിച്ചനിമിഷംതന്നെ അവർ സാത്താന്റെ അധികാരത്തിൽ നിന്നും സ്വതന്ത്രരായി.

എഫസോസ് സഭയിലെ വിശ്വാസികൾക്ക് പൗലോസ് എഴുതിയ ലേഖനത്തിൽ ഒരുവനെ പാരമ്പ്യത്തിന്റേയും സാത്താന്റേയും ശാപത്തിൽനിന്നു വിടുതൽ പ്രാപിക്കുവാനുള്ള മാർഗ്ഗം നിർദ്ദേശിക്കുന്നതായികാണുന്നില്ല. പിശാചിന് ഇടം കൊടുക്കരുത് (എഫേ 4:27) ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുക. സാത്താന്റെ പദ്ധതികൾക്ക് എതിരെ ഉറച്ചുനിൽക്കാൻ അതു നിങ്ങളെ സഹായിക്കും (എഫേ 6:11) ഇതാണ് വിശ്വാസികളുടെ ഉത്തരവാദിത്വം.

ശാപം പൊട്ടിച്ചാൽ സാത്താൻ വിട്ടുപോകുമെന്ന് ചിലർ വിശ്വസിക്കുന്നതുകൊ് പാരമ്പര്യത്തിന്റേയും സാത്താന്റേയും ശാപങ്ങൾ പൊട്ടിമാറാൻ വിശ്വാസികൾപോലും ശാപം പൊട്ടിക്കലിന് തങ്ങളെ വിധേയപ്പെടുത്തിക്കൊടുക്കാറു്. ശാപം പൊട്ടിച്ചവർ സാത്താൻ അവരിൽനിന്ന് ഓടിപ്പോകുമെന്ന് അവർ വിശ്വസിക്കുന്നു. വിശ്വാസമാണ് സാത്താനെ ഓടിക്കുന്നത്, വിശ്വാസമുങ്കെിൽ സാത്താൻ ഓടിപ്പോകും. സാത്താനോടു എതിർത്തു നിൽക്കുമ്പോൾ വിശ്വാസത്തിൽ ഉറച്ച് നിന്നാൽ അവൻ ഓടിപ്പോകും. സാത്താനെ ഓടിക്കാൻ ഒരു വിടുതലിൽ ശുശ്രൂഷ സ്പെഷ്യലിസ്റ്റിനെ ക്ഷണിക്കേ ആവശ്യമില്ല.

അവസാനമായി, ക്രിസ്തു നമുക്കുവേി ശാപമായിത്തീർന്നു, ന്യായപ്രമാണത്തിന്റെ ശാപത്തിൽനിന്നു നമ്മെ വിലയ്ക്കുവാങ്ങി (ഗലാ 3:13) എന്നെഴുതിയിരിക്കുന്നു. നാം എല്ലാം പാപം ചെയ്തവരായിരുന്നതുകൊ് ശാപത്തിൽ ആയിരുന്നു, എന്നാൽ യേശു നമുക്കുവേി ശിക്ഷിക്കപ്പെട്ടതുകൊ് നാം പാപ ശാപങ്ങളിൽ നിന്നും മോചിതരായി. ദൈവത്തിനുസ്തുതി! ഇനിമേൽ നമുക്ക് ശാപം ഇല്ല, സ്വർഗ്ഗത്തിലെ സകല ആത്മീകാനുഗ്രഹത്താലും നമ്മെ ദൈവം ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു (എഫേ 1:3).

## കാഴ്ചപ്പാട് 10: അന്ധകാരത്തിന്റെ ബന്ധനത്തെ നമുക്ക് ഉപവാസത്തിലൂടെ തകർക്കാം
## (Myth 10: We can break demonic bondages through fasting)

ക്രിസ്തീയ ജീവിതത്തിന്റേയും ഉത്തരവാദിത്വത്തിന്റേയും പ്രകടമായ ഘടകമാണ് ഉപവാസം എന്ന് ചിലവിശ്വാസികൾ കരുതുന്നു. എന്നാൽ പുതിയ നിയമലേഖനങ്ങളിൽ ഉപവാസത്തെക്കുറിച്ച് ഒരു നിർദ്ദേശവും ലഭ്യമല്ല. വിശ്വാസികൾ ഉപവസിക്കണമെന്ന് ലേഖനങ്ങൾ പ്രോത്സാഹിപ്പിക്കുന്നില്ല.

അപ്പോസ്തലനായ പൗലോസ് ചിലലേഖനഭാഗങ്ങളിൽ, താൻ വിശപ്പുള്ളവനായിരുന്നു എന്നൊക്കെ പറയുന്ന ചില പരാമർശങ്ങൾ ഒഴിച്ചാൽ ഉപവാസത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ വചനത്തിൽനിന്നു നമുക്ക് ലഭിക്കുന്നില്ല.

അപ്പോസ്തലപ്രവർത്തിയുടെ പുസ്തകത്തിൽ ഉപവാസത്തെക്കുറിച്ച് ര് ഉദാഹരണങ്ങൾ കാണാം.

അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചും കൊിരിക്കുമ്പോൾ: ഞാൻ ബർന്നബാസിനേയും ശൗലിനെയും വിളിച്ചിരിക്കുന്ന വേലക്കായിട്ടു അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെ മേൽ കൈ വച്ചു അവരെ പറഞ്ഞയച്ചു.

അവർ സഭതോറും അവർക്ക് മൂപ്പന്മാരെ നിയമിക്കയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊു തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേൽപിക്കയും ചെയ്തു.

ഏകാഗ്രതയോടെ പ്രാർത്ഥനയിൽ ഉറ്റിരിക്കുക എന്നതാണ് പുതിയ ഉടമ്പടി പ്രകാരമുള്ള ഉപവാസത്തന്റെ പ്രാഥമിക പ്രയോജനം. ചില പ്രത്യേകവിഷയത്തിനു ദൈവത്തിന്റെ നിയന്ത്രണവും നിർദ്ദേശവും നമ്മുടെ ആത്മാവിൽ വെളിപ്പെട്ടുകിട്ടാൻ കാത്തിരിക്കുമ്പോൾ ഈ ഉപവാസം വളരെ പ്രാധാന്യം അർഹിക്കുന്നവയാണ്.

പ്രാർത്ഥനയ്ക്കായി സമയം വേർതിരിക്കുകയും, വേർതിരിയ്ക്കപ്പെട്ട സമയത്ത് പ്രാർത്ഥിക്കുകയും ചെയ്യുന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്ന് ഏവർക്കും അറിയാം. പലപ്പോഴും ചിലതു ഒഴിവാക്കിയിട്ടുവേണം പ്രാർത്ഥനയ്ക്ക് സമയം കത്തെുവാൻ. യേശു ഒരിക്കൽ രാത്രി മുഴുവൻ പ്രാർത്ഥിച്ചു (തന്റെ അപ്പോസ്തലന്മാരെ തിരഞ്ഞെടുക്കുന്നതിന്റെ തലേരാത്രി) അതുപോലെതന്നെ അതിരാവിലെ ഉണർന്ന് പ്രാർത്ഥിച്ചു. അപ്പോസ്തലനായ പൗലോസ് വിവാഹിതരായ ദമ്പതികളോടു പറഞ്ഞു:

പ്രാർത്ഥനയ്ക്ക് അവസരമൂാവാൻ ഒരു സമയത്തെക്കു പരസ്പര സമ്മതത്തോടെ അല്ലാതെ തമ്മിൽ വേറുപെട്ടിരിക്കരുത് (1 കൊരി 7:5). പ്രാർത്ഥനയ്ക്ക് സമയം ചിലവഴിക്കുമ്പോൾ നമുക്ക് അല്പസമയം ജീവിതത്തിന്റെ ചില താത്കാലിക സുഖങ്ങളിൽ നിന്നു (ഉറക്കം ആഹാരം ലൈംഗികത) ഒഴിഞ്ഞു നിൽക്കേിവരും.

## ഉപവാസമോ പട്ടിണിസമരമോ?
## (Fast or Hunger Strike?)

ഉപവാസംകൊ് ദൈവത്തെ മാറ്റാമെന്നു കരുതേ. ഉപവാസത്തിലൂടെ നാം നമ്മെ പീഡിപ്പിച്ചാൽ ദൈവം നമ്മുടെ പ്രാർത്ഥനയ്ക്ക് പെട്ടെന്ന് ഉത്തരം നൽകുമെന്ന് കരുതരുത്. അത് ഒരുപട്ടിണിസമരമാണ്.

ഉപവാസം നമുക്ക് ആത്മിക ശക്തിയോ, അന്ധകാരശക്തികളുടെ മേൽ അധികാരമോ തരികയില്ല. നാം ക്രിസ്തുവിന്റെ ശരീരത്തിന്റെ അംഗങ്ങളായതുകൊ് സ്വർഗ്ഗത്തിൽ തന്റെ വലതഭാഗത്തു എല്ലാ വാഴ്ചെക്കും അധികാരത്തിനും ശക്തിക്കും കർത്തൃത്വത്തിനും ഈ ലോകത്തിൽ മാത്രമല്ല വരുവാനുള്ളതിലും വിളിക്കപ്പെടുന്ന സകലനാമത്തിന്നും അത്യന്തം മീതെ ഇരുത്തുകയും (അപ്പോ: 1:21). യേശുവിന്റെ വാഗ്ദത്ത പ്രകാരം (മർക്കോ 16:17) അന്ധകാരശക്തികളെ അകറ്റാനുള്ള അധികാരം നമുക്കു്. വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും, എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും, പുതുഭാഷകളിൽ സംസാരിക്കും, സർപ്പങ്ങളെ പ ിടിച്ചെടുക്കും.

യേശു ഒരിക്കൽ പുറത്താക്കിയ ദുരാത്മാവിനെക്കുറിച്ച്, യേശു എ ന്താണ് അരുളിചെയ്തത്? ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ ഈ ജാതി വിട്ടുപോകയില്ല (മത്താ 17:21).

മത്തായിയുടെ സുവശേഷത്തിലെ യഥാർത്ഥപതിപ്പിൽ പ്രാർത്ഥനകളാലും ഉപവാസത്താലുമല്ലാതെ ഈ ജാതി വിട്ടുമാറുകയില്ല എന്ന വാക്യം കാണുന്നില്ല.

ഇതേ സംഭവം യേശു പറഞ്ഞതായി മർക്കോസ് രേഖപ്പെടുത്തിയിരിക്കുന്നത്: പ്രാർത്ഥനയാൽ അല്ലാതെ ഈ ജാതി ഒന്നിനാലും പുറപ്പെട്ടുപോകയില്ല എന്നാണ്. എന്നാൽ ഉപവാസം എന്നുംകൂടി കൂട്ടിച്ചേർത്തിരിക്കുന്നതായി പലപതിപ്പുകളിലും നമുക്ക് കാണാം.

ദൂരാത്മാവിനെ പുറത്താക്കാൻ ഉപവാസം അനിവാര്യമാണെന്നാണോ യേശു പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം? നമുക്ക് അറിയില്ല എന്നാണ് ഇതിന്റെ ഉത്തരം. ദുരാത്മാവിനെ പുറത്താക്കുന്നതിന് ഉപവാസം ആവശ്യമാണെന്ന് ഊന്നൽ നൽകിയിരിക്കുന്ന ഈ ഒരു വചനം മാത്രമെ പ ുതിയ നിയമത്തിൽ കാണുകയുള്ളു.

ദുരാത്മാവിനെ പുറത്താക്കുന്നതിന് ഉപവാസം എത്ര മാത്രം സഹായകരമാണെന്ന് സ്വയം ചിന്തിക്കുന്നത് നന്നായിരിക്കും. ഉപവാസം ഒരിക്കലും ഒരുവന് സാത്താന്റെ മേലുള്ള അധികാരത്തെ വർദ്ധിപ്പിക്കുകയില്ല. ദൈവം ഒരുവന് ആ അധികാരം നൽകിയാൽ മാത്രമേ അവന് അത് ലഭിക്കുകയുള്ളു. ദൈവത്തോടൊപ്പം കൂടുതൽ സമയം ചിലവഴിക്കാനും ധ്യാനിക്കാനും ദൈവിക അധികാരത്തിന്റെയും വാഗ്ദത്തത്തിന്റേയും നിഴലിൽ ദൈവിക വിശ്വാസത്തെ വർദ്ധിപ്പിക്കുകയും തന്മൂലം വിടുതൽ

അനുഭവിക്കാൻ സാധിക്കുകയും ചെയ്യുന്നു എന്നത് ഉപവാസത്തിന്റെ ഒരു മേന്മ തന്നെയാണ്.

ഭൂതങ്ങളെ പുറത്താക്കാനുള്ള അധികാരം തുടക്കത്തിൽതന്നെ യേശു ശിഷ്യന്മാർക്ക് നൽകിയിരുന്നു (മത്താ 10: 1), എന്നാൽ ഒരു ബാലനിൽനിന്ന് അവർക്ക് ഭൂതത്തെ പുറത്താക്കാൻ കഴിഞ്ഞില്ല. അവരുടെ പരാജയത്തെ കേട്ട യേശു അവരുടെ അവിശ്വാസത്തെ ശാസിച്ചു (മത്താ 17:17), എന്തുകൊണ്ടു അവർക്ക് അത് കഴിയാത്തത് എന്നു ചോദിച്ചപ്പോൾ അവരുടെ വിശ്വാസക്കുറവാണ് കാരണമെന്ന് യേശു പറഞ്ഞു (മത്താ 17:20) ഉപവാസവുമായി ബന്ധപ്പെട്ട് വളരെ കുറച്ചു പ്രസ്താവനകൾ മാത്രമേ വചനത്തിൽനിന്നു ലഭിക്കുന്നുള്ളു.

ശിഷ്യന്മാർക്ക് ഭൂതത്തെ പുറത്താക്കാൻ സാധിക്കാതെ പോയതിന് രു കാരണങ്ങൾ ഉായിരിക്കാം. ഒന്നുകിൽ അവർക്ക് ദൈവം നൽകിയ അധികാരത്തിൽ അവർക്കു വിശ്വാസമില്ല. അതിനുമുമ്പേ അവർ പ്രാർത്ഥിക്കുകയോ ഉപവസിക്കുകയോ ചെയ്തില്ല. അല്ലെങ്കിൽ ദൈവം അവർക്കുനൽകിയ അധികാരത്തിൽ വിശ്വസിക്കാതെ വിശ്വാസം വർദ്ധിക്കുമെന്നു കരുതി ഉപവാസത്തിലും പ്രാർത്ഥനയിലും സമയം ചിലവഴിച്ചു. രാമത്തെ ഭാഗത്തോടാണ് എനിക്ക് കൂടുതൽ ചായ്‌വ്.

ആത്മികപോരാട്ടത്തിനും വിടുതലിനും, ഉപവാസം അനിവാര്യമാണെന്ന് വചനത്തിൽ പറയുന്നില്ല. അതുപോലെ സാത്താനെതിരെയുള്ള വ്യക്തിപരമായ പോരാട്ടത്തിന് ഉപവാസം ആവശ്യമാണെന്ന് തോന്നുന്നില്ല. സാത്താന്റെ മേൽ വ്യക്തിപരമായ വിജയം നേടാൻ ഉപവസിക്കണമെന്ന ധാരണയെ വചനം പിൻതാങ്ങുന്നില്ല.

## ദൈവം തിരഞ്ഞെടുക്കുന്ന ഉപവാസം
## (The Fast that God Chooses)

ഉപവാസത്തിലൂടെ സാത്താന്റെ ബന്ധനത്തെ അഴിക്കാൻ കഴിയുമെന്ന് പ്രസ്താവിക്കുന്ന വചനഭാഗമാണ് യെശ 58:6.

അന്യായബന്ധനങ്ങളെ അഴിക്കുക, നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക, പീഡിതരെ സ്വതന്ത്രരായി വിട്ടയക്കുക, എല്ലാനുകത്തേയും തകർക്കുക ഇതെല്ലയോ എനിക്ക് ഇഷ്ടമുള്ള ഉപവാസം.

ഉപവാസത്തിലൂടെ ബന്ധനങ്ങളെ പൊട്ടിക്കുവാൻ കഴിയുമെന്ന് ഈ വചനം നമ്മെ പഠിപ്പിക്കുന്നുാ? യെശയ്യാവിന്റെ 58ാം അദ്ധ്യായം വായിച്ചുനോക്കി ദൈവം യഥാർത്ഥത്തിൽ എന്താണെന്ന് പറയുന്നതെന്നു നോക്കാം.

ഉറക്കെ വിളിക്ക; അടങ്ങിയിരിക്കരുത്, കാഹളം പോലെ നിന്റെ ശബ്ദം ഉയർത്തി എന്റെ ജനത്തിനു അവരുടെ ലംഘനത്തെയും യാക്കോബ് ഗൃഹത്തിന്നു അവരുടെ പാപങ്ങളേയും അറിയിക്ക (യെശയ്യാ 58:1).

യിസ്രായേലിന്റെ പാപത്തെ വെളിപ്പെടുത്താൻ ദൈവം യെശയ്യാവിനെ നിയോഗിച്ചിരിക്കുന്നു. അടുത്ത വാക്യത്തിൽ ദൈവം അവരുടെ പാപങ്ങളെ വെളിപ്പെടുത്തുന്നു.

എങ്കിലും അവർ എന്നെ ദിനമ്പ്രതി അന്വേഷിച്ചു എന്റെ വഴികളെ അറിവാൻ ഇച്ഛിക്കുന്നു; നീതി പ്രവർത്തിക്കയും തങ്ങളുടെ ദൈവത്തിന്റെ ന്യായം ഉപേക്ഷിക്കാതിരിക്കയും ചെയ്തൊരു ജാതിയെപ്പോലെ അവർ നീതിയുള്ള വെപ്പുകളെ എന്നോടു ചോദിച്ചു ദൈവത്തോടു അടുപ്പാൻ വാഞ്ഛിക്കുന്നു (യെശയ്യാ 58:2).

യിസ്രായേൽ ജനം നീതിയുള്ളവരായിരിക്കാം എന്നാൽ അവരുടെ മതത്തിന് കാപട്യത്തിന്റെ മുഖഛായയാണ് ഉള്ളത്. സമർപ്പണത്തിന്റെ വൈകാരികതയിൽ അവർ യാത്ര ചെയ്യുന്നു.

ഞങ്ങൾ നോമ്പുനോൽക്കുന്നതു നീ നോക്കാതിരിക്കുന്നതെന്ത്? ഞങ്ങൾ ആത്മതപനം ചെയ്യുന്നതു നീ അറിയാതിരിക്കുന്നതെന്ത്? (യെശ 50:3മ)

ദൈവം പ്രതികരിച്ചതെങ്ങനെയെന്നു നാക്കാം.

ഇതാ, നിങ്ങൾ നോമ്പുനോൽക്കുന്ന ദിവസത്തിൽ തന്നേ നിങ്ങളുടെ കാര്യാദികളെ നോക്കുകയും നിങ്ങളുടെ എല്ലാ വേലക്കാരെയും കൊു അദ്ധ്വാനിപ്പിക്കയും ചെയ്യുന്നു. നിങ്ങൾ വിവാദത്തിന്നും കലഹത്തിന്നും ക്രൂരമുഷ്ടികൊു അടിക്കേതിന്നും നോമ്പുനോൽക്കുന്നു. നിങ്ങളുടെ പ്രാർത്ഥന ഉയരത്തിൽ കേൾപ്പാൻ തക്കവണ്ണമല്ല നിങ്ങൾ ഇന്നു നോമ്പുനോൽക്കുന്നത്. എനിക്കു ഇഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്നദിവസവും ഇങ്ങനെയുള്ളതോ? തലയെ വേഴത്തെപ്പോലെ കുനിയിക്കുക, രട്ടും വെണ്ണീറും വിരിച്ചു കിടക്കുക ഇതാകുന്നുവോ ഉപവാസം? ഇതിന്നോ നീ, നോമ്പെന്നും യഹോവയ്ക്കു പ്രസാദമുള്ള ദിവസമെന്നും പേർപറയുന്നത് (യശ 58: 3യ–5).

ദൈവത്തിന്റെ ശ്രദ്ധപിടിച്ചുപറ്റാനോ ദൈവത്തിൽനിന്നു നന്മപ്രാപിക്കാനോ ആണ് യിസ്രായേൽ ജനം ഉപവസിച്ചത്. ഉപവസിച്ചിട്ടും അവരുടെ അവസ്ഥയ്ക്ക് മാറ്റം വരാത്തത് എന്തെന്ന് അവർ അതിശയിച്ചു. ഉപവാസദിനങ്ങളിൽപോലും അവരിലുള്ള സ്വാർത്ഥമായ ജീവിതശൈലിയെ ഓർപ്പിച്ചുകൊ് ദൈവം പ്രതികരിച്ചു. അവരുടെ ഉപവാസം പോലെതന്നെ ഉപവാസത്തിന്റെ കാരണവും തികച്ചും സ്വാർത്ഥമായിരുന്നു. അത് ദൈവത്തിനു സ്വീകാര്യമായിരുന്നില്ല. ദൈവം പ്രസാധിക്കുന്ന ഉപവാസം എങ്ങനെയുള്ളതെന്ന് അവരെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു.

അന്യായ ബന്ധനങ്ങളെ അഴിക്കുക, നുകത്തിന്റെ അമിക്കയറുകളെ അഴിക്കുക, പീഡിതരെ സ്വസന്ത്രരാക്കി വിട്ടയയ്ക്ക. എല്ലാനുകത്തേയും തകർക്കുക; ഇതല്ലയോ എനിക്കു ഇഷ്ടമുള്ള ഉപവാസം? വിശപ്പുള്ളവനു

നിന്റെ അപ്പം നുറുക്കിക്കൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ കാൽ അവനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്കു നിന്നെത്തന്നെ മറയ്ക്കാതിരിക്കുന്നതും അല്ലയോ (യെശ 58:6-7).

ഉപവാസം സാത്താന്റെ ബന്ധനത്തിൽ നിന്നു ജനത്തെ മോചിപ്പിക്കുമെന്നാണോ ദൈവം പറഞ്ഞത്? അല്ല, ഒരിക്കലും അല്ല. ആഹാരത്തിൽനിന്ന് ഒഴിഞ്ഞു നിൽക്കാനല്ല, സ്വാർത്ഥതയിൽനിന്ന് ഒഴിഞ്ഞുനിൽക്കാനാണ് ദൈവം ആവശ്യപ്പെട്ടത്. നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുവാനാണ് ദൈവം പറഞ്ഞത്. നുകം ഭേദിക്കുക, പീഡിതരെ സ്വതന്ത്രരാക്കുക, വിശക്കുന്നവനുമായി അപ്പം പങ്കുവെയ്ക്കുക, അഗതികളെ വീട്ടിൽ ചേർത്തുകൊള്ളുക, നഗ്നരെ ഉടുപ്പിക്കുക - ഇതൊക്കെയാണ് ദൈവം അവരോടു ആവശ്യപ്പെട്ടത്. ഭക്ഷണം വെടിഞ്ഞിരിക്കുന്നതുകൊ് മറ്റൊന്നിനും തുല്യമാകുകയില്ല. ഇതൊക്കെയാണ് ഒരു മനുഷ്യൻ ചെയ്യേത്.

തുടർന്നു വായിക്കുമ്പോൾ ഇത് നമുക്ക് കുറച്ചുകൂടി വ്യക്തമാകും. യിസ്രായേൽ ജനം സ്വാർത്ഥതവിട്ടകന്ന് ഒരു പ്രത്യേക ജീവിതശൈലി തുടർന്നാൽ, ദൈവം വാഗ്ദത്തം ചെയ്തു:

> അപ്പോൾ നിന്റെ വെളിച്ചം ഉഷസ്സുപോലെ പ്രകാശിക്കും, നിന്റെ മുറിവുകൾക്ക് വേഗത്തിൽ പൊറുതിവരും, നിന്റെ നീതി നിനക്കു മുമ്പായി നടക്കും, യഹോവയുടെ മഹത്വം നിന്റെ പിമ്പട ആയിരിക്കും. അപ്പോൾ നീ വിളിക്കും. യഹോവ ഉത്തരം അരുളും, നീ നിലവിളിക്കും, ഞാൻ വരുന്നു എന്നു അവൻ അരുളിച്ചെയ്യും. നുകവും വിരൽ ചൂുന്നതും വളത്വം സംസാരിക്കുന്നതും നീ നിന്റെ നടുവിൽനിന്നു നീക്കക്കളകയും വിശപ്പുള്ളവരോടു നീ താത്പര്യം കാണിക്കുകയും കഷ്ടത്തിൽ ഇരിക്കുന്നവനുതൃപ്തിവരുത്തുകയും ചെയ്യുമെങ്കിൽ നിന്റെ പ്രകാശം ഇരുളിൽ ഉദിക്കും, നിന്റെ അന്ധകാരം മദ്ധ്യാഹ്നം പോലെയാകും (യെശ 58: 8-10).

ഉപവാസത്തിന്റെ ഫലമായി ദൈവം അന്ധകാരത്തിന്റെ നുകത്തെ തകർക്കുന്നതായിട്ടല്ല (ഒൻപതാം) 9-ാം വാക്യത്തിൽ പറയുന്നത് അന്യായ ബന്ധങ്ങളെ തകർക്കുന്നതായിട്ടാണ്. ആ നുകത്തെയും ബന്ധനങ്ങളേയും നാം തന്നെയാണ് തകർക്കേത് കാരണം ഈ നുകവും, ബന്ധനവും സാത്താനിൽനിന്നുള്ളതല്ല, മനുഷ്യൻ തന്നെ മനുഷ്യനിൽ വയ്ക്കുന്നതാണ്, ആ നുകം അനീതിയുടേയും ദാരിദ്ര്യത്തിന്റേയും നുകങ്ങളാണ്.

അതുകൊ് യിസ്രായേൽ ജനത്തിനെക്കുറിച്ച് ദൈവത്തിനുള്ള തീവ്രമായ ആഗ്രഹം അവർ ആഹാരം ഉപേക്ഷിക്കുന്നത് കാണുന്നതിലല്ല, സ്വാർത്ഥതയും അനീതിയും വിട്ടൊഴിയുന്നത് കാണുന്നിതിലാണ്. ഇതു നമുക്കും ബാധകമാണ്. നിന്റെ ദൈവമായ കർത്താവിനെ നീ പ

ൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവിനോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കണം എന്നാകുന്നു. രാമത്തെ കല്പനയോ കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം എന്നത്രെ; ഇവയിൽ വലുതായിട്ടു മറ്റൊരു കല്പനയും ഇല്ല (മർക്കോ 12:31).

ഉപവാസത്തിലൂടെ സാത്താന്റെ പിടിയിൽനിന്നു ഒരുവനെ മോചിപ്പിക്കാമെന്ന് കരുതുന്നത് തികച്ചും തെറ്റാണ്. സാത്താന്റെ ബന്ധനത്തിൽനിന്നും ഒരുവനെ മോചിപ്പിക്കുവാൻ പ്രഥമമായി നാം ചെയ്യേ കാര്യം അവരോടു സുവിശേഷം പറയുക എന്നതാണ്. അവർ വിശ്വസിച്ചാൽ അവർക്ക് വിടുതൽ ലഭിക്കും, തുടർന്നു ദൈവവചനത്തിൽ ഉറച്ചുനിന്ന് സാത്താനോടു എങ്ങനെ പോരാടാമെന്ന് നമുക്ക് അവരെ പഠിപ്പിക്കാം.

## വചനപ്രകാരമുള്ള ആത്മികപോരാട്ടം
## (Scriptural Spiritual Warfare)

ആത്മിക പോരാട്ടത്തെക്കുറിച്ചുള്ള ആധുനിക കാഴ്ചപ്പാടുകൾ നാം കുകഴിഞ്ഞു. എന്നാൽ വചനപ്രകാരമുള്ള ആത്മികപോരാട്ടം എന്നൊന്ന് ഉോ? ഉ്. അതാണ് നാം ചിന്തിക്കാൻ പോകുന്നത്.

ആത്മിക പോരാട്ടമാണ് വിശ്വാസജിവിതത്തിന്റെ മുഖ്യലക്ഷ്യം എന്ന് ധരിക്കരുത്. ക്രിസ്തുവിനെ ലക്ഷ്യമാക്കി, അവനെ അനുസരിക്കുകയും അനുഗമിക്കുകയും വേണം, അങ്ങനെ നാം വളർന്നു ക്രിസ്തുവിനെപ്പോലെയാകണം. പുതിയ നിയമത്തിലെ ചുരുക്കം ശതമാനം മാത്രമെ ആത്മികപോരാട്ടത്തെക്കുറിച്ച് ഊന്നിപ്പറഞ്ഞിട്ടുള്ളു അതിന് ക്രിസ്തീയ ജീവിതത്തിൽ വളരെ ചെറിയ പ്രാധാന്യമേയുള്ളു.

ആത്മീക പോരാട്ടത്തെക്കുറിച്ച് നാം അറിഞ്ഞിരിക്കേത് എന്തെന്ന് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. സാത്താന്റെ പ്രവർത്തികളെക്കുറിച്ചുള്ള അഗാധവിവേചനമോ പാണ്ഡിത്യമോ നമുക്ക് വേണമെന്നില്ല (ഒരു ഉപദേശകൻ നമ്മോടു ആവശ്യപ്പെടുംപോലെ). വേദപുസ്തകപ്രകാരം ആത്മികപോരാട്ടം വളരെ ലളിതമാണ്. സാത്താന്റെ പ്രവർത്തികളെയെല്ലാം വചനത്തിൽ വ്യക്തമായി വെളിപ്പെടുത്തിയിട്ടു്. നാം ചെയ്യേ പ്രവൃത്തികളും വളരെ വ്യക്തമായി വിവരിച്ചിട്ടു്. ഒരിക്കൽ നിങ്ങൾ ദൈവത്തെ അറിയുകയും ദൈവം പറഞ്ഞത് വിശ്വസിക്കുകയും ചെയ്താൽ ആത്മീക പോരാട്ടത്തിൽ നിങ്ങൾ തീർത്തും ഒരു വിജയിതന്നെയാണ്.

## തുടക്കത്തിലേക്കു ഒരു മടക്കം
## (Back to the Beginning)

നമുക്ക് ഉല്പത്തി പുസ്തകത്തിലേക്ക് മടങ്ങാം. നാം സാത്താന്റെ മുമ്പിൽ എങ്ങനെ പെരുമാറി എന്നു നോക്കാം. സാത്താൻ പാമ്പിന്റെ രൂപത്തിൽ മനുഷ്യന് മുമ്പിൽ എത്തുന്നു. ഈ പാമ്പ് സാത്താനല്ലെന്നു സംശയമുങ്കെിൽ,, വെളിപ്പാട് 20:2 ൽ ആ സംശയം മാറുന്നു. അവൻ പ

ിശാചും സാത്താനും എന്നുള്ള പഴയ പാമ്പായ മഹാസർപ്പത്തെ പിടിച്ചു ആയിരം ആക്കേു ചങ്ങലയിട്ടു (വെളി 20:2).

യഹോവയായ ദൈവം ഉാക്കിയ എല്ലാ കാട്ടുജന്തുക്കളേക്കാളും പ ാമ്പു കൗശലമേറിയയായിരുന്നു (ഉല്പത്തി 3:1). ദൈവം സൃഷ്ടിച്ച എല്ലാ ജീവികൾക്കും അവരുടെതായ വൈഭവം ു്. നിലനിൽക്കാനുള്ള പോരാട്ടത്തിലും, ഇരയെ പിടിക്കാനുള്ള കൗശലത്തിലും ഓരോ ജീവികളും മുൻപന്തിയിൽതന്നെ, അക്കൂട്ടത്തിൽ സാത്താനും ഉൾപ്പെടുന്നു. എന്നാൽ സാത്താൻ ദൈവത്തെപ്പോലെ സർവ്വജ്ഞാനിയല്ല, അവനുമായുള്ള പോരാട്ടത്തിൽ നമുക്ക് മാനസിക തകർച്ച ഉാകുമെന്ന് കരുതരുത്. പ ാമ്പിനെപ്പോലെ ബുദ്ധിയുള്ളവർ ആയിരിക്കുകയെന്ന് യേശു നമ്മെ ഉപദേശിച്ചു (മത്താ 10:16). നാം സാത്താന്റെ തന്ത്രങ്ങളെക്കുറിച്ച് അറിയാത്തവരല്ലല്ലോ (2 കൊരി 2:11) നാമോ ക്രിസ്തുവിന്റെ മനസ്സുള്ളവർ ആകുന്നു (1 കൊരി 2:16) എന്ന് പൗലോസ് പറഞ്ഞു.

സാത്താൻ തന്റെ തീയമ്പ് ആദ്യമായി തൊടുത്തുവിട്ടത് ഹവ്വായ്ക്ക് നേരേയാണ്. ദൈവം എന്തു പറഞ്ഞു എന്ന് സാത്താൻ അവളോടു ചോദിക്കുന്നു. അവളെ തനിക്ക് വഞ്ചിച്ച് അതുമൂലം അവൾ ദൈവത്തെ ധിക്കരിക്കാൻ സാധ്യതയുാേ എന്നത് അവളുടെ ഉത്തരത്തെ ആശ്രയിച്ചാണിരിക്കുന്നതെന്ന് സാത്താന് അറിയാമായിരുന്നു. ദൈവം പ റഞ്ഞതിനെവിശ്വസിക്കുകയും ദൈവത്തെ അനുസരിക്കുകയും ചെയ്യുന്ന ഒരു വ്യക്തിയെ സാത്താന് ഒരിക്കലും വഞ്ചിക്കുവാൻ കഴിയുകില്ല. അതുകൊ് ദൈവത്തിന്റെ വചനത്തെ കോട്ടിക്കളയാൽ അവൻ സകല തന്ത്രങ്ങളും ഒരുക്കിക്കൊിരിക്കും.

തോട്ടത്തിലെ യാതൊരു വൃക്ഷത്തിന്റെ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുോ? എന്ന് സാത്താൻ അവളോടു ചോദിച്ചു? (ഉല്പ 3:1). ഒരു അഭ്യുതകാംക്ഷിയിൽ നിന്നും വന്ന വെറുമൊരു ചോദ്യമായിട്ടേ അതു അവൾക്കു തോന്നിയുള്ളു, എന്നാൽ തന്റെ ലക്ഷ്യത്തെക്കുറിച്ച് സാത്താനു ബോദ്ധ്യമുായിരുന്നു.

തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്ക് തിന്നാം, എന്നാൽ ന ിങ്ങൾ മരിക്കാതിരിക്കേതിനു തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നരുത്, തൊടുകയും അരുത് എന്നു ദൈവം കല്പിച്ചിട്ടു് എന്നു പറഞ്ഞു. ഹവ്വാ സാത്താനോടു മറുപടി പറഞ്ഞു (ഉല്പ 3: 2-3).

ജീവവൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന് ദൈവം കല്പിച്ചിരുന്നു, എന്നാൽ തൊടരുതെന്ന് ദൈവം കല്പിച്ചിരുന്നില്ല. എന്നാൽ ഹവ്വയുടെ വായിൽ നിന്നും അമിതഭാഷണം കടന്നുവന്നത് സാത്താൻ മനസ്സിലാക്കി.

നിങ്ങൾ മരിക്കയില്ല നിശ്ചയം (ഉല്പ 3:4) എന്ന സാത്താന്റെ ചതി വാക്കുകളെ ഹവ്വാ സത്യമാണെന്ന് വിശ്വസിച്ചു. ദൈവം പറഞ്ഞതിന് നേർവിപരീതമായിരുന്നു സാത്താന്റെ വാക്കുകൾ. ഹവ്വാ അതു പൂർണ്ണമായി

വിശ്വസിക്കുകയും ചെയ്തു. സാത്താൻ തന്റെ പൊളിവാക്കിനെ മധുരംതേച്ചു വിഴുങ്ങാൻ പരുവത്തിലാക്കിക്കൊടുത്തു.സാത്താൻ തുടർന്നു:

> അതു തിന്നുന്നനാളിൽ നിങ്ങളുടെ കണ്ണു തുറക്കുകയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകുകയും ചെയ്യും എന്ന് ദൈവം അറിയുന്നു എന്നു പറഞ്ഞു (ഉല്പ: 3:5).

സാത്താൻ പറഞ്ഞ മൂന്നു കാര്യങ്ങൾ സത്യം ആയിരുന്നു. വിലക്കപ്പെട്ട കനി ഭക്ഷിച്ചാൽ കണ്ണുകൾ തുറക്കുമെന്നത് സത്യമായി (ഉല്പ 3:7). ദൈവം മനുഷ്യനെ പോലെ ആയിട്ടു അവൻ നന്മതിന്മകൾ തിരിച്ചറിയുമെന്ന് ദൈവം തന്നെ പറയുന്നു (ഉല്പ 3:22) ഭോഷ്കും സത്യവും കൂട്ടിക്കലർത്തിയാണ് സാത്താൻ ആളുകളെ വഞ്ചിക്കുന്നത്.

ദൈവത്തിന്റെ വ്യക്തിത്വത്തെ സാത്താൻ മലിനപ്പെടുത്തിയതു ശ്രദ്ധിക്കുക.ആദംഹവ്വാമാരുടെ ക്ഷേമത്തിനും സന്തോഷത്തിനും വിലക്കപ്പെട്ട കനി തിന്നാൻ ദെവം പറഞ്ഞില്ല, എന്നാൽ നല്ലതിനെ ദൈവം അവർക്കു വിലക്കി എന്നാണ് സാത്താൻ അവരെ ബോദ്ധ്യപ്പെടുത്തിയത്. ദൈവത്തിന്റെ വ്യക്തിത്വത്തേയും, ഇച്ഛയേയും പ്രചോതനത്തേയും അപമാനിക്കുകയാണ് സാത്താൻ ചെയ്യുന്നത്.

ഭൂമിയിലെ ആദ്യ ദമ്പതികൾ സത്യത്തെ ത്യജിച്ച് ഭോഷ്ക്കു വിശ്വസിച്ചു. അതിന്റെ പരിണിതഫലവും അനുഭവിച്ചു. ആത്മിക പോരാട്ടത്തെ തടയാൻ സാത്താൻ ഉപയോഗിക്കുന്ന ഏക ആയുധം നുണയിൽ ചാലിച്ച സത്യങ്ങളാണ്. സാത്താൻ പറഞ്ഞത് വിശ്വസിക്കണമോ, ദൈവം പറഞ്ഞത് വിശ്വസിക്കണമോ? മനുഷ്യൻ ഇന്നൊരു പ്രതിസന്ധിയിലാണ്. സത്യത്തെ വിശ്വസിച്ചാൽ അത് ഒരു പരിചയായി അവരെ സംരക്ഷിക്കും. വിശ്വാസത്തിന്റെ പരിച ; എന്നാൽ സത്യം വിശ്വസിക്കാൻ മനുഷ്യന് മടിയാണ്.

## യേശുവിന്റെ ആത്മിക പോരാട്ടം
## (Jesus' Spiritual Warfare)

മരുഭൂമിയിൽ സാത്താൻ യേശുവിനെ പരീക്ഷിച്ച മാതൃകയിൽനിന്നും നമുക്ക് ഒരു കാര്യം ബോദ്ധ്യമാകും, അതായത് കാലങ്ങൾ കഴിഞ്ഞിട്ടും സാത്താന്റെ രീതികൾക്ക് മാറ്റം വന്നിട്ടില്ല. ദൈവം പറഞ്ഞതിനെ അപമാനിച്ച് മനുഷ്യൻ സത്യം വിശ്വസിക്കുന്നതിൽനിന്നും അവനെ പിന്തിരിപ്പിക്കുക എന്ന തന്ത്രമാണ് സാത്താൻ ഇന്നും തുടരുന്നത്. പോരാട്ടത്തിന്റെ കേന്ദ്രബിന്ദു ദൈവ വചനംതന്നെ. സാത്താൻ നുണയുടെ അമ്പുകളെ യേശു സത്യംകൊ്

തടുത്തു. പിതാവായ ദൈവം പറഞ്ഞത് പുത്രനായ ക്രിസ്തു വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്തു. ഇതാണ് വചനപരമായ ആത്മിക പോരാട്ടം.

ആദംഹവ്വാമാരും യേശുവും അഭിമുഖീകരിച്ച അതേ അവസ്ഥ നാമും ഇന്ന് അഭിമുഖീകരിച്ചുകൊിരിക്കുന്നു. ദൈവത്തിനെയോ സാത്താനേയോ ആരെ അനുസരിക്കണമെന്ന ഒരു ശോധനയുടെ അവസ്ഥ യേശുവും അഭിമുഖീകരിച്ചതാണ്. എന്നാൽ ആത്മാവിന്റെ വാളാകുന്ന ദൈവവചനം ഉപയോഗിച്ചാണ് യേശു പോരാടിയത്. സാത്താനുമായുള്ള ആത്മിക പോരാട്ടത്തിൽ നമുക്ക് എന്താണ് പഠിക്കാനുള്ളത് എന്നു ശ്രദ്ധിക്കാം. യേശുവിന്റെ ശോധനയെ മത്തായി രേഖപ്പെടുത്തുന്നത് ശ്രദ്ധിക്കാം.

> പിന്നെ പിശാചു അവനെ വിശുദ്ധനഗരത്തിൽകൊുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി അവനോടു: നീ ദൈവപുത്രൻ എങ്കിൽ താഴത്തോട്ടു ചാടുക; നിന്നെക്കുറിച്ചു അവൻ തന്റെ ദൂതന്മാരോടു കല്പിക്കും; അവൻ നിന്റെ കാൽ കല്ലിനോടു തട്ടാത്തവണ്ണം നിന്നെ കയ്യിൽ താങ്ങിക്കൊള്ളും. എന്നു എഴുതിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. യേശു അവനോടു: നിന്റെ ദൈവമായ കർത്താവനെ പരീക്ഷിക്കരുത് എന്നും കൂടെ എഴുതിയിരിക്കുന്നു എന്നു പറഞ്ഞു. മത്തായി :4:5-7)

ദൈവം പറഞ്ഞ വാഗ്ദത്തമാണ് ഇവിടേയും പ്രതിപാദ്യം. 51-ാം സങ്കീർത്തനത്തെ ഉദ്ധരിച്ചുകൊാണ് സാത്താൻ യേശുവിനെ ശോധനചെയ്തത്. എന്നാൽ ദൈവവചനത്തെ അല്പം വളച്ചൊടിച്ചാണ് സാത്താൻ വചനം പ്രയോഗിച്ചത്.

91-ാം സങ്കീർത്തനം ഉദ്ധരിച്ചുകൊാണ് യേശു സാത്താന് മറുപടി നൽകിയത്. ദൈവം നമ്മെ സംരക്ഷിക്കും എന്നത് വസ്തുതതന്നെ എന്നാൽ ദൈവത്തെ പരീക്ഷിക്കരുത് എന്ന് എഴുതീട്ടു് എന്ന് പറഞ്ഞ് യേശു സാത്താനെ പരാജയപ്പെടുത്തി.

ഇതിൽനിന്നും നാം മനസ്സിലാക്കേ ഒരു വസ്തുത സന്ദർഭത്തിന് യോഗ്യമല്ലാത്ത രീതിയിൽ വചനത്തെ വളച്ചൊടിച്ച് വികൃതമാക്കാൻ പാടില്ല. വചനത്തിന് മറ്റു ബൈബിൾ വചനവുമായി ഒരു സംതുലനാവസ്ഥ ഉായിരിക്കം.

വചനത്തെ വളച്ചൊടിക്കുക എന്നത് ആത്മികപോരാട്ടത്തിൽ സാത്താൻ ഉപയോഗിക്കുന്ന ഏറ്റവും വലിയ തന്ത്രമാണ്. ആധുനിക ആത്മിക പോരാട്ടത്തിൽ ശക്തന്മാരായ ശുശ്രൂഷകന്മാർക്കെതിരെപോലും ഇതേ ആയുധം അവൻ ഇന്നും പ്രയോഗിച്ചുകൊിരിക്കുന്നു. കോട്ടകളെ തകർക്കുക എന്ന വചനപ്രകാരമുള്ള പ്രസ്താവന ഇതിന് ശക്തമായ ഒരു ഉദാഹരണമാണ്. എന്നാൽ സന്ദർഭോചിതമായി, അന്ധകാരശക്തികളെ

തകർക്കുക എന്നൊരർത്ഥം ഇതിനു കല്പിക്കപ്പെടുന്നില്ല.അതുകൊ് നാം ഇതു പറയുന്നതുകേൾക്കാൻ അന്ധകാരശക്തികൾ ഇഷ്ടപ്പെടുകയും വാഴ്ച കൾക്കും അധികാരങ്ങൾക്കും എതിരെ ആകാശശക്തികളെ വെല്ലുവിളിച്ച് നാം അക്രോശത്തിലൂടെ സമയത്തെ വൃഥാവാക്കുന്നത് സാത്താനും അവന്റെ സൈന്യത്തിനും സന്തോഷം നൽകുന്നു.

യേശുവിന്റെ മൂന്നാമത്തെ ശോധനയിൽ വിശുദ്ധമത്തായി തരുന്ന വിവരണം നമുക്ക് ശ്രദ്ധിക്കാം.

> പിന്നെ പിശാചു അവനെ ഏറ്റവും ഉയർന്നൊരുമലമേൽ കൂട്ടിക്കൊു പോയി ലോകത്തിലുള്ള സകല രാജ്യങ്ങളേയും അവയുടെ മഹ ത്വത്തേയും കാണിച്ചു: വീണു എന്നെ നമസ്കരിച്ചാൽ ഇതൊ ക്കെയും നിനക്കു തരാം എന്നു അവനോടു പറഞ്ഞു. യേശു അവ നോടു: സാത്താനേ, എന്നെ വിട്ടുപോ: നിന്റെ ദൈവമായ കർത്താ വിനെ നമസ്കരിച്ചു അവനെ മാത്രമേ ആരാധിക്കാവു എന്നു എഴുതി രിയിരിക്കുന്നുവല്ലോ എന്നു പറഞ്ഞു. (മത്തായി 4: 8-10).

അധികാരത്തോടു ബന്ധപ്പെട്ട ഒരു പ്രലോഭനമാണ് നാം ഇവിടെ കാണുന്നത്. യേശു സാത്താനെ ആരാധിക്കാൻ തയ്യാറായിരുന്നെങ്കിൽ, യേശു അന്ധകാരത്തിന്റെ സാമ്രാജ്യത്തിലെ രാമത്തെ അധികാരിയായിമാറുമായിരു ന്നു. രക്ഷിക്കപ്പെടാത്ത മനുഷ്യരേയും ദുരാത്മാക്കളേയും ഭരിച്ചുകൊ് സാത്താൻ കഴിഞ്ഞാൽ, യേശു തൊട്ടടുത്ത പരിമാധികാരിയായിത്തീരുമായി രുന്നു. സാത്താന്റെ പരീക്ഷയിൽ യേശു പരാജയപ്പെട്ടിരുന്നെങ്കിൽ സംഭവി ക്കാവുന്നതിനെക്കുറിച്ചുള്ള ഒരു സങ്കൽപമാണ് നാം കത്.

എന്നാൽ സാത്താന്റെ ശോധനയെ യേശു വിജയിച്ചത് ദൈവവചനം ഉപയോഗിച്ചാണ്. മൂന്നു ശോധനകളിൽ, ഓരോ ശോധനയുടേയും അന്ത്യ ത്തിൽ ഇങ്ങനെ എഴുതിരിക്കുന്നു: എന്നു യേശു ഉദ്ധരിച്ചു. നാമും ദൈവവ ചനം അറിയുകയും വിശ്വസിക്കുകയും വേണം എന്നാൽ മാത്രമേ സാത്താന്റെ കെണിയിൽ നിന്നും വഞ്ചിക്കപ്പെടാതെ നമുക്ക് രക്ഷപ്പെടുവാൻ കഴിയുകയുള്ളു. ഇതാണ് ആത്മീക പോരാട്ടം.

## യുദ്ധക്കളം
## (The Battle Ground)

ചിന്തകളെക്കൊ് നിറക്കുക എന്നതാണ് സാത്താന്റെയും അവന്റെ സൈന്യത്തിന്റേയും ഏക ശക്തിസ്രോതസ് (എന്നാൽ പരീക്ഷയെ നേരിടു വാൻ ദൈവം പോക്കുവഴിയും തന്നിരിക്കുന്നു 1 കൊരി 10:13). ഈ ചിന്ത മന സ്സിൽവച്ചുകൊ് താഴെക്കാണുന്ന വചനഭാഗങ്ങളെ നമുക്ക് പരിഗണിക്കാം.

അപ്പോൾ പത്രൊസ്: അനന്യാസേ, പരിശുദ്ധാത്മാവിനോടു വ്യാജം കാണിപ്പാനും നിലത്തിന്റെ വിലയിൽ കുറെ എടുത്തുവെപ്പാനും സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതു എന്തു? (അപ്ര 5:3).

അത്താഴം ആയപ്പോൾ പിശാചു, ശീമോന്റെ മകനായ യൂദാ ഈസ്ക യ്യോത്താവിന്റെ ഹൃദയത്തിൽ അവനെ കാണിച്ചുകൊടുപ്പാൻ തോന്നി ച്ചിരുന്നു (യോഹ 13:2).

എന്നാൽ ഭാവികാലത്തു ചിലർ വ്യാജത്മാക്കളേയും ഭൂതങ്ങളുടെ ഉപ ദേശങ്ങളേയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു (1 തിമോ 4:1).

എന്നാൽ സർപ്പം ഹവ്വയെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സു ക്രിസ്തുവിനോടുള്ള എകാഗ്രതയും നിർമ്മലതയും വിട്ടു വഷ ളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു (2 കൊരി 11:3).

പ്രാർത്ഥനക്കു അവസരമുാകാൻ ഒരു സമയത്തേക്കു പരസ്പര സമ്മത ത്തോടെ അല്ലാതെ തമ്മിൽ വേറുപെട്ടിരിക്കരുത്; നിങ്ങളുടെ അജിതേ ന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേതിനു വീും ചേർന്നിരിപ്പിൻ (1 കൊരി 7:5).

ഇതുനിമിത്തം എനിക്കു ഒട്ടും സഹിച്ചുകൂടാഞ്ഞിട്ടു പരീക്ഷകൻ നിങ്ങളെ പരീക്ഷിച്ചുവോ ഞങ്ങളുടെ പ്രയത്നം വെറുതെയായി പ്പോയോ എന്നു ഭയപ്പെട്ടു ഞാൻ നിങ്ങളുടെ വിശ്വാസത്തിന്റെ വസ്തുത അറിയേതിനു ആളയച്ചു (1 തെസ് 3:5).

ദൈവപ്രതിമയായ ക്രിസ്തുവിന്റെ തേജസ്സുള്ള സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിപ്പാൻ ഈ ലോകത്തിന്റെ ദൈവം അവിശ്വാ സികളുടെ മനസ്സു കരുടാക്കി (2 കൊരി 4:4).

ഭൂതലത്തെ മുഴുവൻ തെറ്റിച്ചു കളയുന്ന പിശാചും സാത്താനും എന്ന മഹാ സർപ്പമായ പഴയ പാമ്പിനെ ഭൂമിയിലേക്കു തള്ളിക്കളഞ്ഞു; അവന്റെ ദൂതന്മാരേയും അവനോടുകൂടെ തള്ളിക്കളഞ്ഞു (വെളി 12:9).

നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാ തകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്കകൊു സത്യത്തിൽ നില്ക്കുന്നതുമില്ല. അവൻ ഭോഷ്ക്കുപറയുമ്പോൾ സ്വന്തത്തിൽനിന്നു എടുത്തു പറയുന്നു; അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പന ും ആകുന്നു (യോഹ 8:44).

ആത്മിക പോരാട്ടത്തിന്റെ പോർക്കളം നമ്മുടെ ഹൃദയവും മനസ്സു മാണ് – ചിന്തകൾ, തെറ്റായ നിർദ്ദേശങ്ങൾ, തെറ്റായ ആശയങ്ങൾ, തെറ്റായ തത്വശാസത്രങ്ങൾ, പ്രലോഭനങ്ങൾ, വ്യത്യസ്തമായ നുണകൾ മുതലായവ

യാണ് സാത്താന്റെ ആയുധങ്ങൾ. ഈ ആയുധങ്ങളെ തടയുവാൻ വിശ്വാസിക്കു ജ്ഞാനം, വിശ്വാസം, ദൈവവചനപ്രകാരം പ്രവർത്തിക്കാനുള്ള ശക്തി ഇത്യാദികൾ ഉായിരിക്കണം.

നിങ്ങളിൽ നിന്നുാകുന്ന ഓരോ ചിന്തകളും നിങ്ങളിൽനിന്ന് ഉടലെടുക്കുന്നതായിരിക്കണമെന്നില്ലായെന്ന വസ്തുത നിങ്ങൾ അറിഞ്ഞിരിക്കണം. മനുഷ്യന്റെ മനസ്സിൽ സാത്താന്റെ ചിന്തകളെ നിറയ്ക്കുവാൻ അവൻ പല മാദ്ധ്യമങ്ങളേയും കരുക്കളായി ഉപയോഗിക്കും. വർത്തമാനപത്രങ്ങൾ, ബുക്കുകൾ, ടെലിവിഷൻ, മാഗസിൻ, റേഡിയോ, സുഹൃത്തുക്കൾ, അയൽവാസികൾ, പ്രസംഗകർ പോലും സാത്താന്റെ മാദ്ധ്യമങ്ങളായി പ്രവർത്തിക്കും. അപ്പോസ്തലനായ പത്രോസ്പോലും ഒരിക്കൽ സാത്താന്റെ വക്താവായി പ്രവർത്തിച്ചതുകൊ് യേശുവിൽനിന്നു ശകാരം കേൾക്കേിവന്നു.

സാത്താനെ എന്നെ വിട്ടുപോ, നീ എനിക്ക് ഇടർച്ചയാകുന്നു; നീ ദൈവത്തിന്റേതല്ല മനുഷ്യരുടേതത്രേ കരുതുന്നതു എന്നു പറഞ്ഞു (മത്താ 16:23).

സാത്താൻ മനുഷ്യമനസ്സുകളിൽ നേരിട്ടു പ്രവർത്തിക്കും അതിനുമറ്റൊരു മാനുഷികമാദ്ധ്യമം ആവശ്യമില്ല. എല്ലാ വിശ്വാസികളും ചിലപ്പോൾ ഈ പീഢനത്തിന് വിധേയമാകാം. അപ്പോൾ പോരാട്ടം ആരംഭിക്കും.

ഒരിക്കൽ ഒരു ക്രിസ്തീയ സഹോദരി എന്നോടു ഒരു പ്രശ്നം പങ്കുവെയ്ക്കുവാൻ വന്നു. അവൾ പ്രാർത്ഥിക്കുവാൻ തുടങ്ങുമ്പോൾ വ്യാജമായ ചിന്തകളും ഭോഷ്ക്കിന്റെ വചനങ്ങളും അവളുടെ മനസ്സിൽനിറയുന്നു എന്നവൾ പറഞ്ഞു. അവൾ എന്റെ സഭയിലെ ദയയും, വിശ്വസ്തതയും ഉള്ള, കർത്താവിനായി വേർതിരിക്കപ്പെട്ട ഒരു  സ്ത്രീയായിരുന്നു, എന്നാൽ അവളിൽ ഇങ്ങനെയുള്ള ഒരു വലിയ ദോഷം ഉായിരുന്നു.

അവളുടെ പ്രാർത്ഥനാജീവിതത്തെ നശിപ്പിക്കാൻ പിശാച്കൊുവന്ന ദുഷ്ടചിന്തയാണ്, സ്വമേധയാ അവളുടെ മനസ്സിൽ നിന്നുയരുന്ന അവളുടെ ചിന്തയല്ലാ അത് എന്നു ഞാൻ അവളോടു പറഞ്ഞു. അവളുടെ ഉള്ളിൽ അങ്ങനെയുള്ള ചിന്തകൾ നിറയുന്നതുകൊ് അവൾ പ്രാർത്ഥിക്കുന്ന സ്വഭാവം തല്ക്കാലം നിർത്തിവച്ചിരിക്കുകയാണെന്ന് അവൾ എന്നോടു പറഞ്ഞു. അവൾ പ്രാർത്ഥന നിർത്തിയപ്പോൾ സാത്താൻ വിജയിച്ചു.

പ്രാർത്ഥന പുനരാരംഭിക്കാൻ ഞാൻ അവളെ പ്രോത്സാഹിപ്പിച്ചു. ഭോഷ്ക്കിന്റെ ചിന്തകൾ മനസ്സിൽ വരുന്നെങ്കിൽ, ദൈവവചനംകൊ് അതിനോടു പോരാടുവാൻ ഞാൻ ഉപദേശിച്ചു. യേശു കേവലം ഒരു ....... മാത്രമാണ് എന്ന ഒരാലോചന അവളിൽ വരുന്നെങ്കിൽ, അല്ല, യേശു ദൈവപുത്രനാണ് എന്ന് പറയണമെന്ന് ഞാൻ അവളോടു പറഞ്ഞു. യേശുവിനെ താഴ്ത്തുന്ന ഒരു ചിന്ത മനസ്സിൽ വന്നാൽ അതിനെ സ്തുതിയുടെ വാക്കുകൊ് തിരുത്തി പറയണമെന്ന് ഞാൻ പറഞ്ഞു.

തെറ്റായ ചിന്തകൾ അവളിൽ ഉാകുമെന്ന ഭയം അവളിൽ വിശ്വാസ ത്തിന്റെ ശൂന്യത സൃഷ്ടിക്കുകയായിരുന്നു. ഭയം എന്നത് സാത്താനിലുള്ള വിശ്വാസത്തിന്റെ പ്രതികരണമാണ്. എന്തിനെയെങ്കിലുംകുറിച്ച് ചിന്തിക്കാതി രിക്കാൻ ശ്രമിക്കുക. എന്തിനെക്കുറിച്ചെങ്കിലും ഞാൻ ചിന്തിച്ചുകൊിരിക്കില്ലാ യെന്ന് നമുക്ക് ചിന്തിക്കാവുന്നതാണ്.

ഉദാഹരണത്തിന്, നിങ്ങളുടെ വലതുകരത്തെക്കുറിച്ച് നിങ്ങൾ ചിന്തി ക്കരുത്. എന്ന് ഞാൻ നിങ്ങളോടു പറഞ്ഞാൽ നിങ്ങൾ പെട്ടെന്നുതന്നെ നിങ്ങ ളുടെ വലതകരത്തെക്കുറിച്ച് ചിന്തിക്കും. എന്നെ അനുസരിക്കാൻ ശ്രമിക്കും തോറും നിങ്ങളിൽ അത് പ്രതികൂലമായ പ്രതികരണം സൃഷ്ടിച്ചുകൊയേിരി ക്കും. നിങ്ങളുടെ വലതുകരത്തെക്കുറിച്ച് ചിന്തിക്കാതിക്കാൻ ഒരു വഴിയെ യുള്ളു നിങ്ങൾ മറ്റെന്തെങ്കിലും ചിന്തിക്കുക, ഉദാഹരണത്തിന് നിങ്ങളുടെ ഷൂസിനെക്കുറിച്ച് ചിന്തിക്കുക. നിങ്ങളുടെ മനസ്സിൽ ഷൂസിനെക്കുറിച്ചുള്ള ചി ന്തനിറഞ്ഞാൽപിന്നെ അവിടെ കരത്തെക്കുറിച്ച് നിങ്ങൾ ചിന്തിക്കില്ല. വേദപു സ്തകം നമ്മെ പ്രബോധിപ്പിക്കുന്നതുപോലെ ഞാൻ ആ സ്ത്രീയോടു ഭയ പ്പെടേ എന്നു പറഞ്ഞു. ദൈവവചനത്തിന് എതിരായി ഒരു ചിന്ത അവളുടെ മനസ്സിൽ ഉാകുന്ന നിമിഷം, ദൈവവചനത്തിന്റെ വാഗ്ദത്തം അവളുടെ ഹൃദ യത്തിൽ നിറയും ദൈവവചനത്തെ ഹൃദയത്തിൽനിന്ന് ചോർത്തിക്കളയു മ്പോൾ അതിന്റെ ഇരട്ടിവചനങ്ങൾ ശക്തിയോടെ അവളുടെ ഹൃദയത്തിൽ നിറയ്ക്കാൻ ഞാൻ അവളെ ഉപദേശിച്ചു.

എന്റെ ഉപദേശത്തെ അനുസരിച്ച അവളുടെ ജീവിതത്തിൽ വലിയ മാറ്റം വരുവാൻ തുടങ്ങി. അവളുടെ പ്രശ്നത്തിന് പൂർണ്ണപരിഹാരം ലഭിച്ചു. അവൾ വിജയിച്ചു. അവൾ വചനാടിസ്ഥാനത്തിലുള്ള ആത്മിക പോരാട്ട ത്തിൽ വിജയിച്ചു.

പലസഭകളിലും ഈ പ്രശ്നം സർവ്വസാധാരണമാണെന്ന് അറിയു വാൻ കഴിഞ്ഞു. ഞാൻ നടത്തിയ സർവ്വേയിൽ ഒരു സത്യം എനിക്ക് ബോദ്ധ്യമായി, ഒരിക്കലെങ്കിലും ഈ ചിന്തകളാൽ പലമനസ്സുകളും ഭാര പ്പെട്ടിട്ട്. പ്രാർത്ഥിക്കുമ്പോൾ അവരുടെ മനസ്സിൽ ഭോഷ്കിന്റെ ചിന്തനിറ ഞ്ഞുനിന്നിരുന്നു എന്നറിയാൻ കഴിഞ്ഞു.

## നിങ്ങൾ കേൾക്കുന്നത് ശ്രദ്ധിക്കുക
## (Take Care What You Listen to)

നമ്മുടെ മനസ്സിനെ ആക്രമിക്കുന്നതിൽനിന്നും സാത്താനെ തട യാൻ നമുക്ക് കഴിയുകയില്ലാ എന്നാൽ അവന്റെ ചിന്തകളെ നമ്മുടെ ചിന്തക ളായി ഏറ്റെടുക്കാതിരിക്കാൻ നമുക്ക് കഴിയും. നമുക്ക് സാത്താന്റെ അശയങ്ങ ളേയോ, നിർദ്ദേശങ്ങളേയോ ഉൾക്കൊള്ളേകാര്യമില്ല. ആകാശത്തിൽ പറ

ക്കുന്ന പക്ഷിയെ തടയാൻ നിനക്കു കഴിയുകയില്ലായിരിക്കും. എന്നാൽ ആ പക്ഷികൾ നിന്റെ തലയിൽ കൂടുകൂട്ടുന്നതിൽനിന്ന് നിനക്ക് അതിനെ തടയാൻ കഴിയും.

നമ്മുടെ മനസ്സിനെ ഒരിക്കലും ദൈവികവിരുദ്ധമായ സ്വാധീനങ്ങൾക്ക് വിധേയപ്പെടുത്തരുത്. ഒരു മണിക്കുറിലധികം ടെലിവിഷന് മുമ്പിൽ ഇരിക്കുമ്പോഴും ന്യൂസ്പേപ്പർ വായിക്കുമ്പോഴും നമ്മുടെ ചിന്തകളെ നിയന്ത്രിക്കുവാൻ നാം സാത്താനെ മാടിവിളിക്കുകയാണെന്ന് മറന്നു പോകരുത്. വിതയ്ക്കുന്നവന്റേയും നിലത്തിന്റേയും ഉപമ പറഞ്ഞശേഷം യേശു മുന്നറിയിപ്പുനൽകി നിങ്ങൾ കേൾക്കുന്നതു എന്തു എന്നു സൂക്ഷിച്ചുകൊൾവിൻ (മർക്കോ 4:24). ഭോഷ്ക്കിനു വിധേയപ്പെടുത്തി സാത്താൻ അവന്റെ വിത്തുകൾ ഹൃദയത്തിലും മനസ്സിലും വിതച്ച് നാശം കൊയ്യാൻ ശ്രമിച്ചുകൊിരിക്കുന്നു. ആ വിത്തുകൾ വളർന്ന് മുള്ളും പറക്കാരയും ആകാം, അവസാനം അത് നമ്മുടെ ഹൃദയത്തിൽനിന്നു ദൈവവചനത്തെ ഛേദിച്ചുകളയാൻ ഇടയാകും (മർക്കോ 4:7, 18–19).

## പത്രോസ് ആത്മിക പോരാട്ടത്തിൽ
## (Peter on Spiritual Warfare)

> നിർമ്മദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേ്ു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു. ലോകത്തിൽ നിങ്ങൾക്കുള്ള സഹോദരവർഗ്ഗത്തിന്നു ആ വക കഷ്ടപ്പാടുകൾ തന്നേ പൂർത്തിയായി വരുന്നു എന്നറിഞ്ഞു വിശ്വാസത്തിൽ സ്ഥിരമുള്ളവരായി അവനോടു എതിർത്തു നില്പിൻ (1 പത്രൊ 5:8–9).

''നാം ആക്രമിക്കുന്നവരല്ല പ്രതിരോധിക്കുന്നവരാണ്.'' നമ്മെക്കുറിച്ച് പത്രോസ് പറയുന്നു. സാത്താൻ ഊടാടി സഞ്ചരിച്ചുകൊിരിക്കുന്നു, അവൻ നമുക്ക് പിന്നാലെ തക്കം പാർത്തു കറങ്ങി നടക്കുന്നു, നാം അവനെത്തേടി നടക്കുകയല്ല. അവൻ നമ്മെത്തേടിനടക്കുകയാണ്. നമ്മുടെ ജോലി ആക്രമിക്കുകയല്ല പ്രതിരോധിക്കുകയാണ്.

രാമതായി, സാത്താൻ അലറുന്ന സിംഹംപോലെ ആരെ വിഴുങ്ങേ്ു എന്നു നോക്കി നടക്കുകയാണ്. വിശ്വാസികളെ അവന് എങ്ങനെ വിഴുങ്ങുവാൻ കഴിയും. സിംഹത്തെപ്പോലെ സാത്താൻ മാംസം കടിച്ചുകീറി തിന്നുമെന്നാണോ ഇതിന്റെ അർത്ഥം? ഒരിക്കലുമല്ല. സാത്താൻ വിശ്വാസിയെ വിഴുങ്ങുന്നത് എങ്ങനെയാണ്? ഭോഷ്ക്കുവിശ്വസിക്കുവാൻ പ്രേരിപ്പിച്ച് വിശ്വാസത്തെ വിഴുങ്ങിക്കളയുകയാണ് സാത്താൻ ചെയ്യുന്നത്. വിശ്വാസം നഷ്ടപ്പെട്ടാൽ വിശ്വാസിക്ക് നിലനിൽക്കാൻ കഴിയുകയില്ല.

മൂന്നാമതായി നമ്മുടെ വിശ്വാസം കൊ് ശത്രുവിനോടു എതിർത്തുനില്ക്കണമെന്ന് പത്രോസ് നമ്മോടു പറയുന്നു. നമ്മുടെ പോരാട്ടം ജഢീകമല്ല, മുഷ്ടിചുരുട്ടി അന്തരീക്ഷത്തിൽ വീശി നമുക്ക് സാത്താനെ നേരിടാൻ സാദ്ധ്യ

മല്ല. അവൻ നമ്മെ ഭോഷ്ക്കുകൊ് ആക്രമിക്കുമ്പോൾ നാം അവനെ വിശ്വാസംകൊു നേരിടണം. വിശ്വാസത്തിന്റെ സ്രോതസ്സായ ദൈവവചനം വിവിധങ്ങളായ ആയുധങ്ങളായി അവരെ ചെറുത്തു നിൽക്കാൻ നമ്മെ സാഹായിക്കും. അതൊരു ആത്മിക പോരാട്ടം തന്നെയാണ്.

പീഡനത്തിന്റെ നീർച്ചുഴിയിൽ ആയിരിക്കുന്ന ഒരു ദൈവപൈതൽ തന്റെ വിശ്വാസത്തെ ത്യജിച്ചുകളയാൻ പ്രേരിപ്പിക്കപ്പെട്ടുകൊയേിരിക്കും. നാം പ്രതികൂലത്തിന്റെ ചുറ്റുപാടുകളിൽ ആയിരിക്കുമ്പോൾ സാത്താൻ നമ്മെ സംശയം, നുണ ഇത്യാദി ആയുധംകൊ് മുറിവേൾപിച്ചുകൊയേിരിക്കും. അപ്പോഴാണ് നാം ഉറച്ചു നിൽക്കേത്. ആ ദുർദിനത്തിലാണ് പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനിൽപ്പാൻ കഴിയേതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചു ഉറച്ചുനിൽക്കേത് (എഫേ 6:11).

## യാക്കോബ് ആത്മിക പോരാട്ടത്തിൽ
## (James on Spiritual War)

അപ്പോസ്തലനായ യാക്കോബ് തന്റെ ലേഖനത്തിൽ ആത്മിക പോരാട്ടത്തെക്കുറിച്ച് ചെറിയൊരു വിവരണം തരുന്നു. വിശ്വാസികളുടെ പ്രാർത്ഥനയുടെ ഫലമായിട്ടാണോ ദൂതന്മാർ അവർക്കുവേി പോരാടാൻ തയ്യാറാകുന്നത്? അല്ല.

ആസക്തിയുടേയും വെറുപ്പിന്റേയും മദ്യപാനത്തിന്റേയും അത്മാക്കളെ പട്ടണത്തിൽനിന്ന് ഓടിക്കുവാൻ യാക്കോബ് വിശ്വാസികളോട് ആവശ്യപ്പെട്ടുവോ? ഇല്ല. പട്ടണത്തിന്റെ ഭൂമിശാസ്ത്രം നന്നായി പഠിച്ച് ഏതുതരം അന്ധകാരശക്തിയാണ് പട്ടണത്തെ ഭരിക്കുന്നതെന്ന് വിവേചിച്ചറിയാൻ യാക്കോബ് ആവശ്യപ്പെട്ടുവോ? ഇല്ല.

''യാക്കോബ്അപ്പോസ്തലൻ വചനാടിസ്ഥാനത്തിലുള്ള ആത്മീയ പോരാട്ടത്തിൽ വിശ്വസിച്ചിരുന്നതുകൊ് ഇങ്ങനെ എഴുതി ആകയാൽ നിങ്ങൾ ദൈവത്തിന് കീഴടങ്ങുവിൻ പിശാചിനോട് എതിർത്തു നിൽപ്പിൻ എന്നാൽ അവൻ നിങ്ങളെവിട്ട് ഓടിപ്പോകും'' (യാക്കോ 4:7).

ആക്രമണമല്ല, പ്രതിരോധമാണ് വിശ്വാസിയുടെ ധർമ്മം. എതിർത്തുനിൽക്കുമ്പോൾ സാത്താൻ നമ്മെ വിട്ടോടിപ്പോകും. സാത്താന്റെ ഭോഷ്ക്കിനെ വിശ്വസിക്കാത്ത അവന്റെ നിർദ്ദേശത്തെ സ്വീകരിക്കാത്ത, അവന്റെ പ്രേരണയ്ക്ക് കീഴ്പ്പെടാത്ത ഒരു വിശ്വാസിയിൽ സാത്താന് പ്രവർത്തിക്കാൻ കഴിയുകയില്ല.

ദൈവത്തിനും അവന്റെ വചനത്തിനും കീഴ്പ്പെട്ടിരിക്കുവിൻ എന്ന് യാക്കോബ് അപ്പോസ്തലൻ ആഹ്വാനം ചെയ്യുന്നു. ദൈവവചനത്തിന് കീഴ്പ്പെടുമ്പോഴാണ് നാം ദൈവത്തിന് കീഴ്പ്പെടുന്നത്. സാത്താനോടെ തിർത്തുനിൽക്കാനുള്ള ശക്തിയുടെ സ്രോതസ്സ് ദൈവവചനത്തോടുള്ള കീഴ്പ്പെടലാണ്.

## യോഹന്നാൻ ആത്മിക പോരാട്ടത്തിൽ
## (John on Spiritual Warfare)

യോഹന്നാൻ അപ്പോസ്തലനും ആത്മികപോരാട്ടത്തെക്കുറിച്ച് തന്റെ ലേഖനത്തിൽ പ്രതിപാദിച്ചിട്ടു്. ഉന്നതങ്ങളിലേക്കുകയറി സാത്താന്റെ കോട്ട കളെ തകർക്കുവാനാണോ യോഹന്നാൻ പറഞ്ഞത്? അല്ല. കോപത്തിന്റെ ആത്മാവ് ബാധിച്ച ഒരു വിശ്വാസിയിൽനിന്ന് ആ ദുരാത്മാവിനെ പുറത്താക്ക ണമെന്നാണോ യോഹന്നാൻ പറഞ്ഞത്? അല്ല.

യോഹന്നാനും പത്രോസും, യാക്കോബും നിർദ്ദേശിച്ചത് ഒരു പ്രതി വിധിയാണ്. അതായത് വചനപ്രകാരമുള്ള ആത്മീക പോരാട്ടത്തിൽ വിശ്വ സിച്ച് ഉറച്ചുനിൽക്കുക. യോഹന്നാന്റേയും ഉപദേശം അതുതന്നെ.

> പ്രിയമുള്ളവരെ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറ പ്പെട്ടിരിക്കയാൽ ഏതു ആത്മാവിനേയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്നു ശേധന ചെയ്‌വിൻ. ദൈവാത്മാ വിനെ ഏതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽവന്നു എന്നു വിശ്വസിക്കുന്ന ആത്മാവൊക്കേയും ദൈവത്തിൽനിന്നുള്ളതു. യേശു വിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽനിന്നുള്ളത ല്ല. അതു എതിർക്രിസ്തുവിന്റെ ആത്മാവു തന്നേ; അതു വരും എന്നു നിങ്ങൾ കേട്ടിട്ടുല്ലോ; അത് ഇപ്പോൾതന്നെ ലോകത്തിൽ ഉ്. കുഞ്ഞു ങ്ങളെ നിങ്ങൾ ദൈവത്തിൽനിന്നുള്ളവർ ആകുന്നു; അവരെ ജയിച്ചുമി രിക്കുന്നു. നിങ്ങളിലുള്ളവൻ ലോകത്തിൽ ഉള്ളവനെക്കാൾ വലിയവന ല്ലോ. അവർ ലൗകികന്മാർ ആകയാൽ ലൗകികമായതു സംസാരി ക്കുന്നു; ലോകം അവരുടെ വാക്കു കേൾക്കുന്നു. ഞങ്ങൾ ദൈവ ത്തിൽനിന്നുള്ളവരാകുന്നു; ദൈവത്തെ അറിയുന്നവൻ ഞങ്ങളുടെ വാക്കു കേൾക്കുന്നു. ദൈവത്തിൽനിന്നല്ലാത്തവൻ ഞങ്ങളുടെ വക്കു കേൾക്കുന്നില്ല. സത്യത്തിന്റെ ആത്മാവു ഏതു എന്നും വഞ്ചനയുടെ ആത്മാവു ഏതു എന്നും നമുക്ക് ഇതിനാൽ അറിയാം.(1 യോഹ 4:1-6)

യോഹന്നാന്റെ വിശദീകരണം സാത്താന്റെ ഭോഷ്കിനും ദൈവ ത്തിന്റെ സത്യവചനത്തിനും ചുറ്റിപ്പറ്റിയാണ്. ആത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയാണോ എന്ന് നാം ശോധനചെയ്യണം; ആ ശോധന സത്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം. യേശു ക്രിസ്തു ജഡ ത്തിൽവന്നു എന്ന് ദുരാത്മാക്കൾ സമ്മതിക്കയില്ല. അവർ ഭോഷ്ക് പറയുന്നവ രാണ്.

നാം ദുരാത്മാക്കളെ അതിജീവിച്ചിരിക്കുന്നു. വെളിച്ചത്തിന്റെ സാമ്രാ ജ്യത്തിലെ ഒരു പൗരൻ അന്ധകാരത്തിന്റെ അധീനതയിലല്ല. വലിയവനാ കുന്ന യേശു നമ്മുടെയുള്ളിൽ വസിക്കുന്നു. ഒരുവന്റെയുള്ളിൽ ക്രിസ്തുവസി ക്കുന്നവെങ്കിൽ അവൻ ദുരാത്മാക്കളെ ഭയപ്പെടുകയില്ല.

ലോകം ദുരാത്മാക്കൾക്കു ചെവിചായ്ക്കുന്നു. അന്ധകാരശക്തികൾ മനുഷ്യമനസ്സിൽ ഭോഷ്ക്ക് നിറയ്ക്കുന്നു.

ക്രിസ്തുവിന്റെ അണികൾ സാത്താന്റെ ഭോഷ്ക്കിന്റെ വചനം ശ്രദ്ധിക്കാതെ ദൈവത്തിന്റെ വചനത്തിന് കാതോർക്കുന്നു; സത്യവചനം ഗ്രഹിക്കുന്നു. വചനം ജീവനം ശക്തിയുമായി മാറുന്നു.

ഭോഷ്ക്കുവിശ്വസിക്കുവാൻ പ്രേരിപ്പിക്കുകയാണ് സാത്താന്റെ തന്ത്രം. സത്യം അറിയുകയും വിശ്വസിക്കുകയും ചെയ്താൽ സാത്താന് നമ്മെ പരാജയപ്പെടുത്താൻ സാദ്ധ്യമല്ല. വചനപ്രകാരമുള്ള ആത്മികപോരാട്ടത്തിന് വചനത്തിന്റെ കലവറയിൽനിന്ന് ഉചിതമാകുന്ന ആയുധങ്ങൾ ലഭിച്ചുകൊിരിക്കും.

## വിശ്വാസമാണ് താക്കോൽ
## (Faith is the Key)

ആത്മികപോരാട്ടത്തിൽ വിജയിക്കാൻ ദൈവവചനം അറിഞ്ഞാൽ മാത്രം പോരാ. ദൈവം പറഞ്ഞത് യഥാർത്ഥത്തിൽ വിശ്വസിക്കുക എന്നതാണ് വിജയത്തിന്റെ താക്കോൽ. സാത്താനോടെതിർത്തുനിൽക്കാനും അവനെ ഓടിക്കുവാനും ഇതാവശ്യമാണ്. ഉദാഹരണത്തിന് ദുരാത്മാക്കളെ ഓടിക്കുവാൻ യേശു തന്റെ ശിഷ്യന്മാർക്കുനൽകിയ അധികാരത്തെ നമുക്കു വീും ചിന്തിക്കാം.

ചന്ദ്രരോഗം[99] ബാധിച്ച ഒരു ബാലനിലുള്ള ദുരാത്മാവിനെ ഓടിക്കുവാൻ അവർക്കു കഴിഞ്ഞില്ല. പരാജിതരായ ശിഷ്യന്മാരെ നോക്കി യേശു പറഞ്ഞു അവിശ്വാസവും കോട്ടവുമുള്ള തലമുറയേ, എത്രത്തോളം ഞാൻ നിങ്ങളോടു കൂടെ ഇരിക്കും?

യേശുവിനെ വേദനിപ്പിച്ചത് അവരുടെ അവിശ്വാസമാണ്. തന്റെ ശിഷ്യന്മാർ യേശുവിനോട് ദുരാത്മാവിനെ പുറത്താക്കുവാൻ കഴിയാതെ പ ായത് എന്തുകൊാണെന്ന് ചോദിക്കുമ്പോൾ യേശു ഉത്തരം പറഞ്ഞു നിങ്ങളുടെ അല്പവിശ്വാസംനിമിത്തമത്രേ (മത്താ 17:20) ശിഷ്യന്മാർക്കു ലഭിച്ച അധികാരം പ്രവൃത്തിപഥത്തിൽ എത്താതിരുന്നതിന്റെ കാരണം അവരുടെ വിശ്വാസക്കുറവായിരുന്നു.

ദൈവവചനത്തിലുള്ള വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് സാത്താനോടെതിർത്തു നിൽക്കാനും അതിനെപുറത്താക്കാനും നമുക്ക് കഴിയുന്നത്. ദൈവം പറഞ്ഞതിനെ യഥാർത്ഥത്തിൽ വിശ്വസിച്ചാൽ നാം അതുപോലെ സംസാരിക്കുകയും അതുപോലെ പ്രവർത്തിക്കുകയും ചെയ്യും. ഓടുന്നവന്റെ പിന്നാലെ നായ് പിൻപറ്റി അവനെ ഓടിക്കും, സാത്താനും ഇതുപോലെ തന്നെയാണ്. നിങ്ങൾ പേടിച്ചോടിയാൽ സാത്താൻ നിങ്ങളെ പേടി

[99] . എപ്പിലെപ്സി എന്ന രോഗം യഥാർത്ഥത്തിൽ പിശാചിനാൽ ബാധിക്കപ്പെട്ടതാണോ യെന്ന് നാം ഉറപ്പുവരുത്തണം

പ്പിച്ച് ഓടിക്കും. നിങ്ങൾ എതിർത്തു വിശ്വാസത്തിൽ ഉറച്ചുനിന്നാൽ സാത്താൻ നിങ്ങളെ വിട്ട് ഓടിപ്പോകും (യാക്കോ 4:7).

ശിഷ്യന്മാർക്കു ബാലനിലുള്ള ദുരാത്മാവിനെ ഓടിക്കുവാൻ കഴിയാതിരുന്നതിന്റെ കാരണം അവരുടെ അവിശ്വാസം തന്നെയാണ്. ദുരാത്മാവ് ബാധിച്ച ബാലനിൽ ഭൂതം വരുമ്പോൾ അതവനെ തള്ളിയിട്ട് പിടപ്പിച്ചു (ലൂക്കോ 9:42). ആത്മാവ് അവനെ ഇഴച്ച് നിലത്തുവീണ് നുരച്ചുരുു (മർക്കോ 9:20) ദുരാത്മാവ് കാട്ടിയ ഈ വിക്രിയകൾ ശിഷ്യന്മാരുടെ മുൻപിലാണ് കാട്ടിയിരുന്നതെങ്കിൽ ശിഷ്യന്മാരുടെ വിശ്വാസം ഭയമായിമാറുമായിരുന്നു. അവരുടെ കൺമുൻപിൽ ക കാഴ്ചകൾ അവരെ നിശ്ചലരാക്കുമായിരുന്നു.

വിശ്വാസമുള്ള ഒരുവൻ താൻ കാണുന്നത് വിശ്വാസത്തിന് എതിരായിട്ടുള്ളതാണെങ്കിലും അത് അവനെ ചലിപ്പിക്കയില്ല. ദൈവം പറഞ്ഞത് അവൻ വിശ്വസിക്കുകതന്നെ ചെയ്യും. കാഴ്ചയാലെയല്ല വിശ്വാസത്താലെയാണ് ഒരു ദൈവപൈതൽ നടക്കുന്നത് (2 കൊരി 5:7). ദൈവം ഭോഷ്കുപറയുകയില്ല (തിത്തോസ് 1:2). ചുറ്റുപാടുകൾ എതിരാണെങ്കിൽ പോലും ദൈവം പറഞ്ഞത് വിശ്വസിക്കയും ആ വിശ്വാസത്തിൽ ഉറച്ചു നിൽക്കുകയും വേണം.

ദുരാത്മാവ് ബാധിച്ച ബാലനെ അല്പനിമിഷത്തിനുള്ളിൽ യേശു സൗഖ്യമാക്കി. വിശ്വാസമുങ്കെിൽ വിലപിക്കേ കാര്യമില്ല. സാത്താനെ പുറത്തുവാ എന്ന് യേശു ആവർത്തിച്ചു. ആജ്ഞാപിച്ചില്ല. ആജ്ഞാപിക്കുന്നത് ആവർത്തിച്ചാൽ അത് സംശയത്തിന് പ്രവേശനം അനുവദിക്കുകയാണ്.

## രത്നചുരുക്കം
## (In Summary)

ശിഷ്യന്മാരെ നേടുവാനാഗ്രഹിക്കുന്ന ഒരു ശുശ്രൂഷകൻ തന്റെ അനുഭവത്തിലൂടേയും വാക്കുകളിലൂടേയും ആത്മിക പോരാട്ടത്തിലൂടേയും തന്റെ ശിഷ്യന്മാരെ സാത്താന്റെ പദ്ധതികൾക്കെതിരെ ഉറച്ചുനിൽക്കാനും ദൈവത്തിന്റെ കൽപനകളെ പ്രമാണിക്കാനും പഠിപ്പിക്കുന്നു. തന്റെ ശിഷ്യന്മാരെ ഒരിക്കലും ഈ ശുശ്രൂഷകൻ കറങ്ങുന്ന തത്വസംഹിതയിൽ അകപ്പെടാനോ വചനാധിഷ്ഠിതമല്ലാത്ത ആത്മികപോരാട്ടത്തെ പിൻ പറ്റാനോ അനുവദിക്കയില്ല. വചനത്തിനെതിരായി രൂപപ്പെടുന്ന എല്ലാ പരിഷ്കാരങ്ങളും സാത്താന്റെ പരീക്ഷണശാലയിലെ ഉല്പന്നങ്ങളാണ്. അത് ഒരുവനെ നാശത്തിലേക്ക് നയിക്കുകയേഉള്ളു. വിജയം വചനത്തിന്റെ അന്തിമലക്ഷ്യമാണ്.